# ചൈനയിൽ നിന്ന്

ഒന്നാംഭാഗം

4226

1204

X

No:- 4226

# ചൈനയിൽനിന്നു്

ഒന്നാംഭാഗം

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

—അന്നാ ലൂയി സ്ട്രോങ്ങ്.

M910

കൊച്ചിയിലെ
ആദ്യത്തെ രക്ത
സാക്ഷിയായ സ:
എം. ജി. വേലാ
യുധൻെറ പാ
വന സ്മരണക്ക്.

ഇതിനൊക്കെ പ്രതികാരം
ചെയ്യാതടങ്ങുമോ
പതിതരെ, നിങ്ങഠം തൻ
പിൻമുറക്കാർ

—ചങ്ങമ്പുഴ

KOTTAYAM * KALATHIKAL BAZAAR

അനുവാദകൻ:

കെ. കെ. വാരിയർ


പ്രസാധകന്മാർ:
വിജയ പ്രിണ്ടിങ് & പബ്ലിഷിങ് ഹൗസ്,
ഇരിഞ്ഞാലക്കുട.

കോപ്പി 1000. **1948** വില 1 ക. 4 ണ.

No. 4226



ചൈനാ കമ്യൂണിസ്റ്റ് പാർട്ടി നേതാവ്
സഖാവ്: മാവോ_സേ_തുങ്.

# ഭൂമി കൃഷിക്കാർക്ക്

"അവസാനവിജയത്തെപ്പററി വല്ല ആശങ്കയുമുണ്ടോ" എന്നു ഞാൻ ഒരിക്കൽ മാവോ-സേ-തുങ്ങിനോടു ചോദിക്കുകയുണ്ടായി. അതിന്നദ്ദേഹം സൈനികവിവരങ്ങളല്ല പ്രതിപാദിച്ചതു്. അദ്ദേഹം പറഞ്ഞു: "ഭൂപരിഷ്കരണം എത്രത്തോളം ശരിയായി നടപ്പാക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ച്യാങ്ങ് കായ്ഷെക്ക പരാജയപ്പെടുകയേയുള്ളു. കാരണം അദ്ദേഹം കൃഷിക്കാരുടെ ആവശ്യങ്ങൾക്കെതിരായി പോകുന്നു. ഞങ്ങൾക്ക്, കമ്യൂണിസ്റ്റ്കാൎക്ക്, ഭൂപ്രശ്നത്തിന്നു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞാൽ ഞങ്ങൾ വിജയിക്കതന്നെ ചെയ്യും".

ക്രിസ്താബ്ദം 21-ാമാണ്ടിൽ വാണിരുന്ന പുരോഗമനവാദിയായ വാങ്ങ്-മാങ്ങ് ചക്രവത്തിയുടെ കാലം മുതൽ സൺ-യാററ്-സെന്നിന്റേതായ ഇന്നത്തെ കാലഘട്ടംവരെ ചൈനയിൽ ഭൂമി കൃഷിക്കാൎക്ക് കിട്ടാൻവേണ്ടി പുരോഗമനവാദികളായ രാഷ്ട്രീയചിന്തകന്മാരെല്ലാം പല വഴിക്കും പരിശ്രമങ്ങൾ നടത്തീട്ടുണ്ട്.

1924ൽ കാമിന്താങ്ങ് അതിൻെറ പരിപാടിയിൽ "ഭൂമി കൃഷിക്കാക്ക്" എന്നു എഴുതിച്ചേർത്തു. അങ്ങിനെ നേടിയ വമ്പിച്ച കർഷകപിൻബലത്തോടെ കാമിന്താങ്ങിനു വിജയങ്ങളുമുണ്ടായി. അന്നും ച്യാങ്ങ് കൃഷിക്കാരുടെ സംഘടനകളെ തച്ചുതകർക്കുകയും ജന്മികളെ തൻെറ നാട്ടിൻപുറത്തെ ഏജൻറുമാരാക്കുകയും ചെയ്തുവന്നെങ്കിലും "ഭൂമി കൃഷിക്കാക്കെ"ന്ന നയം ഔദ്യോഗികമായി തള്ളാൻ അദ്ദേഹം ധൈര്യപ്പെട്ടില്ല; അതു നടപ്പാക്കാൻ കൂട്ടാക്കിയില്ലെന്നു മാത്രം.

ആശിക്കാവുന്നതായ ഏതൊന്നിനും നിദാനം "ഭൂമി കൃഷിക്കാക്ക്" എന്ന പരിപാടിയാണെന്നു കമ്യൂണിസ്റ്റുകാർ മനസ്സിലാക്കി. സാമ്പത്തികപുരോഗതിക്കായാലും അങ്ങേയററം പാഠശാലകൾ വികസിപ്പിക്കാനായാലും ശരി. രണ്ടായിരം കൊല്ലത്തോളം ചക്രവർത്തികൾ പരാജയപ്പെട്ട ഇക്കാര്യത്തിൽ കമ്യൂണിസ്റ്റുകാർ വിജയിക്കുന്നുണ്ടെങ്കിൽ അതിന്നു കാരണം അവർ നിയമനിർമ്മാണംകൊണ്ടും കാട്ടിക്കൂട്ടൽകൊണ്ടും തൃപ്തിയടയുന്നില്ല എന്നതാണ്. ഭൂമി പിടിച്ചെടുക്കാനും ആ പദ്ധതി പ്രായോഗികമാക്കാനും അവർ കൃഷിക്കാരെ ഉണർത്തിവിടുന്നു.

ഓരോ സംഘടകനോടും ഉപദേശിക്കുന്നതിതാണ്: "ഭൂമി കൃഷിക്കാക്കു കൊടുക്കുക എന്ന തെററ് ചെയ്തുപോകരുതേ. കമ്യൂണിസ്റ്റുകാർ കുറച്ചുപേരെയുള്ളു. ഭൂമി കൈമാററിക്കൊടുക്കാനുള്ള ശക്തി അവക്കില്ല. എല്ലാ കൃഷിക്കാരും അതിന്നൊരുമ്പെട്ടാലേ അതു നടക്കു. ജന്മിയോട് ഒരു കൃഷിക്കാരൻ ഭൂമിയോ പാട്ടം കുറവോ ആവശ്യപ്പെട്ടാൽ കിട്ടില്ല; ഒരു ഡസൻ പേർ ആവശ്യപ്പെട്ടാലും കിട്ടില്ല. പക്ഷെ ഒരു വില്ലേജ് മുഴുവൻ ആവശ്യപ്പെട്ടാൽ, ആവശ്യപ്പെടുന്നതെന്തുകൊണ്ടാണെന്നവക്കു ബോദ്ധ്യപ്പെട്ടാൽ, അവക്കു കിട്ടും".

ചൈനയിലെ ജന്മിവ്യവസ്ഥയുടെ വ്യാപ്തിയെപ്പററി സ്ഥിതിവിവരക്കണക്കുകളില്ല. ഭൂവുടമപരിഷ്കരണത്തോടെ ഓരോ വില്ലേജിലും കണക്കുകഠം എടുത്തിട്ടുണ്ട്, എന്നാൽ അവ ഒന്നിച്ചു ചേൎത്തിട്ടില്ല. പരിഷ്കരണത്തിനുമുമ്പു പകുതിയോ മൂന്നിൽ രണ്ടു ഭാഗമോ ജന്മികളുടെയായിരുന്നു ഭൂമി എന്നാണ് ഞാൻ സന്ദർശിച്ച വില്ലേജുകളിൽ കണ്ടത്. ഭൂമി മാത്രം പാട്ടത്തിനെടുക്കുകയാണെങ്കിൽ പത്തിനഞ്ചോ ആറോ വീതം, വിളയുന്ന സാധനം പാട്ടമായി കൊടുക്കണം. പണിസ്സാമാനങ്ങളും വിത്തും ജന്മി കൊടുക്കുകയാണെങ്കിൽ പത്തിനേഴോ അധികമോ പാട്ടം കൊടുക്കണം. കഴിഞ്ഞ ഒരു നൂററാണ്ടിനുള്ളിൽ മാത്രം കുടിപ്പാർപ്പുതുടങ്ങിയ മഞ്ചൂറിയയിലെ വിസ്തൃതഭൂമികളിൽ 50 ശതമാനം മുതൽ 70 ശതമാനംവരെ കൃഷിക്കാൎക്കു സ്വന്തം ഭൂമിയില്ലെന്നു പരിഷ്കരണവേളയിൽ അനുഭവപ്പെടുകയുണ്ടായി.

കോടിക്കണക്കിനു കൃഷിക്കാൎക്കു ഇതൊരു ജീവന്മരണപ്രശ്നമാണ്. മെച്ചപ്പെട്ട ജീവിതത്തിനല്ല അവർ വിപ്ലവത്തിലേപ്പെട്ടുതു്; വെറും ജീവൻ നിലനിൎത്താൻ മാത്രമാണ്. 1929_30ലെ ക്ഷാമത്തിൽ ഉത്തരഷെൻസി, കാൻസുപ്രദേശങ്ങളിൽ മാത്രം മുപ്പതുലക്ഷത്തിനും അരപതുലക്ഷത്തിനും മദ്ധ്യേ ജനങ്ങഠം ചത്തൊടുങ്ങിയിട്ടുണ്ട്. ഒരു ജില്ലയിൽ 62 ശതമാനം, മറെറാന്നിൽ 75 ശതമാനം—ഇങ്ങിനെയാണ് ജനങ്ങഠം മരിച്ചിട്ടുള്ളതു്. (ഡോക്ടർ എ. സ്റ്റാമ്പർ, വടക്കുകിഴക്കൻപ്രദേശത്തെപ്പററിയ റിപ്പോർട്ട്. നാങ്കിങ്ങ്, 1933.) കൃഷിക്കാൎക്കു അവരുടെ വിള കൈവശം കിട്ടിയിരുന്നെങ്കിൽ, പൂഴ്ത്തിവെപ്പന്മാരുടെ പിടിയിൽനിന്ന് കുടഞ്ഞിടീക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, ഈ ക്രൂരമരണങ്ങഠം തടയാമായിരുന്നു. മരണപ്പിടച്ചലിൻെറയും മനുഷ്യപ്രേതങ്ങളു

ടേയും ഇടയിൽനിന്നുകൊണ്ട് കൊള്ളലാഭക്കാരായ ജന്മികൾ കുബേരന്മാരായി; മൂന്നുദിവസത്തെ ചോറിനു ഇരുപതു ഏക്ര ഭൂമി തട്ടിയ കൊള്ളക്കാരുണ്ട്.

കുടുംബങ്ങൾ കൂട്ടത്തോടെ ചാവുമ്പോൾ, പെൺമക്കളെ അടിമത്തത്തിന്നു വിൽക്കുമ്പോൾ, ഇതെല്ലാം വരുത്തിക്കൂട്ടുന്ന സ്വത്തുടമാവകാശനിയമങ്ങൾ ജനങ്ങളുടെ ദൃഷ്ടിയിൽ വിലകെട്ടതായിത്തീരുന്നു. കൊള്ളയടിക്കപ്പെട്ട നാട്ടുകാരിൽനിന്നു സ്വത്തം തടി രക്ഷിക്കാൻ ജന്മികൾ കൂലികൊടുത്ത് ആളെക്കൂട്ടുന്നു, അവൎക്കു ആയുധങ്ങൾ നൽകുന്നു. 1927ൽ ഒരു മിഷൻസ്ത്രീ പെൺകിടാവ് എന്നോടു പറയുകയുണ്ടായി, അവളുടെ സ്വന്തനാടായ ഹോനാൻ പ്രവിശ്യയിൽ 200 ഏക്ര ഭൂമിയുള്ള ഒരു ജന്മി സായുധരായ എഴുപത്തഞ്ച് തെമ്മാടികളെ തീററിപ്പോററി വന്നിരുന്ന കഥ. കൃഷിക്കാർ ഒരു സംഘം ഉണ്ടാക്കിയപ്പോൾ ആ ആയുധധാരികൾ വന്നു മുപ്പതുപേരെ വെട്ടിക്കൊന്നു; സംഘം പൊളിച്ചു പിൽകാലങ്ങളിൽ, ച്യാങ്ങിൻെറ ഭരണം വ്യാപിച്ചപ്പോൾ ജന്മികൾക്കു പ്രവിശ്യാപോലീസും കോടതികളും സ്വന്തമായി. അറിട്ടുന്നും പിന്നീട് ജാപ്പാൻ മഞ്ചൂറിയ ആക്രമിച്ചതോടെ ആകെ പൊളിച്ചൽ തട്ടിയപ്പോൾ ജന്മികൾ വീണ്ടും സായുധഗുണ്ടകളെ ഏൎപ്പെടുത്തി. പക്ഷെ അവയെ കൂമിന്താങ്ങിൻെറ "വീണ്ടെടുക്കൽ സേന"യെന്നു ഔദ്യോഗികാംഗീകാരത്തോടുകൂടിയവയാക്കിയെന്നുമാത്രം.

ജാപ്പ് യുദ്ധകാലത്ത് ജന്മിത്വത്തിൻെറ അളിച്ചൽ പാരമ്യത്തിലെത്തി. ജാപ്പധീനപ്രദേശങ്ങളിൽ വൻകിടജന്മികൾ മുഴുവൻ ജാപ്പേജണ്ടുകളായി; ധാന്യനികുതി പിരിച്ചെടുക്കുക, നിൎബ്ബന്ധവേലക്കു ആളെ ചേൎക്കുക, റേഷൻസാധനങ്ങൾ വിതര

ണം ചെയ്യുക, ഇതിലെല്ലാം കൊള്ളലാഭമടിക്കുക എന്ന പണി യിലേപ്പെട്ടു. ജാപ്പുകളേക്കാഠം നിന്ദ്യന്മാരായിട്ടാണ് ജനങ്ങഠം അവരെ ഗണിച്ചതു്. ചിലപ്പോഴെല്ലാം ദേശാഭിമാനികളായ അയൽപക്കക്കാരെ കൊല്ലാൻ ഒററുകൊടുത്ത് അങ്ങിനെ അവ രുടെ ഭൂമിയും തട്ടിപ്പറിച്ചിരുന്നു. ജാപ്പാൻെറ കീഴിൽ അനവധി ഏക്ര ഭൂമി കൈവശപ്പെടുത്തുക മാത്രമല്ല അയാഠംക്കിഷ്ടമുള്ള ഏ തു കുടിയാനവൻെറ പുതുപ്പെണ്ണിൻെറ കൂടെയും ആദ്യരാത്രി കൂ ടുക എന്ന മദ്ധ്യകാലാവകാശം കൂടി നടപ്പാക്കിയ ഒരു ജന്മിയെ ഷാൻ-തുങ്ങ് സംസ്ഥാനത്തിൽ ഭൂപരിഷ്ക്കരണവേളയിൽ കണ്ടെ ത്തുകയുണ്ടായെന്നു നിങ്ങ്-ലിങ്ങ് എന്ന എഴുത്തുകാരി എന്നോടു പറയുകയുണ്ടായി.

എല്ലാ ജന്മികളും ഒരുപോലെ ക്രൂരന്മാരായിരുന്നില്ല. കമ്യൂ ണിസ്റ്റുകാർ തന്നെ സമ്മതിക്കുന്ന തരത്തിൽ "ശ്രേഷ്ഠന്മാരായ ജന്മികഠം" ഉണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽതന്നെ ജന്മി കഠം ഉണ്ടായിരുന്നു. പക്ഷെ ജന്മിസ്സംപ്രദായവും അതിൻെറ കൂടപ്പിറപ്പായ നാടുവാഴിക്രമങ്ങളും കെട്ടഴിഞ്ഞ സ്വേച്ഛാധികാ രങ്ങളും പ്രവിശ്യകളുടെ അഭ്യുദയം ക്ഷയിപ്പിച്ചു; ജനാധിപത്യം, വിദ്യാഭ്യാസം, പുരോഗമനം എന്നെല്ലാമുള്ള പറച്ചിൽ വെറും പരിഹാസ്യമാക്കി; കോടിക്കണക്കിന് ജനങ്ങളെ മെല്ലെ മെ ല്ലെ പട്ടിണിമരണത്തിലേക്കു തള്ളിവിട്ടു.

കമ്മ്യൂണിസ്റ്റ്കാർ കഴിഞ്ഞ ഇരുപതു കൊല്ലക്കാലമായി ഭൂമി കൃഷിക്കാർക്കു ലഭിക്കാൻ രണ്ടുമൂന്നു മാർഗ്ഗങ്ങഠം അവലംബി ച്ചിട്ടുണ്ട്.

ജപ്പാനുമായുള്ള യുദ്ധത്തിനുമുമ്പ് ആഭ്യന്തരയുദ്ധകാലത്ത് ഭൂമി നേരിട്ട് പിടിച്ചെടുത്തിരുന്നു. ജപ്പാനെതിരായ യുദ്ധം വന്നപ്പോൾ കഃാമിന്താങ്ങുമായി ഐക്യമുന്നണി പടക്കാൻവേണ്ടി ഈ നടപടി അവർ നിർത്തിവെച്ചു. പകരം "പാട്ടം കുറക്കുക" എന്ന പരിപാടി നടപ്പാക്കി. ഇതു സംബന്ധിച്ച് കേന്ദ്രഗവമ്മേണ്ട് പല നിയമങ്ങളും പാസ്സാക്കീട്ടുണ്ടായിരുന്നു; ഒന്നും നടപ്പാക്കിയിരുന്നില്ലെന്നുമാത്രം. പാട്ടം കുറക്കുന്ന നടപടി അത്ര എളുപ്പമുള്ളതൊന്നുമല്ല. നിയമം വെറുതെയങ്ങ് നടപടിയിൽ വരില്ല. ജന്മികൾ നൂററാണ്ടുകളായി ഭരിക്കുന്നിടത്തു കൃഷിക്കാർ ആക്ഷേപം കൊണ്ടുവരാൻ വളരെ ഭയപ്പെട്ടും. നല്ലൊരു കർഷകസംഘടന വരുന്നിടത്ത് നിയമം കുറച്ചു ഭേദമായി നടന്നേക്കും. അങ്ങിനെ വരുമ്പോൾ, കുറഞ്ഞ പാട്ടവും പാട്ടത്തിന്മേൽ ക്രമപ്രവൃദ്ധമായ ആദായനികുതിയും കാരണം ഭൂവുടമ അത്ര ആദായകരമല്ലാതായിത്തീരുന്നതും മര്യാദവിലക്കു ഭൂമി കൃഷിക്കാൎക്കു വില്ക്കാൻ ജന്മികൾ മുന്നോട്ടു വരുന്നതുമാണ് അവ വാങ്ങുന്നതിന്നു സഹകരണവായ്പകൾകൊണ്ടു കർഷകസംഘം കൃഷിക്കാരെ സഹായിക്കുന്നു. ഇത്തരത്തിൽ "ഭൂമി കൃഷിക്കാൎക്ക്" കിട്ടാനുള്ള പ്ലാൻ മുന്നോട്ടുപോകുന്നതാണ്. ജാപ്പ് വിരോധയുദ്ധത്തിന്നുശേഷം കഃാമിൻതാങ്ങുമായി ഒരു കൂട്ടുഗവമ്മേണ്ട് സ്ഥാപിക്കാൻ കമ്യൂണിസ്റ്റ്കാൎക്ക് സാധിച്ചിരുന്നെങ്കിൽ ഈ മാൎഗ്ഗം അവർ തുടരുമായിരുന്നു.

പക്ഷെ അഭ്യന്തരകലഹം വീണ്ടും വന്നു. ജപ്പാൻ കീഴടക്കിയിരുന്ന പല പ്രദേശങ്ങളും ജനങ്ങൾക്കധീനമായപ്പോൾ കൎഷകസംഘങ്ങൾ മുൻകൈ എടുത്തു. ഈ കാരണങ്ങളാൽ ഭൂവുടമ പരിഷ്ക്കരണത്തിൽ പുതിയ മാൎഗ്ഗങ്ങൾ നടപ്പായി.

ക്ലൂററൻ ജന്മികളെയെല്ലാം പിടികൂടി. വമ്പിച്ച തോതിൽ ജാപ്പേജണ്ടമാരായി കൊള്ളയടിച്ചവരാണവരെല്ലാം. അവരെയെല്ലാം "ജനകീയ കോടതികഠം" വിചാരണചെയ്തു ശിക്ഷിച്ചു. അവർ അന്യായമായി കയ്യടക്കിയ ഭൂമി കൃഷിക്കാക്ക് വീതിച്ചു കൊടുത്തു. കാലെ മോചനം കിട്ടിയ പ്രദേശങ്ങളിലുള്ള കഷ്കസംഘങ്ങഠംക്ക ജപ്പാൻ തോൽക്കമെന്നു് പൂണ്ണബോദ്ധ്യം വന്നതോടെ, പാട്ടമിളവുനിയമങ്ങഠം തെററിച്ച ജന്മികളുമായി "കണക്ക തീക്കാൻ" വിപുലമായ ഒരു പ്രസ്ഥാനം സമാരംഭിച്ചു. ഭൂമി സംഭാവന ചെയ്യാനോ ന്യായവിലക്ക വില്ക്കാനൊ ജന്മികളെ പ്രേരിപ്പിക്കുന്ന ഒരു 'ഭൂദാന' പ്രസ്ഥാനവും തുടങ്ങി.

1946 മെയ് മാസത്തിലാണ് ഭൂവുടമപരിഷ്ക്കാരത്തിനുള്ള പുതിയ മാഗ്ഗങ്ങഠം മുന്നോട്ട കൊണ്ടുപോകാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മററി തീരുമാനങ്ങഠം എടുത്തതു്.

ഹൊനാനിലേയും ഷാൻതുങ്ങിലേയും കൃഷിക്കാർ എന്നോട്ട അഭിമാനത്തോടെ പറയുകയുണ്ടായി: "കമ്മ്യൂണിസ്റ്റ്കാർ തീരുമാനമെടുക്കുംമുമ്പുതന്നെ ഭൂവുടമപരിഷ്ക്കാരം പകുതിയും ഞങ്ങഠം സാധിച്ചുകഴിഞ്ഞു." തെക്കൻ ഹോപെയിലെ പാർട്ടിസിക്രട്ടറിയായ ലി–ചിങ്ങ്–യു ഇതിനെ സ്ഥിരീകരിച്ചുകൊണ്ട് പറഞ്ഞു: "ചില സ്ഥലങ്ങളിൽ കൃഷിക്കാർ എടുത്ത നടപടികഠം കണ്ടുകൊണ്ടാണ് അദ്ധ്യക്ഷൻ മാവോ ഭൂവുടമപ്രശ്നത്തെപ്പററിയുള്ള തൻെറ റിപ്പോർട്ട് തയ്യാറാക്കിയിരുന്നതു; അതുകൊണ്ട് ഈ പ്രശ്നം മുഴുവൻ ശരിപ്പെടുത്താനും നാടുവാഴിത്തത്തെ നിശ്ശേഷം തകക്കാനും കേന്ദ്രക്കമ്മററി തീരുമാനമെടുത്തു."

ഭൂവുടമപരിഷ്ക്കാരം അംഗീകരിച്ചതോടെ കമ്മ്യൂണിസ്റ്റ്കാരെ സംബന്ധിച്ചിടത്തോളം അവരുടെ പരിപാടിയിൽ ഒന്നാ

മിന്നം അതു തന്നെയായി. ആഭ്യന്തരയുദ്ധം നടന്നുകൊണ്ടിരിക്കു മ്പോഠംതന്നെ യുദ്ധരംഗങ്ങളെക്കാഠം കൂടുതൽ അവർ ശ്രദ്ധ ചെലുത്തിയതു ഭൂമിയുടെ കാര്യം ശരിപ്പെടുത്താനാണ്. മഞ്ചൂറിയയിൽ ജനറൽ ലിൻ–പ്യൌത്ൻെറ ഒന്നാന്തരം പട്ടാളഉദ്യോഗസ്ഥന്മാരും രാഷ്ട്രീയപ്രവത്തകന്മാരുമായ 12,000 പേരെ ഭൂപരിഷ്ക്കരണം സാധിപ്പിക്കുന്നതിന്നു സഹായിക്കാൻ പറഞ്ഞയച്ചു. തൽസമയം "യുദ്ധരംഗം താരതമ്യേന ശാന്തമായിരുന്നതുകൊണ്ട്" നിത്യമുള്ള പട്ടാളച്ചടങ്ങുകഠം ദീക്ഷിക്കുന്നതെക്കാഠം പ്രാധാന്യം കല്പിച്ചതു അദ്ദേഹം ഭൂവുടമ ശരിപ്പെടുത്തുന്നതിലാണ്. ഇതേ ആവശ്യത്തിന്നുവേണ്ടിതന്നെ മുന്തിയ എഴുത്തുകാർ വടക്കൻ ചൈന മുഴവൻ സഞ്ചരിക്കുകയും ചെയ്തു

തലച്ചോറുണ്ടാക്കിയ ഒരുതരംസങ്കല്പസാഗ്യം സൃഷ്ടിക്കലല്ല ഭൂപരിഷ്ക്കരണത്തിൻെറ ലക്ഷ്യം. "നാടുവാഴിത്തം തകക്കാനു:" "പുതിയ മുതലാളിത്ത"ത്തിൻെറ വിവിധരൂപങ്ങളിൽ ഉൽപാദനം വികസിപ്പിക്കാൻ കഴിയുന്നതിന്നുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതു്. ഭൂമി സമമായി പങ്കിടാൻ ശ്രമിക്കുന്നേയില്ല. എന്നല്ല മുതലാളിത്തത്തിൻ കീഴിൽ അങ്ങിനെയൊരു സമത്വം സ്ഥിരപ്പെട്ടു നിൽക്കാനും സാദ്ധ്യമല്ല. ഭൂമി പാട്ടത്തിന്നു കൊടുക്കുന്നതോ കാഷികതൊഴിലാളികളെക്കൂട്ടി പണിയുന്നതോ നിയമവിരുദ്ധമാക്കീട്ടില്ല. ഭൂവുടമയിൽ സാരമായ ഭേദഗതികഠം വരുത്തി, പണിയുന്നവ:ക്കു ജീവിക്കാൻ സൌകര്യമുണ്ടാക്കുക എന്നതേ ഇപ്പോഠം ഉദ്ദേശിച്ചിട്ടുള്ളു. കഴിയുന്നതു ദരിദ്രകഷ്കരെ "എടത്തരം കൃഷിക്കാരാക്കുക" എന്നതാണ് ലക്ഷ്യം.

ആരാണ് എടത്തരം കൃഷിക്കാരൻ? ആരാണ് ദരിദ്രകൃഷിക്കാരൻ? ആരാണ് ധനവാനായ കൃഷിക്കാരൻ? യെനാനിലെ

ഗവേഷണവകുപ്പിലുള്ള ല്യൌലു-യെൻ വിഭജനത്തിൻെറ സാരം എനിക്ക പറഞ്ഞുതന്നു: "സ്വന്തം കുടുംബത്തെ പോററാൻ വക യുള്ളവനെയാണ് എടത്തരക്കാരൻ എന്നു പറയുന്നത്; വല്ല പ്പോഴുമൊക്കെ കുറച്ചു മിച്ചം വില്ക്കാനുമുണ്ടായേക്കും. ദരിദ്രകൃ ഷിക്കാരൻ എന്നു പറയുന്നതു തീരെ ഭൂമിയില്ലാത്തവനേയോ ഉ ണ്ടെങ്കിൽ തന്നെ കുറച്ചു കടം വാങ്ങുകയോ പാട്ടത്തിനെടുക്കുക യോ ചെയ്യാതെ കഴിയാത്തവനേയോ ആണ്. ധനവാൻ എ ന്നു പറയുന്നത് ധാരാളം വേലക്കാരെ കൂട്ടാൻ വേണ്ട ഭൂമിയുള്ള വനേയും ധാരാളം വില്ക്കാൻ മിച്ചമുള്ളവനേയുമാണ്. ഭൂരിപ ക്ഷം കൃഷിക്കാൎക്കും എടത്തരക്കാരാവാൻ കഴിയണം; പട്ടിണിയും അടിമത്തവും നിരന്തരം ഭയപ്പെടാത്ത സ്ഥിതി വരണം. ഇതിന്നു വേണ്ടത്ര ഭൂമി ഓരോ കൃഷിക്കാരന്നും കിട്ടണം; ഇതാണ് പരി ഷ്കരണത്തിൻെറ ഉദ്ദേശം. അങ്ങിനെയുള്ള സ്വാതന്ത്ര്യകൎഷകരാ യിത്തീൎന്നാൽ പിന്നീട് ഐശ്വൎയ്യത്തിലേക്ക് നീങ്ങാനുള്ള നടവ ടികൾ എടുക്കാൻ കഴിയും.

ഭൂമി കൃഷിക്കാരുടെ കയ്യിൽ വരാൻ ചില പ്രായോഗികമാ ൎഗ്ഗങ്ങൾ കമ്യൂണിസ്റ്റ്കാർ അംഗീകരിച്ചിട്ടുണ്ട്. ല്യൌ-ലു താഴെ പറയുന്ന ഒരു പട്ടിക എനിക്ക് തന്നു:

1. ജപ്പാൻകാരുടേയും പാവകളുടേയും ഭൂമി പിടിച്ചെടുക്കുക.
2. "ദുഷ്ടമാന്യന്മാർ" നിയമവിരോധമായി തട്ടിപ്പറിച്ച ഭൂമി പി ടിച്ചെടുക്കുക,
3. നികുതിയിൽനിന്നു രക്ഷപ്പെടാൻ ജന്മികൾ കണക്കിൽ കാ ണിക്കാത്ത "കള്ളഭൂമികൾ" പിടിച്ചെടുക്കുക.
4. പണ്ടത്തെ ചക്രവൎത്തിമാരുടെയെന്നപോലുള്ള പ്രത്യേക ഭൂസ്വ ത്തുക്കൾ പിടിച്ചെടുക്കുക.
5. സൎക്കാർ ഭൂമികൾ വിതരണംചെയ്യുക. (കൃഷിക്കാരെ പററി ച്ചെടുത്ത വളരെ ഭൂമികൾ മഞ്ചുക്കോഗവൺമെണ്ടിൻെറ കയ്യിലു

ണ്ടായിരുന്നതു ഉദാഹരണമായെടുക്കാം).

6. പണമിടപാടുസ്രാവുകൾ നിയമവിരുദ്ധമായ പലിശ മൂടിവെക്കാൻ കവന്നെടുത്ത ഭൂമികളും തിരികെ പിടിക്കുക. അവക്കു കൊടുത്ത വില തിരികെ കൊടുപ്പിക്കയോ കുറഞ്ഞ പലിശ കൊടുക്കുകയോ ചെയ്യുക.

7. പാട്ടത്തിൽ വഞ്ചിച്ച ജന്മികളുമായി "കണക്കുതീർക്കൽ"

8. പണിയെടുപ്പിച്ച് കൂലി കൊടുക്കാതിരുന്നവരും മററ് അക്രമങ്ങൾ നടത്തിയവരുമായി "കണക്കുതീർക്കൽ."

9. ദാനംചെയ്യാൻ ജന്മികളെ പ്രേരിപ്പിക്കുന്ന "ഭൂദാനപ്രസ്ഥാനം"

10. ഭൂമി വാങ്ങുക: പാട്ടത്തിന്നു കൊടുക്കുന്നതു് ആദായകരമല്ലെന്നുകണ്ട് ഭൂമി വിൽക്കാൻ ഇഷ്ടമുള്ള ജന്മികളുടെ കൈയ്യിൽ നിന്നു മയ്യ ദവിലക്കു വാങ്ങുന്നതിന്നു കൃഷിക്കാർക്കു കൃഷകസംഘം വായ്പകൊടുത്തു സഹായം ചെയ്യുക.

11. ഗവമ്മേണ്ട് കടപത്രങ്ങളിന്മേൽ ഭൂമി വാങ്ങി കൃഷിക്കാർക്കു വില്ക്കുക.

ഭൂവുടമപരിഷ്ക്കരണത്തിൽ മുഖ്യപങ്ക് വഹിക്കുന്നതു് ഗവമ്മേണ്ടല്ല; കൃഷകസംഘമാണ്. സ്വന്തം അദ്ധ്വാനംകൊണ്ട് നിത്യവൃത്തി കഴിക്കുന്ന എല്ലാ കൃഷിക്കാർക്കും ചേരാവുന്ന സ്വതന്ത്രസംഘടനയാണിതു്. പാർട്ടിയിൽനിന്നും സൈന്യത്തിൽനിന്നും വിദ്യാഭ്യാസസംഘങ്ങളിൽ നിന്നുമുള്ള സംഘടകന്മാർ പ്രയോഗിക പദ്ധതികളും നിയമങ്ങളും വിശദീകരിച്ചുകൊടുത്തതിന്നുശേഷം ഏതെല്ലാം ഭൂമിയാണെടുക്കേണ്ടതെന്നും, എടുക്കുന്നതിൻെറ മാർഗ്ഗം എന്തായിരിക്കണമെന്നും, ആർക്കെല്ലാമാണ് വിതരണം ചെയ്യേണ്ടതെന്നും തീരുമാനങ്ങളെടുക്കുന്നതു പ്രാദേശിക കൃഷിക്കാരാണ്. നിർദിഷ്ടജന്മികളെക്കൊണ്ട് ദാനം ചെയ്യിക്കുകയോ ,"കണക്കുതീർക്കു"കയോ ചെയ്യുന്നതിന്നുള്ള സാദ്ധ്യതകൾ കണ്ടുപിടി

ക്കന്നതവരാണ്. പ്രമാണങ്ങൾ മാററുന്നതും കടപത്രങ്ങൾ കൊടുക്കുന്നതുമെല്ലാം അതാതു ഗവൺമെൻറ് വകുപ്പുകളിലൂടെ ചെയ്യണം.

"ഭൂദാന"പ്രസ്ഥാനംവഴി കുറെ ഭൂമികൾ കൈമാററിയിട്ടുണ്ട്. ഉദാഹരണത്തിന്നു ചാഹാഴ്സംസ്ഥാനസുപ്രീംകോടതിയുടെ അദ്ധ്യക്ഷൻ—അദ്ദേഹം ഒരു വലിയ ജന്മിയും കമ്മ്യൂണിസ്റ്റ്കാരനുമാണ്—ഭൂദാനപ്രസ്ഥാനം ഉൽഘാടനംചെയ്തതു തൻെറ സ്വന്തം കുടുംബത്തിന്നു പണിയാനാകുന്ന ഭൂമി മാത്രം നിർത്തി ബാക്കി മുഴവൻ ഭൂമിയില്ലാത്ത കൃഷിക്കാക്ക് കൊടുക്കാൻ താൻ തയ്യാറാണെന്നു ആഗസ്റ്റ് 23—ാംനു- ഒരു പൊതുയോഗത്തിൽവെച്ച് പ്രഖ്യാപിച്ചുകൊണ്ടാണ്. ഇത്തരത്തിലുള്ള പ്രവൃത്തി എല്ലാ കമ്മ്യൂണിസ്റ്റ്കാരിൽനിന്നും പ്രതീക്ഷിക്കുന്നുണ്ട്. വേറെ ചിലർ ഇത്രതന്നെ പ്രകടനപരമല്ലാത്ത ദാനങ്ങൾ ചെയ്യാറുണ്ട് മഞ്ചൂറിയയിലെ ഒരു സംഘടകൻ പറഞ്ഞതു അവിടെ "ഭൂദാനം അത്രതന്നെ സ്വേഛയാ ചെയ്യുന്നതല്ലെന്നും എന്നാൽ ഒരു "കണക്കതീർക്ക" ലുണ്ടായാൽ തങ്ങൾക്ക കിട്ടാവുന്നതിലധികം സ്വേഛയാദാനം ചെയ്താൽ കിട്ടിയേക്കാമെന്നു കരുതി പലരും ദാനംചെയ്തിട്ടുണ്ടെ" ന്നുമാണ്. "ഇക്കാര്യത്തിൽ അവക്ക തെററീട്ടില്ലതാനും"

യോനാൻഭാഗത്തു വൃദ്ധനായ ആൻ—വെൻ—ചിൻ ഒരു യഥാൎത്ഥ ഉദാരമതിയായ ജന്മിയായി എണ്ണപ്പെടാവുന്നവനാണ്. എല്ലാ രാജ്യത്തുമുണ്ട് ഇത്തരത്തിലുള്ളവർ. പഴയൊരു തറവാട്ടുകാരനും ബഹുമാന്യനുമാണദ്ദേഹം. സൂയ്തേയിൽ അദ്ദേഹത്തിന്നു നല്ലൊരു വീടുണ്ടായിരുന്നു—കുന്നിൻചെരുവിൽ നല്ല കാഴ്ചയുള്ളതും കല്ലുകൊണ്ട് പണിതീർത്തതുമായ രമ്യഹർമ്മ്യം—പഴയ ആനക്കൊമ്പുസാമാനങ്ങൾ, സുന്ദരങ്ങളായ വെങ്കലപാത്രങ്ങൾ, പഴയ

തലമുറകളുടെ നല്ല നല്ല എണ്ണച്ഛായപടങ്ങൾ എന്നിവകൊണ്ട് ആ വീട് നിറച്ചിരുന്നു. ഓരോ തവണ യെനാൻ അതൃത്തി പ്രദേശത്ത് ഭൂമിപരിഷ്ക്കരണം നടത്തുമ്പോഴും അദ്ദേഹത്തിന്നു വളരെ ഭൂമികൾ വിട്ടുകൊടുക്കേണ്ടിവന്നിട്ടുണ്ട്. എന്നിട്ടും ഭൂദാനപ്രസ്ഥാനം വന്നപ്പോൾ അദ്ദേഹം തൻെറ മക്കൾക്കു കൃഷി ചെയ്യാനുള്ളതു കഴിച്ച് ഒരു നൂററമ്പതു ഏക്രകൂടി ദാനംചെയ്തു അങ്ങിനെയാണദ്ദേഹം ആ പ്രസ്ഥാനത്തിന്നു ഒരു നേതൃത്വം നല്കിയതു.

"കമ്യൂണിസ്റ്റ്കാർ ഈ പ്രദേശത്തു വന്നപ്പോൾ ഞാൻ അവക്കെതിരായിരുന്നു" ആൻ എന്നോടു പറഞ്ഞു. "ഞാൻ കമ്യൂണിസ്റ്റ്‌വിരോധക്കമ്മിററിയിൽ ഒരംഗംകൂടിയായിരുന്നു. ഇന്നും ഞാൻ ഒരു കമ്യൂണിസ്ററ്കാരനല്ല, ഒരിക്കലും ആവുകയുമില്ല. പക്ഷെ അവരുടെ ഭൂപരിഷ്ക്കരണത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നുണ്ട്. ധനവാന്മാക്കു തെക്കുനിന്നു വടക്കെ അററംവരെയും കിഴക്കുനിന്നു പടിഞ്ഞാററംവരെയും ഭൂമിയുണ്ട്. പാവപ്പെട്ടവക്കു ഒരു സൂചികുത്താൻ ഇടമില്ല. ഇങ്ങിനെയായാൽ നമ്മുടെ രാജ്യം ശക്തിപ്പെടുകയില്ല, ഐശ്വര്യംകണികാണില്ല. ഞാൻ പാട്ടം പിരിച്ചുകഴിഞ്ഞുകൂടിയിരുന്ന കാലത്ത് എനിക്കു ഒരുപരപ്പ് പണം ഉണ്ടായിരുന്നു. പക്ഷെ രാത്രി എനിക്കു ഉറക്കംവരില്ല, അത്രയധികം കവച്ചക്കാരുണ്ടായിരുന്നു. ഇപ്പോൾ എൻെറ പഴയ കുടിയാന്മാർ മാനമായി ജീവിക്കുന്നതു കാണുമ്പോൾ ശക്തിയും ഐശ്വര്യവും വിളയുന്ന ഒരു ചൈന കെട്ടിപ്പടുക്കാൻ ഞാനെൻെറ പങ്ക് വഹിക്കുന്നുവെന്ന് എന്തെന്നില്ലാത്ത സന്തോഷം എനിക്കുണ്ടാകുന്നുണ്ട്."

കമ്യൂണിസ്റ്റ്കാരുൾപ്പെടെയുള്ള എല്ലാ പൌരന്മാരും ആൻെറ മനോഗുണങ്ങൾ കണ്ടറിഞ്ഞ് അദ്ദേഹത്തെ അതൃത്തിപ്രദേശഗവമ്മേണ്ടിൻെറ ഉപാദ്ധ്യക്ഷനാക്കിയിരിക്കുന്നു.

ആൻ കാരണവരുടെ നേരെ എതിരായുള്ളവരുമുണ്ട്. അതേ പ്രദേശത്തുതന്നെയുള്ള ലിശി_കെങ്ങ് എന്ന ജന്മിയെ എടുത്താൽമതി. അയാളായിട്ട് ഒരു "കണക്കതീക്ക്"ലുണ്ടായതിൽ മൂപ്പക്കുകുറെ ഭൂമി നഷ്ടപ്പെട്ടു. അതോടെ അയാരം കചാമിൻന്താങ്ങ് പ്രദേശങ്ങളിലേക്ക് ഓടി. അവിടുന്ന് പറഞ്ഞയച്ചിരിക്കയാണ്: "ഞങ്ങരം വീണ്ടും വെട്ടിപ്പിടിച്ച് എത്തും. ആ കുടിയാന്മാരെ മുഴവൻ കശാപ്പുചെയ്യും. എന്നിട്ട് ഞാൻതന്നെ മനുഷ്യമാംസം വില്ക്കുന്ന ഒരു ഭോജനശാല തുറക്കാൻ ഭാവമുണ്ട്." അദ്ദേഹം ഒരു "കഥാർത്ഥ ജന്മിപ്രവരൻ"തന്നെയാണ്.

കാൽഗാനിന്ന് വെളിയിലുള്ള ഹൌ-ഹൻത്-സു അഥവാ "പിൻപുറഗ്രാമം" എന്നിടത്തുനടന്ന ഒരു കണക്കതീക്ക്ൽയോഗത്തിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. ഇരുണ്ടിടുങ്ങിയ ഇടവഴിയിലൂടെ ചില കൂക്കും വിളികളും കേട്ടപ്പോരം ഞങ്ങരം ആ ഭാഗത്തേക്കുചെന്നു. മൺവീടുകളുടെ മദ്ധ്യത്തിലുള്ള ഒരു തുറന്ന സ്ഥലത്ത് അഞ്ഞൂററന്പതു കൃഷിക്കാർ കൂടീട്ടുണ്ട്. അവർ ഈററൻനിലത്താണിരിക്കുന്നതു്. എല്ലാവരും കൃഷിക്കാരുടെ ഇളംനീലഉടുപ്പുകളിട്ടിട്ടുണ്ട്. ആരംകൂട്ടത്തിൻെറചുററിലും കുററിക്കാലികളായ സ്ത്രീകരം നിൽക്കുന്നുണ്ട്. മുൻനിരയിൽ കൈയിന്മേൽ ചുകപ്പുനാട കെട്ടിയ പത്തിരുപതു ചെറുപ്പക്കാർ ഇരിക്കുന്നു. "യുവമുന്നണി വിഭാഗ"മാണവർ. കൂക്കുവിളിയുടെ നേതാക്കന്മാരും അവരാണ്.

ഏതാനും ദിവങ്ങരംക്കുമുമ്പുവരെ ഈ പിമ്പുറഗ്രാമത്തിൽ കൃഷകസംഘം ഉണ്ടായിരുന്നില്ലെന്നു എൻെറ കൂടെ കാൽഗാനിൽനിന്നുവന്ന സംഘംപ്രതിനിധി പറഞ്ഞു. രണ്ടാഴ്ചമുമ്പ് കൃഷി

ക്കാർ വയലിൽവെച്ചു. അടുത്ത അംശങ്ങളിൽ ഭൂപരിഷ്ക്കരണം നടപ്പാക്കിയതിനെപ്പററി സംസാരിക്കയുണ്ടായി. "ഇവിടെയും ചില മൂരാച്ചികളെ ശരിപ്പെടുത്താനുണ്ട്" എന്ന് അവർ അവിടെവെച്ച് നിശ്ചയിച്ചു; വേറെ ഒരു ഇരുപതുപേരോടുകൂടി രഹസ്യമായി ഇക്കാര്യം പറഞ്ഞു. എന്നിട്ട് സാങ്കേതികമായ ഉപദേശങ്ങൾ തരണമെന്നു കാൽഗാനിലെ കർഷകസംഘത്തെ അവർ അറിയിച്ചു. അങ്ങിനെയാണ് ഞാൻ കണ്ട ആ യോഗം നടന്നത്. കാൽഗാനിൽനിന്നുള്ള പ്രതിനിധി നേരിട്ട് യാതൊരു പങ്കും ആ യോഗത്തിൽ വഹിച്ചില്ല; എൻെറ അടുത്തിരുന്നു ഓരോന്നും വിശദീകരിച്ചുതന്നതേയുള്ളു. അവിടുത്തുകാരായ കൃഷിക്കാർതന്നെയാണ് മാറിമാറി യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചത്.

അര ഡസൻ ആളുകൾ ജനങ്ങളെ അഭിമുഖീകരിച്ചു നിൽക്കുന്നു. അവരുടെ മുഖത്തേക്കു മണ്ണെണ്ണവിളക്കുകൾ കാട്ടി നിൽക്കുന്നുണ്ട്. അവരിൽ ഒന്നു മെയ്-ച്യൗ-പു എന്നവനാണ്. ജപ്പാൻെറ കീഴിൽ 15 വില്ലേജുകളടങ്ങിയ ഒരു ഗ്രാമീണനഗരത്തിൻെറ തലവനായിരുന്നു അയാൾ. കാഴ്ചയിൽതന്നെ തികഞ്ഞ എജമാനനാണ്; മുഖത്തിൻെറ കനവും ഭാവവും അത്രക്കുണ്ട്. ശോഷിച്ച് തൈക്കിളവനായ ഒരു കൃഷിക്കാരനാണയാളോടേററിട്ടുള്ളത്.

"എന്നിട്ട് താനല്ലേ റെയിൽപാതക്കു തൊട്ടുകിടക്കുന്ന പൊതുഭൂമി തട്ടിയെടുത്തത്?" മുപ്പതടി വീതിയും ഒരു മൈൽ നീളവുമുള്ള ഒരു കഷ്ണമാണിത് എന്നെനിക്കു പറഞ്ഞുതന്നു.

"ചു (പട്ടണം) വിനുവേണ്ടിയാണ് ഞാൻ എടുത്തത്" മെയ് പ്രസ്താവിച്ചു.

പുഛരിച്ചുള്ള ചിരി പൊങ്ങി. "ഏതാ ഈ ച. താൻതന്നെയല്ലേ? ഞങ്ങളെക്കൊണ്ട് സക്കാത്തായി പണിയിപ്പിച്ച് വിളവെല്ലാം താൻ തട്ടിയില്ലേ?"

"താൻ തട്ടി, താൻ തട്ടി" ചകപ്പനാടപ്പിള്ളർ ആഹ്ലാദത്തോടെ കൂക്കി.

"ചുവിന്ന് ചില ചിലവുകൾ ഉണ്ടായിരുന്നു", ആ പഴയ പ്രമാണി വാദിക്കയാണ്.

"ചിലവുകൾ! ജാപ്പുകൾക്ക നിബ്ബന്ധവേലക്ക ആളെ പിടിക്കാൻ തൻെറ സൈന്യക്കാരുടെ ചിലവുകൾ"

മേയുടെ ചാരെ നിന്നിരുന്ന അയാളുടെ കീഴുദ്ദ്യോഗസ്ഥന്മാർ തങ്ങൾക്ക മെയ് ഒന്നും തന്നിരുന്നില്ലെന്നു ശഠിക്കാൻ തുടങ്ങി. മെയ് "എല്ലാം തട്ടി". തട്ടിപ്പറിക്കാർ പരസ്പരം കലഹം തുടങ്ങിയപ്പോൾ ജനങ്ങൾക്കു രസംപിടിച്ചു.

"എല്ലാമിപ്പോൾ പുറത്തുവരും," ഒരു കൃഷിക്കാരൻ വിളിച്ചുപറഞ്ഞു:

ആൾക്കൂട്ടത്തിൽനിന്നു ഒരു താടിക്കാരൻ തന്ത എഴുന്നേററു ചെന്നു മുൻ പ്രമാണിയുടെ മുഖത്തോടുമുഖം അടിപ്പിച്ചുപിടിച്ചു ചോദിച്ചു: "ജാപ്പുകൾ ഓരോ വീട്ടിൽനിന്നും ഓരോരുത്തരെവീതം നിബ്ബന്ധവേലക്ക ചേക്കാൻ, തന്നെ ഏൽപ്പിച്ചപ്പോൾ മകനെ അയക്കാതെ പകരം എൻെറ രണ്ടു മക്കളെക്കൂട്ടിയില്ലെടാ?" കുറച്ചിട നിശ്ശബ്ദമായി നിന്നിട്ട് മെയ് സമ്മതിച്ചു: "ഉവ്വ് ഞാനങ്ങിനെ ചെയ്തു"

"എന്നാൽ നിണക്ക പകരം വേലയെടുത്തതിന്ന് എനിക്കുള്ള കൂലി താ"

"കണക്കുതീക്ക്"ലിന്നു ഒന്നാമതായി വന്ന വ്യക്തമായ കണക്കാണിത്. ജനങ്ങൾ അതിന്മേൽ കടിച്ചുപിടിച്ചു. ചുകപ്പുനാടപ്പിള്ളർ കൂക്കുകയായി: "കൊട്ടക്ക് കൂലി"

പ്രമാണി "മാപ്പ് ഇരക്കുന്നു, എന്റെ ഇഷ്ടന്മാരായ നിങ്ങൾ കക്ശം കാണിക്കുകയില്ലെ"ന്നു അയാൾ ആശിക്കുന്നു.

"ഉം നടക്കട്ടെ. പ്രായശ്ചിത്തം ചെയ്യട്ടെ", ഒരാൾ പിറകിൽനിന്നു വിളിച്ചുപറഞ്ഞു.

"കണക്കുതീക്കാതെ മാപ്പില്ല" വേറൊരാൾ വിധിച്ചു. ഒരു മുഴം നീളമുള്ള പുകക്കുഴലും പിടിച്ച് ഒരു കൂനൻകൃഷിക്കാരൻ നിർദ്ദേശിക്കുകയാണ്, "വ്യക്തമായ ചാർജ്ജുകൾ കൊണ്ടുവന്ന് അയാളുടെ ഓമ്മയെ സഹായിക്കണം."

ഒരു യുവകൃഷിക്കൻ എഴുന്നേററു: "ജാപ്പുകൾ വന്ന് എന്നെ പിടികൂടിയപ്പോൾ, വെള്ളം തരാൻ ആരുമില്ലെന്നു പറഞ്ഞ് എന്റെ വയസ്സായ അമ്മ കെഞ്ചിയിരന്നപ്പോൾ താൻ എന്റെ അമ്മയെ രണ്ടു പ്രാവശ്യം ചവിട്ടി".

"രണ്ടു ചവിട്ടിന്റെ കണക്കുതീക്ക്" ജനക്കൂട്ടം അലറി.

കുററിക്കാലിയായ ഒരു വൃദ്ധ സാഹസപ്പെട്ട് മുന്നോട്ടുവന്നു പ്രമാണിയുടെ മുഖത്തു നോക്കി. അവർ അവരുടെ സ്വന്തം ധൈര്യമോത്തു വിറക്കുന്നുണ്ട്. അല്ലെങ്കിൽ മുമ്പ് ആരെങ്കിലും ഉറക്കമോ ഒരു "പ്രമാണി"യുടെ മുഖത്ത് നോക്കാൻപോലും? പക്ഷെ ആ ജനക്കൂട്ടം അവരെ ധൈര്യപ്പെടുത്തി. "എന്റെ കിഴവന്റെ കയ്യിൽ നിന്നു പതിനെട്ട് വെള്ളി തട്ടിപ്പറിച്ചതു് ഓമ്മയുണ്ടോ? പതിനെട്ടു വെള്ളി ഒരാണ്ടത്തെ ശാപ്പാടിന്നുള്ള വകയാണേ."

"ഞാൻ ഓക്കുന്നുണ്ട്" മെയ് മനമല്ലാമനസ്സോടെ സമ്മതിച്ചു.

"അഞ്ചുപറ ധാന്യം തന്നു് എൻെറ കണക്കുതീക്കണം" അവർ ആവശ്യപ്പെട്ടു. തെല്ലുകൂടി കക്ശമായ ആവശ്യം പുറപ്പെടുവിക്കാൻ അവക്കു ധൈര്യമില്ലാത്തതിൽ ജനക്കൂട്ടത്തിന്നു അത്ഭുതം തോന്നി.

"അഞ്ചുപറ പോര, പത്തു വേണം" കൂട്ടത്തിൽനിന്നു ഒരാൾ വിളിച്ചുപറഞ്ഞു.

"പത്തുപറ" പുകപ്പുനാടപ്പിള്ളർ വിളിയായി. വേറൊരു സ്ത്രീ ചാടിച്ചാടി മുന്നോട്ടു വന്നു. "എൻെറ മകനേയും എൻെറ ആളെയും താൻ നിർബ്ബന്ധവേലക്കു പിടികൂടി. എൻെറയാൾ എത്തിത്തു കാരണം, ഒരു വീട്ടിൽ നിന്നു രണ്ടുപേർ പോകേണ്ടതില്ലല്ലൊ. അങ്ങിനെ മൂപ്പര് വൈകീട്ടാണ് മടങ്ങിയെത്തിയതു്. ജാപ്പുകൾ നായയെക്കൊണ്ട് കടിപ്പിച്ചു; മൂപ്പർ മരിച്ചു. ഒരു ജീവന്നു എന്തുതന്നെ തന്നാലാണ് മതിയാവുക?" കുറച്ചിട എല്ലാവരും സ്തബ്ധരായിരുന്നു.

അങ്ങിനെ അരമണിക്കൂർ നേരം ആ ബൊമ്മപ്രമാണിയുടെമേൽ അപരാധങ്ങൾ കുന്നുകൂട്ടി. അയാളൊരു ദുരാഗ്രഹമൂത്തിയും ഘാതകനും പൊതുഭൂമി അപഹരിച്ചവനും സ്വന്തമാദായത്തിന്നു നിർബ്ബന്ധവേല ചെയ്യിച്ചവനും ആണെന്നു തെളിഞ്ഞു. മിക്ക ചാർജ്ജുകളും അയാളേററു. പക്ഷെ പ്രായശ്ചിത്തത്തിന്നൊരുമ്പെടാതെ മാപ്പിന്നു നിന്നതേയുള്ളു

"പ്രായശ്ചിത്തം," ജനങ്ങൾ കൂക്കി. "ജനങ്ങളുടെ കൂടെ കൂടണമെങ്കിൽ ശുദ്ധമാകണം." കുറിക്കുകൊള്ളുന്ന തീരുമാനമായിരുന്നു അതു.

അവസാനം അദ്ദേഹപ്പാഴത്തെ അദ്ധ്യക്ഷൻ അയാളോട് പിറേറന്നു രാത്രിക്കകത്ത് നല്ലവണ്ണം ആലോചിച്ച് പ്രതിവിധി തീ

രുമാനിച്ചുകൊണ്ടുവരാൻ ഇടകൊടുത്തു. പിറേറന്നും രാത്രി യോഗം ചേരും. ജനങ്ങൾ വീണ്ടും അയാളായി പിടിവലി നടത്താൻ തയ്യാറാണ്. അതിനിടക്ക് പുതുതായി രൂപീകരിച്ച കൃഷകസംഘം തിരഞ്ഞെടുത്ത 110പേരടങ്ങിയ "കണക്കതീക്കൽ കമ്മററി" അന്നുരാത്രി മുന്നോട്ടു കൊണ്ടുവന്ന പട്ടികയും പ്രധിവിധികളും ശരിപ്പെടുത്തി വെക്കും വല്ലതും കുറ്റതലുള്ളതും ചേക്കും. മുമ്പത്തെ രണ്ടു പട്ടാളഉദ്യോഗസ്ഥന്മാരെ പതിനഞ്ചുമിനിട്ട് വിചാരണ ചെയ്തശേഷം അന്നത്തെ യോഗം രാത്രി 8മണിയോടുകൂടി നിത്തിവെച്ചു കൃഷിക്കാർ നേരത്തെ കിടക്കുന്ന കൂട്ടരാണ്.

"ഇതു ആദ്യത്തെ യോഗമാണ്" എന്നോട് പ്രാദേശികാദ്ധ്യക്ഷന്മാരിൻ ഒരാൾ പറഞ്ഞു. 'ഇന്നുതന്നെ ഇതിൻെറ ഫലം കാണിച്ചുതരാൻ കഴിയാഞ്ഞതിൽ വ്യസനിക്കുന്നു. ആ മെയ് ആയിട്ട് കുറേ യോഗങ്ങളിൽ മല്ലിടേണ്ടിവരും. മഹാ ശിമയാണാൾ."

"അയാൾ തീരെ വഴങ്ങാൻ ഭാവമില്ലങ്കിൽ എന്തു ചെയ്യും? ഞാൻ ചോദിച്ചു.

"അയാളുടെ അയൽക്കാരുമായി ലോഗ്യത്തിൽ കഴിയേണ്ടതുള്ളതുകൊണ്ട് അവസാനം അയാൾ വഴങ്ങും. നഗരത്തിൽ പോയി സ്വന്തം വഹകൊണ്ട് കഴിയാൻ സാധിക്കുന്ന അത്ര വലിയ പ്രമാണിയല്ല അയാൾ."

"ശാന്തുഗ്ഗ്" എന്ന അയൽ ഗ്രാമത്തിൽ ഭൂപരിഷ്ക്കരണം പരിപൂർണ്ണമാക്കിക്കഴിഞ്ഞു. അവിടുത്തെ ഏററവും വലിയ ജന്മിക്കു 125 ഏക്രയെ ഉണ്ടായിരുന്നുള്ളു. യാങ്ങ് എന്നാണയാളുടെ പേർ അയാളുടെ കീഴിൽ മുപ്പതു കുടിയാന്മാരുണ്ടായിരുന്നു. അവരുടെ മേൽ അയാൾ "നാടുവാഴിക്രമങ്ങൾ" നടത്തിവന്നു. എല്ലാകൊല്ലവും "സപ്പ്തോണിയുത്സവ"ത്തിന്നു മുമ്പു കുടിയാന്മാർ കൂലി

യില്ലാതെ അയാളുടെ വീട് വൃത്തിയാക്കിക്കൊടുക്കണം. "കണ്ണ കദതീക്ക്"ലിൽ ഒരു സ്ത്രീ പറഞ്ഞതു്, എട്ടുകൊല്ലം യാങ്ങ് കുടുംബത്തിലെ ഒമ്പതുപേരുടെ തുണി അവരം വെറുതെ അലക്കിക്കൊടുത്തിട്ടുണ്ടെന്നാണ്. വേറൊരു സ്ത്രീ യാങ്ങിൻെറ കുഞ്ഞിന്നു പ്രതിഫലംകൂടാതെ ഒരു കൊല്ലം മുലകൊടുത്തു; ഭൂമി പ്രതിഫലം കൊടുക്കാമെന്നു് പറഞ്ഞു കഴിച്ചുകൂട്ടിയത്രെ. ഇവർ ഇരുവക്കും ഓരോ ഏക്രവീതം ഇപ്പോരം ലഭിച്ചു.

പൊതുയോഗത്തിൽ യാങ്ങ് എളപ്പെട്ടവനായിട്ടാണ് കണ്ടതു്. തൻെറ ഭൂമി മുഴുവനുമെടുത്താൽതന്നെ ",ന്യായമായ അവകാശങ്ങരം തീക്കാൻ മതിയാവില്ല" എന്നയാരം സമ്മതിച്ചു. അതുകൊണ്ട് മുഴുവൻ താൻ വിട്ടിരിക്കുന്നു എന്നു പറഞ്ഞു. പക്ഷെ പൊതുയോഗം അയാരക്കു 12 ഏക്ര വിട്ടുകൊടുത്തു. ഇപ്പോഴും 'ശാന്തിളുഗ്ഗ്'ത്തിൽ അയാളാണ് മുന്തിയ ഭൂവുടമ.

ശാന്തിളുഗ്ഗ്യിൽ 625 കുടുംബങ്ങളിലായി 2500 ജനങ്ങളുണ്ട്. ഭൂപരിഷ്കരണത്തിന്നുമുമ്പ് 26 ജന്മികരം 1000 ഏക്രയും, കഴിയാൻ വകയുള്ള 164കൃഷിക്കാർ 766ഏക്രയും, അതായതു കുടുംബത്തിന്നു 4ഏക്ര ഉദ്ദേശം വരും, കൈവശം വെച്ചിരുന്നു. ബാക്കിയുള്ളവക്കു സ്വന്തം ഭൂമിയില്ല. 233കുടുംബക്കാർ പങ്കപാട്ടക്കാരായിരുന്നു. 200കുടുംബക്കാർ നിർദ്ധനകൂലിക്കാരും. ഈ പ്രദേശത്തു് കുടുംബത്തിൽ ആളൊന്നുക്ക് അര ഏക്രവീതം ഉള്ളവർ ഭേദപ്പെട്ട കൃഷിക്കാരും, ഒരേക്രവീതമുള്ളവർ ധനികകൃഷ്കരുമായി എണ്ണപ്പെട്ടുവരുന്നു. ഭൂപരിഷ്കരണത്തിന്നുശേഷം 65ധനികകൃഷ്കരുണ്ടായി—മുമ്പത്തെ ജന്മികളും ഇവരിൽപെടും—ബാക്കിയുള്ളവരെല്ലാം ഭേദപ്പെട്ട കൃഷിക്കാരുമായി. ശാന്തിളുഗ്ഗ്ത്തിൽ ഇപ്പോരം പങ്കപാട്ടക്കാരുമില്ല; നിർദ്ധനകൃഷിവേലക്കാരുമില്ല.

എല്ലാ ഭൂമിയും മല്ലിട്ട് എടുത്തവയല്ല. ചിലതെല്ലാം വില കൊടുത്തു വാങ്ങിയതുമുണ്ട്. തെക്കൻ ഹോപെയിൽ ഒരു വില്ലേജിൽ 166ഏക്ര ജന്മികളുടെ കയ്യിൽനിന്നു് കൃഷിക്കാൎക്ക കൈമാററം ചെയ്തുകൊടുത്തു, 14ഏക്ര ദാനം കിട്ടി, 73ഏക്ര വിലക്കു വാങ്ങി, 79ഏക്ര "കണക്കുതീൎക്ക"ലിൽ ലഭിച്ചു. ഈ എല്ലാ മാൎഗ്ഗങ്ങൾകൊണ്ടും ഭൂമി മതിയാവാതെ വരുമ്പോൾ ഒരു വഴി പിന്നേയുമുണ്ട്. പ്രവിശ്യാഗവൎമ്മെണ്ടുകൾ കടപത്രങ്ങൾ കൊടുത്തു് ജന്മികളെക്കൊണ്ടു് ഭൂമി സൎക്കാരിന്നു് വില്പിക്കും. പിന്നീട വ കൃഷിക്കാൎക്ക വില്ക്കും.

യെന്നാൻ അതൃത്തിമേഖലകളിൽ ഈ നിൎബ്ബന്ധവില്പന പ്രയോഗിക്കേണ്ടിവന്നു. അവിടെ വഞ്ചകന്മാരുടെ ഭൂമികളും കണക്കുതീൎക്കലിൽ കിട്ടാനുള്ള ഭൂമികളും വളരെ കുറവായിരുന്നു. കാരണം ദീൎഘകാലത്തെ കമ്യൂണിസ്ററ് ഭരണം ഹേതുവായി വഞ്ചകന്മാരും ക്രൂരജന്മികളും ഉണ്ടായിരുന്നില്ല. 1946 ഡിസമ്പറിൽ പാസ്സാക്കിയ നിയമപ്രകാരം സാധാരണ, ഭേദപ്പെട്ട കൎഷകനുള്ളതിൻെറ ഇരട്ടി ഭൂമി ജന്മികുടുംബാംഗങ്ങൾക്ക കൈവശം വെക്കാമെന്നായി. "ദേശാഭിമാനികളായ ജന്മി"കൾക്കാകട്ടെ രണ്ടിരട്ടിയും കൈവശം വെക്കാം. ഇതിൽ കൂടുതലുള്ള ഭൂമി മുഴുവൻ അന്നന്നത്തെ നിലവാരം അനുസരിച്ചു് സൎക്കാരിന്നു വില്ക്കണം. വില നിശ്ചയിക്കുന്നതു മൂന്നാൾ കൂടിയ ഒരു കമ്മററിയാണ്. ഇതിൽ പ്രാദേശികഗവൎമ്മെണ്ടിൻെറയും കൎഷകസംഘത്തിൻെറയും ജന്മികളുടേയും ഓരോ പ്രതിനിധികൾ ഉണ്ടായിരിക്കും. വില കൊടുക്കുന്നതു സൎക്കാരാണ്. പിന്നീട് ആ വിലയുടെ പകുതിക്ക് കൃഷിക്കാൎക്ക് വില്ക്കും. മാറിക്കൊണ്ടിരിക്കുന്ന നാണ്യവിലയനുസരിച്ചല്ല, കുത്തിയാലുണ്ടാവുന്ന അരി

യുടെ അളവു അനുസരിച്ചാണ് വില തീച്ചപ്പെടുത്തുന്നത്. തുല്യ ഗഡുവുകളായി പത്തുകൊല്ലംകൊണ്ടാണ് വില അടച്ചു തീരുന്നത്.

1946_47ലെ ഭൂപരിഷ്കരണം വാസ്തവത്തിൽ വെറും കണ്ടുകെട്ടലല്ലാതായി. വാങ്ങിയിട്ടോ, ദാനമായിട്ടൊ, കണ്ടുകെട്ടിയിട്ടൊ, സക്കാർകടപത്രത്തിന്മേലൊ, പിഴയിട്ടിട്ടോ, സമുദായത്തിന്റെ നിബ്ബന്ധം ചെലുത്തിട്ടൊ, എന്നു വേണ്ട പ്രാദേശിക കമ്യൂണിസ്ററുകാർ അനുകൂലിക്കുന്ന ഏതു ഉപായം ഉപയോഗിച്ചിട്ടെങ്കിലും, ഭൂമി കൃഷിക്കാക്കു കിട്ടാറാക്കാൻ വിപുലമായ ഒരു പ്രസ്ഥാനമാണ് നടത്തീട്ടുള്ളതു്. പരിഷ്കരണം നിലനില്ക്കണമെങ്കിൽ "പൊതുപ്രവത്തന"ത്തെക്കാളധികം പൊതുജനാഭിപ്രായം അനുകൂലമായിരിക്കണം. മുൻ നൂററാണ്ടുകളിലെ പരിഷ്കരണങ്ങളെല്ലാം പൊളിയാൻ കാരണം ബോധമുള്ളതും സ്വയം ഭരിക്കുന്നതുമായ ഒരു കർഷകസമുദായം ഇല്ലായിരുന്നതാണ്. ഭൂപരിഷ്കരണംകൊണ്ടു് സാമൂഹ്യബോധവും ജനശക്തിയിലുള്ള വിശ്വാസവും ഉണത്തുന്നതാണ് തങ്ങൾ കെട്ടിപടുക്കാനാശിക്കുന്ന "പുതിയ ജനാധിപത്യ"ത്തിന്റെ ഏററവും ഉറച്ച അസ്ഥിവാരമെന്നു കമ്യൂണിസ്ററ്കാർ മനസ്സിലാക്കിയിട്ടുണ്ടു്. നാടുവാഴിത്തം എന്നെന്നേക്കുമായി തകക്കാൻ കഴിവുള്ള "പുതിയ മുതലാളിത്ത'ത്തിന്റെ അടിത്തറയും ഭൂപരിഷ്കരണത്തിലൂടെ കർഷകജനങ്ങൾക്കുണ്ടാകുന്ന സാമ്പത്തികാഭിവൃദ്ധിയാണെന്നു് അവർ കണ്ടു.

കൈവശമുള്ളതൊ ഭൂമി വിററ് കിട്ടുന്നതൊ ആയ സമ്പാദ്യങ്ങൾ ചെറിയ വ്യവസായങ്ങളിലിറക്കാൻ ജന്മികളെ പ്രേരിപ്പിച്ചുവരുന്നു. അവയുടെമേൽ ഉണ്ടെങ്കിൽതന്നെ നിസ്സാര നി

കുതിയേ ചുമത്തുന്നുള്ളു. അതുകൊണ്ട് ലാഭം കിട്ടാൻ മാർഗ്ഗമുണ്ട്. അങ്ങിനെ നാടുവാഴിത്തം വിട്ട് ചെറുമുതലാളിമാരാവാനും അങ്ങിനെ നാടിന്നാവശ്യമായ എന്തെങ്കിലും ഉൽപാദനസംരംഭത്തിൽ ഭാഗഭാക്കുകളാകാനും പണക്കാർക്കു അവസരം ലഭിച്ചു അതേസമയംതന്നെ പ്രാദേശികപരിതഃസ്ഥിതികൾക്കനുസരിച്ച് ഭേദപ്പെട്ട കൃഷിക്കാർക്കുള്ളതിന്റെ ഒന്നോ ഒന്നരയോ ഇരട്ടി ഭൂമിയും അവർക്കു കൈവശം വെക്കാൻ അവകാശമുണ്ടെന്നും സമ്മതിച്ചിരുന്നതുകൊണ്ട് ഒരുവിധം സുഖമായി കാലയാപനം ചെയ്യാൻ കഴിയും. ഇങ്ങിനെയൊക്കെയാണെങ്കിലും ഏറെ ജന്മികൾക്കും അവരുടെ തലേലെഴുത്തിനെ ശപിക്കാൻ തോന്നിയിട്ടുണ്ടാവും. എന്നാൽ ഫ്രഞ്ച് വിപ്ലവംതൊട്ടിങ്ങോട്ടുള്ള പല വിപ്ലവങ്ങളുടേയും അനുഭവം നോക്കി തങ്ങളുടെ തടിക്കോ വീടിനോ മുഴുവൻ ഭൂമിക്കുപോലുമോ തകരാറുപറ്റീട്ടില്ലെന്നു സമാധാനിക്കാൻ ഇടമുണ്ട്.

ചീനക്കാർ എപ്പോഴും ന്യായമായ ഒത്തുതീർപ്പിഷ്ടപ്പെടുന്നവരാണ്. ചീന കമ്യൂണിസ്റ്റ്കാർപോലും ഭൂപരിഷ്കരണത്തിന്റെ കത്തിമറിയലിലല്ല, താരതമ്യേനയുള്ള ശാന്തഗതിയിലാണ് അഭിമാനംകൊള്ളുന്നത്. ഹോപെയിലെ ഒരു സംഘടകൻ ഈ ഭൂപരിഷ്കരണം ചരിത്രത്തിലുള്ള മറ്റു ഭൂപരിഷ്കരണങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് അഭിമാനപൂർവ്വം പറയുകയാണ്: "ഇവിടെ ജന്മികൾ ആയുധമെടുത്ത് എടത്തടിച്ചിട്ടില്ല. നമ്മുടെ ജന്മികൾ മിക്കവരും അവരുടെ വില്ലേജ് വിട്ടോടുകപോലുമുണ്ടായില്ല, അവരുടെ വീട്ടിൽതന്നെ ഇരുന്നു. പലരും ഞങ്ങളോടുകൂടി സഹകരിക്കുകതന്നെ ഉണ്ടായിട്ടുണ്ട്, പ്രത്യേകിച്ചും ജാപ്പ്‌വിരോധയുദ്ധത്തിൽ ഞങ്ങളോടൊപ്പംനിന്നു പോരാടിയ ചെറുപ്പക്കാരായ ജന്മികുടുംബാംഗങ്ങൾ".

1947ൽ നാനാഭാഗത്തുനിന്നും ഭൂപരിഷ്കരണത്തിന്റെ റിപ്പോർട്ടുകൾ യെനാനിലേക്കു റേഡിയോവഴി പ്രവഹിച്ചുകൊണ്ടിരുന്നു. നാലു സംസ്ഥാനപ്രദേശത്ത് രണ്ടു കോടി കൃഷിക്കാർക്കു അര ഏക്രമുതൽ ഒരു ഏക്രവരെ ഭൂമി കിട്ടി. ജനപ്പെരുപ്പമുള്ള ഷാൻതുങ്ങ് പ്രവിശ്യയിൽ ഒന്നരകോടി ജനങ്ങൾക്കു തലയെണ്ണി മൂന്നിലൊന്നേക്രവീതം ലഭിച്ചു. ജനനിബിഡമല്ലാത്ത മഞ്ചൂറിയയിൽ ആളൊന്നുക്ക് ഒന്നുമുതൽ രണ്ടുവരെ ഏക്ര എടുക്കാനുണ്ടായിരുന്നു. പാശ്ചാത്യരാജ്യങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെഅധികമുണ്ടെന്നു പറഞ്ഞുകൂടാ. പക്ഷേ, ഹീനകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഗണ്യമായ മാററമാണിതുകൊണ്ടുണ്ടായത്—നിരന്തരപട്ടിണിയും കഴിയാനുള്ള വകയും തമ്മിലുള്ള മാററം, അടിമത്തവും സ്വാതന്ത്ര്യവും തമ്മിലുള്ള മാററം, പഴയ നിരാശയും പുതിയ ആശയും തമ്മിലുള്ള അന്തരം. എല്ലാകണക്കുകളും കൂടി കൂട്ടിയാൽ ഒരു കൊല്ലത്തിന്നിടക്കു 6 കോടി ജനങ്ങൾക്കു ഭൂമി കിട്ടിയിട്ടുണ്ട്. ചരിത്രത്തിലുള്ള ഭൂപരിഷ്കരണങ്ങളിൽ വെച്ച് ഏററവും മഹത്തരമായ ഒന്നാണ് ഇതു.

സൈനികസ്ഥാനങ്ങളിൽനിന്നു—ഇപ്പോൾ എല്ലാ സേനകളും "ജനകീയമോചനസേന" എന്ന പേരിൽ ഒന്നിച്ചുചേർത്തിരിക്കുന്നു—വരുന്നറേഡിയോ സന്ദേശങ്ങൾ പറയുന്നതു ജാപ്പാനോടുള്ളതിലും വാശിയോടെയാണ് ഭൂമി രക്ഷിക്കാൻ പുതിയ ഭടന്മാർ ച്യാങ്ങ് കായ്ഷെക്കിനോട് എതിരിടുന്നതു എന്നാണ്. ഒരു രാഷ്ട്രീയകൊമ്മിസാർ പറയുകയാണ്: മുമ്പെല്ലാം എന്തിനാണ് നാം യുദ്ധംചെയ്യുന്നതെന്നു വിശദീകരിച്ചുകൊടുക്കേണ്ട ഭാരം എനിക്കുണ്ടായിരുന്നു; ഇപ്പോൾ വിശദീകരണം അവരിങ്ങോട്ടാണ് നൽകുന്നതു് "അവരുടെ ഭൂമി കാത്തുരക്ഷിക്കണം"

ഷാൻതുങ്ങിൽ കൌമിക്കടുത്തുള്ള ഒരു വില്ലേജിൽനിന്നു റേഡിയോ പറയുകയാണ്: ച്യാങ്ങിൻെറ പീരങ്കിഗർജ്ജനത്തിൻമദ്ധ്യേതന്നെ ഭൂപരിഷ്കരണം പൂർത്തിയാക്കിയിരിക്കുന്നു. "കേപാമിന്താങ്ങ് വരട്ടെ, കാട്ടിത്തരാം" എന്നു ത്സൌ എന്ന ജന്മി കണ്ണുരുട്ടിക്കാട്ടിയത്രെ. ഉടൻ കിഴവന്മാരെയും കഞ്ഞുങ്ങളേയും മററഗ്രാമങ്ങളിലേക്കയച്ചു. എന്നിട്ട് ഒരു കണക്കതീർക്കലുംകൂടി നടത്തി. മൂന്നേക്ര ഭൂമിയും 17 പറ ധാന്യവും പിഴയിട്ടു. ധാന്യം പിൻനിരകളിലേക്കയച്ചു; അവിടത്തെ പെറപ്പുക്കാർ എല്ലാവക്കും വേണ്ടി 25 ഏക്ര ഗോതമ്പ് നടലും കഴിച്ചു.

"ഇപ്പോഠം എല്ലാ കുടുംബത്തിനും ഭൂമിയുണ്ട്. ഗോതമ്പ് പണിയുണ്ട്, രസംപിടിച്ച പച്ച ഉള്ളിയുണ്ടു" അവർ ജയഭേരി മുഴക്കി.

ഇത്തരം ഭൂപരിഷ്കാരം യുദ്ധമദ്ധ്യത്തിലും സാദ്ധ്യമാണെന്നു തോന്നുന്നു. വടക്കൻ ക്യാങ്ങ്സുവിൽ ച്യാങ്ങിൻെറ പട കയറിക്കൊണ്ടിരുന്നപ്പോഴാണ് 1½കോടി കൃഷിക്കാക്കു ഭൂമി വീതിച്ചുകിട്ടിയതു്. ഏററവുമധികം ഉള്ളോട്ടു ച്യാങ്ങ് പ്രവേശിച്ചതും നിശ്ശേഷം കീഴടക്കിയതും ആ പ്രദേശമാണ്. വലിയപാതകളെല്ലാം അധീനപ്പെടുത്തുകയും അടുത്തടുത്ത് കോട്ടവീടുകഠം കെട്ടുകയും ചെയ്തു. എന്നിട്ടും ആ കോട്ടകളിൽനിന്ന് കാണാവുന്നത്ര അടുത്തുള്ള ഗ്രാമങ്ങളിൽ ഭൂപരിഷ്കാരം നടന്നുകൊണ്ടിരുന്നു. "സ്വതന്ത്ര കഷ്കവളണ്ടിയർ" എന്ന് സ്വയം വിളിക്കപ്പെട്ട ഗറില്ലകളുടെ സംരക്ഷണയോടെയാണ് കൃഷിപരിഷ്കരണം നടത്തിയതു്. ജൂ കൌ, നാൻ തുങ്ങ്, ചിങ്ങ് ക്യാങ്ങ് എന്നീ മുന്തിയ പട്ടണങ്ങളെല്ലാം ച്യാങ്ങിൻെറ സേനകഠം അധീനമാക്കി. എന്നിട്ടും മൂന്നുദിവസംകൊണ്ടു് അവയുടെ ചുററിലുമുള്ള ഗ്രാമങ്ങളിൽ ക

ഷ്കസംഘം ഭൂപരിഷ്കരണം പൂർത്തിയാക്കി. ചില ചെറുപട്ടണങ്ങളിൽ ച്യാങ്ങ്, കോട്ട വീടുകൾ പണിതിരുന്ന ഭൂമികൾപോലും കൃഷിക്കാർ വീതിച്ചിരുന്നു ഒരു പക്ഷെ ആ സ്ഥലം കിട്ടിയ കൃഷിക്കാരൻ ഒരു പൂവ്വിൽ ക്ഷമിക്കേണ്ടിവരും എന്നാലും അതു പതിച്ചെടുത്തു എന്നതു ക്വാമിന്താങ്ങിന്റെ പട്ടാളശക്തിയുടെ മൂക്കു തോണ്ടി ശുണ്ഠിനോക്കലായിരുന്നു.

PUBLIC LIBRARY KOTTAYAM TRAVANCORE

വടക്കൻ ക്യാങ്ങ്സുവിൽ ഒരു ഗ്രാമത്തിൽ ഭൂപരിഷ്കരണം പൂർത്തിയാക്കിയതിനെ കൊണ്ടാടുന്ന തിരക്കാണ്. അപ്പോഴുണ്ട് പുഴയ്ക്കരയിലുള്ള കോട്ടവീട്ടിൽനിന്നു ച്യാങ്ങിന്റെ പട്ടാളക്കാർ ഉത്സവക്കാരുടെ നേരെ വെടിവെക്കുന്നു!

രക്ഷാസ്ഥലത്തേക്കു പാഞ്ഞുകൊണ്ട് ഗ്രാമീണർ കൂക്കുകയാണ്: "നമ്മുടെ ഭൂപരിഷ്കരണം കൊണ്ടാടാൻ അവററ പടക്കം പൊട്ടിക്കുന്നേ!"

# കുട്ടയിൽകുരുമണി

നിരക്ഷരനായ 'തൊഴിൽവീരനും' യെനാൻ പ്രവിശ്യാ കൌൺസിലിൽ അംഗവുമായ യെങ്ങ് പു ഹൌ പുതിയ സാമൂഹ്യസ്ഥിതി വിവരിച്ച മദ്ധ്യേ പറഞ്ഞു: "ഏററവും വലിയ വ്യത്യാസം പഴയ സമുദായത്തിൽ ആരും വോട്ടുചെയ്തിരുന്നില്ല, ഇപ്പോഴം എല്ലാവക്കും വോട്ടുണ്ട്".

"എങ്ങിനെയാണ് നിങ്ങഠം വോട്ടുചെയ്യുക", ഞാൻ ചോദിച്ചു. യെങ്ങിന് എഴുതാനും വായിക്കാനും അറിയില്ല. പിന്നെ എങ്ങിനെ ബാലട്ടുകടലാസ്സിൽ പേർ തിരിച്ചറിയും എന്നായിരുന്നു എൻെറ സംശയം.

"എൻെറ കൈയ്യിലുള്ള കുരുമണി ഞാൻ കുട്ടയിലിടും" അയാഠം മറുപടി പറഞ്ഞു. "ഗ്രഹക്കു പുറത്തുവെച്ച് കുരുമണി അവർ തരും. ഓരോ സ്ഥാനാത്ഥിക്കും ഓരോ കുട്ടക്ക ഗ്രഹക്കുള്ളിൽ വെച്ചിട്ടുണ്ട്. എനിക്കിഷ്ടമുള്ളതിൽ ഞാനിടും. അവ

സാനം അവർ തങ്ങളുടെ മുമ്പിൽവെച്ചുതന്നെ ഓരോ കുടുക്കയും എണ്ണിനോക്കും".

"വോട്ടിങ്ങ് രഹസ്യമായിട്ടാണോ, ആളുകൾ കാണുമോ?"

രഹസ്യമായിട്ടാണെന്നു ആദ്യത്തിൽ യെങ്ങ് ശങ്കകൂടാതെ തന്നെ ചെയ്തു. "കമ്മിററിക്കാരും വോട്ടർമാരും പുറത്തുനിൽക്കുകയേയുള്ളൂ. ഞാൻ ഒററക്കാണ് അകത്തുപോകുന്നതു്" എങ്ങിനെയാണ് കുടുക്കകൾ തിരിച്ചറിയുന്നതു എന്നു ചോദിച്ചപ്പോൾ അവയുടെ പുറത്തു സ്ഥാനാർത്ഥികളുടെ പേരുണ്ടാവുംമെന്നും അതു പറഞ്ഞുതരാൻ ഒരാളുണ്ടാവുമെന്നും സമ്മതിച്ചു. "അപ്പോൾ രഹസ്യം പൊളിഞ്ഞില്ലേ? ഒരാൾ നോക്കാനില്ലേ" എന്നായി ഞാൻ. "അയാൾ അത്യാവശ്യമായ ഒരു സൌകര്യത്തിനാണ്, അയാൾ വോട്ടിങ്ങിൽ ഇടപെടില്ല". എന്നു യെങ്ങ് ഉച്ഛിച്ചു വാദിച്ചു. "അയാളെ ഞങ്ങൾ പൊതുയോഗത്തിൽ വെച്ചു തിരഞ്ഞെടുക്കുകയാണ്. അയാൾക്കു വായിക്കാൻ കഴിയും, നീതിമാനാണയാൾ. ഏതാണ് വാങ്ങിൻെറ കുടുക്ക, ഏതാണ് ്യായുടെ കുടുക്ക എന്ന് പറഞ്ഞു തരികയേ അയാൾ ചെയ്യുകയുള്ളൂ. ഏതിൽ മണിയിടണമെന്നു ഉപദേശിക്കില്ല. കൂടുതൽ ചൊറചൊറക്കുള്ളവനും മര്യാദക്കാരനും".

"അപ്പോൾ ഇത്തവണ രണ്ടു സ്ഥാനാർത്ഥികളുണ്ടായിരുന്നു ഇല്ലേ?"

"ഇത്തവണ രണ്ട്. കഴിഞ്ഞതവണ നാലായിരുന്നു. അതിനുമുമ്പത്തെ കൊല്ലത്തിൽ എട്ടോ ഒമ്പതോ പേരുണ്ടായിരുന്നു".

"നിങ്ങൾ മൂന്നുതവണ വോട്ടു ചെയ്തിട്ടുണ്ടല്ലെ?"

"വില്ലേജ് ചേർമാനെ തിരഞ്ഞെടുക്കാൻ മൂന്നു തവണ വോട്ടുചെയ്തിട്ടുണ്ട്. പ്രവിശ്യാകോൺഗ്രസ്സിലേക്കും അതുതന്നെ

ഖലാകോൺഗ്രസ്സിലേക്കും ഞാൻ വോട്ടു ചെയ്തിട്ടുണ്ട്. ഇതിന്നെല്ലാം മുമ്പ് കൈ ഉയർത്തി വോട്ടുചെയ്യലുണ്ടായിരുന്നു. പക്ഷേ കുടുക്കയിൽ കുരുമണിയാണ് നല്ല രീതി."

തൊഴിൽവീരനായ യാങ്ങ് തീർച്ചയായും ഒരു വോട്ടിങ്ങ് വിദഗ്ദ്ധൻ തന്നെയാണ്. വോട്ടിങ്ങ് സമ്പ്രദായത്തിൽ കുടുക്കയിൽ കുരുമണി അവസാനവിദ്യയല്ലായിരിക്കാം. പക്ഷേ യാങ്ങിനെ അതു തൃപ്തനാക്കീട്ടുണ്ട്. എന്റെ സ്വദേശമായ സീററിൽ പട്ടണത്തിൽ ഞങ്ങൾക്കുണ്ടായിരുന്ന അത്രയും പൌരാഭിമാനം യെങ്ങിനും ഉണ്ടായിരുന്നു. എന്നെപ്പോലുള്ള ഒരു വിദേശി തങ്ങളുടെ വോട്ടിങ്ങ്സമ്പ്രദായത്തിൽ കയ്യിടുന്നതു് തനിക്കിഷ്ടമില്ലെന്നു യെങ്ങിന്റെ മുഖഭാവം വ്യക്തമാക്കി.

വിമുക്തപ്രദേശങ്ങളിലെല്ലാം എഴുതാനും വായിക്കാനും അറിയാത്ത ജനങ്ങൾക്കുവേണ്ടി ഏർപ്പെടുത്തിട്ടുള്ളതാണ് ഈ കുടുക്കയിൽ കുരുമണിയിടുന്നവിദ്യ. കോടിക്കണക്കിനു ജനങ്ങൾ ഈ വഴിയായി തങ്ങളുടെ രാഷ്ട്രീയാഭിമാനം പ്രയോഗിക്കുന്നുണ്ട്. അമേരിക്കയിലും യൂറോപ്പിലുമുള്ള പരിഷ്കൃത സമ്പ്രദായങ്ങൾ അവക്ക് ആ അവസരം നിഷേധിക്കയാവും ചെയ്യുക. പാശ്ചാത്യർ പറയുന്ന സാക്ഷരവോട്ടു ഏർപ്പെടുത്തിയാൽ ആസ്യയിൽ അഞ്ചിൽ നാലുപേരും വോട്ടുചെയ്യാൻ അനർഹരാവും. അതിലും വിശേഷിച്ച വോട്ടുചെയ്യുന്നതു ജന്മികളും മേലെവർഗ്ഗക്കാരും മാത്രമാവുകയും ചെയ്യും; അതുകൊണ്ടു് ചീനകർഷകരുടെ ദൃഷ്ടിയിൽ പശ്ചാത്യസമ്പ്രദായം അങ്ങേയററം അനീതിയും ജനാധിപത്യവിരുദ്ധവുമായിരിക്കും.

ഇതിലും പുരോഗമിച്ച വോട്ടിങ്ങ്സമ്പ്രദായങ്ങളുണ്ടെന്നു അഭ്യസ്തവിദ്യരായ കമ്യൂണിസ്റ്റുകാർക്കറിയാം. വിമുക്തപ്രദേശങ്ങളി

ൽ എഴുതാനും വായിക്കാനും കഴിയുന്നവർക്ക അച്ചടിച്ച ബാല റേകടലാസ്സ്സ് ഏർപ്പെടുത്തിട്ടുണ്ട്. യെനാൻ നഗരത്തിലും ഹാഴ്സിൽ, ത്സീത് സിഹാഴ് തുടങ്ങി പല നഗരങ്ങളിലും അവ ഉപയോഗിക്കുന്നുണ്ട്. തിരഞ്ഞെടുപ്പിനെസംബന്ധിച്ച നടത്തുന്ന വിദ്യാപ്രചരണത്തിൽ സ്ഥാനാർത്ഥികളുടെ പേർ വായിക്കാനെങ്കിലും പഠിക്കണമെന്നു ജനങ്ങളോടു പറയുന്നുണ്ട്. പക്ഷെ പഠിക്കുന്നതുവരെ വോട്ടർമാരുടെ സ്ഥിതിക്കനുസരിച്ചാണ് വോട്ടിങ്ങ് സംപ്രദായം.

യെനാൻ പ്രവിശ്യയിലെ മജിസ്ത്രേട്ടായ ത്സൌ, യെങ്ങ് പറഞ്ഞതെല്ലാം തൻെറ ഔദ്യോഗികവീക്ഷണം ചെയ്ത് സ്ഥിരീകരിക്കുകയുണ്ടായി. "വലിയൊരു വ്യത്യാസം ഗവമ്മേണ്ടിൽ വന്നിട്ടുള്ളതു മുമ്പെല്ലാം ഉദ്യോഗസ്ഥന്മാരെ മുകളിൽ നിന്നു നിയമിക്കുകയായിരുന്നു, ഇപ്പോഠം താഴെനിന്നു മേലോട്ടു തിരഞ്ഞെടുക്കുകയാണ്; സംസ്ഥാനഗവർണ്ണർ പ്രവിശ്യാമജിസ്ത്രേട്ടന്മാരെ നിയമിക്കുകയായിരുന്നു മുമ്പ്, അവരാണ് അവരിൽ താഴെയുള്ളവരെ നിയമിക്കുന്നതു്. എല്ലാ ഉദ്യോഗസ്ഥന്മാരും ഉദ്യോഗം ലാഭമുണ്ടാക്കാനാണുപയോഗിച്ചിരുന്നതു്. ഗവമ്മേണ്ടിനു രണ്ടുചുമതലയേയുള്ളു: ജനങ്ങളെഅടക്കിനിത്തുക, സൈന്യത്തിനു ജനങ്ങളിൽ നിന്നു ആളും അത്ഥവും ശേഖരിക്കുക. ഉദാഹരണത്തിനു നികുതി പിരിവ് എടുത്താൽ മതി. മുകളിൽനിന്നു താഴെക്കു ഇത്രയിത്ര എന്നു കല്പിക്കും. കിട്ടിയവർ കിട്ടിയവർ ഒരുഭാഗം സ്വന്തമാക്കും."

"കോമിന്താങ്ങിനു കീഴിൽ ജനങ്ങളെ അമത്തിനിത്താൻ ഞങ്ങഠംക്കു "പൌ ച്യാ" എന്ന ഒരു സംപ്രദായമുണ്ടായിരുന്നു" മുൻ പോലീസു മേധാവിയായിരുന്ന സുങ്ങ് വിശദീകരിച്ചു; "ഇ

ളും മേലേന്നു കീഴോട്ടാണ്. പ്രവിശ്യാമജിസ്ട്രേട്ടിൻെറ കീഴിൽ ല്യേൻപൌ, പിന്നെ പൌ, പിന്നെ ച്യാ, അവസാനം ചൂങ്ങ്. ഈ അവസാനഘടകത്തിൽ ഏതാനും കുടുംബങ്ങളുണ്ടാവും. ആ ഘടകത്തിലെ ഓരൊ മെമ്പറും പ്രത്യേകിച്ച് തലവനും ഘടകത്തിലേതൊരുത്തൻേറയും പെരുമാററത്തിനു ഉത്തരവാദിയാണ്. ഒരുവൻ ഒരു കുററം ചെയ്താൽ—ഒരു കമ്യൂണിസ്റ്റ് ആവുന്നതും ഒരു ജനാധിപത്യവാദിയാവുന്നതും എല്ലാം കുററമാണ്—അയാളുടെ ച്യായിലുള്ള എല്ലാ അംഗങ്ങളേയും അറസ്റ്റ് ചെയ്യാം. ല്യേൻ പൌ ൻെറ തലവന്മാരാകുന്നതു പ്രായേണ ഏററവും നിഷ്ഠൂരന്മാരായ ജന്മികളാണ്. അതുകൊണ്ട് അവർക്കു കുടിയാന്മാരുടേയും വേലക്കാരുടേയും മേൽ രണ്ടധികാരമായി അവർ ഏതെങ്കിലുമൊരുവനെ ല്യേൻ പൌവിൽ നിന്നു പുറത്താക്കിയാൽ അവൻ നിയമഭ്രഷ്ടനായി.

ക്രൂരമായ ഈ പൌ ച്യാസമ്പ്രദായം ആദ്യം കൊണ്ടുവന്നതു മങ്കോൾ ചക്രവത്തിമാരാണ്. ചീനക്കാരെ അമത്താൻ വേണ്ടിയായിരുന്നു താനും. പിന്നീട് മഞ്ചുകളും ജാപ്പുകളും ഇതു പകത്തി. റിപ്പബ്ളിക്ക വന്നപ്പോൾ ഇതു ഉപയോഗശൂന്യമായി. പക്ഷെ ച്യാങ്ങ് കായ്ഷെക്ക് അതിനെ പൂവ്വവൽ ബലപ്പെടുത്തി. ജാപ്പ് യുദ്ധത്തിന്നു ശേഷം കോമിന്താങ്ങ് പട്ടണങ്ങളിൽ ചിലതിലെല്ലാം മുനിസിപ്പാൽ തിരഞ്ഞെടുപ്പു നടന്നു. ചെങ്ങ്തുവിലെ ഒരു അമേരിക്കൻപാതിരി പറയുകയാണ്, "മിഷനിലെ വേലക്കാരുടെ കാർഡ് മുഴുവൻ ഏതോ പോലീസ് വന്നു ശേഖരിച്ച് അയാൾ ഒന്നിച്ചു പെട്ടിയിലിട്ടു പോൽ. വേറെ ചിലേടങ്ങളിൽ പൌപ്രമാണികൾ എല്ലാവക്കും വേണ്ടി വോട്ടുചെയ്തു. എല്ലാവരേയും ആട്ടിത്തെളിച്ച് വോട്ടു ചെയ്യിച്ചിട്ടുമുണ്ട്.

എൻെറ പല പരിചയക്കാരും ഈ 'മെനക്കേടി'ന്നു പോയതേയില്ല. "ഇതുകൊണ്ടൊന്നും ഒരു വ്യത്യാസവുമില്ല്യേ" എന്നാണവർപറഞ്ഞതു്.

ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തതും ജനകീയനിയന്ത്രണം ഏർപ്പെടുത്തിയതും നടാടെ ചെയ്തത് കമ്യൂണിസ്റ്റ്കാരാണ്. കഴിഞ്ഞ ഇരുപതുകൊല്ലക്കാലമായി പലവിധത്തിലുള്ള തിരഞ്ഞെടുപ്പുസമ്പ്രദായങ്ങളും അവർ പരീക്ഷിച്ചിട്ടുണ്ട്. ജനങ്ങൾക്ക വോട്ടുകൊടുത്താൽമാത്രംപോരാ അധികാരബോധം ജനങ്ങളിൽ വളർത്തുകകൂടി വേണമെന്ന സിദ്ധാന്തമാണവർക്കുള്ളതു്. തങ്ങൾക്കാവശ്യമുള്ളതു സർക്കാരിനെക്കൊണ്ടു സാധിക്കാമെന്ന് ബോധ്യംവന്നാൽ മാത്രമെ ജനങ്ങൾ വോട്ടിങ്ങിൽ എന്തെങ്കിലും അഭിനിവേശം കാണിക്കയുള്ളു.

അങ്ങിനെ കമ്യൂണിസ്റ്റ്കാർ ഏതെങ്കിലും പ്രദേശത്തെത്തിയാൽ ആദ്യംചെയ്യുന്നതു ജനങ്ങളെ ഉണർത്തിവിടലാണ്. ജാപ്പധീനപ്രദേശമാണെങ്കിൽ മുദ്രാവാക്യം ഏതാണ്ടിങ്ങിനെയായിരിക്കും: "ജാപ്പുകളേയും വഞ്ചകരേയും തുലക്കുക". പിൻനിരപ്രദേശങ്ങളിലാണെങ്കിൽ "മട്ടനപരമായ പാട്ടംകുറക്കുക" എന്നാവും: പിന്നീടവർ കർഷകസംഘങ്ങളും തൊഴിലാളിസംഘങ്ങളും മഹിളാസംഘങ്ങളും സംഘടിപ്പിക്കുകയായി. പാട്ടംകുറക്കാനും, കെട്ട മജിസ്ത്രേട്ടന്മാരെ ഓടിക്കാനും യുദ്ധപാതകികളെ ശിക്ഷിക്കാനും ജനങ്ങൾക്കു അവകാശവും അധികാരവുമുണ്ടെന്നുള്ള ആശയഗതി അവർ പരത്തിവിടുന്നു. ഏതെങ്കിലും ഒരു ഗവമ്മേണ്ട് അവിടെ നിലവിലുണ്ടെങ്കിൽ അതിനോട് സഹകരിച്ച് അതിനെ ജനാധിപത്യപരമാക്കുന്നു. ഗവമ്മേണ്ട് ഓടിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ—ജാപ്പാൻ കയറിയ മിക്കയിടത്തും ഓടീട്ടുണ്ട്—ബഹുജന

സംഘടനകളിലെ പ്രതിനിധികളെക്കൊണ്ട് താൽക്കാലികഗവമ്മേണ്ട് ഉണ്ടാക്കുകയും തിരഞ്ഞെടുപ്പിന്നുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുന്നു.

യെനാൻപ്രദേശത്ത് ആദ്യത്തെ തിരഞ്ഞെടുപ്പുനടത്തിയതു പൊതുയോഗത്തിൽ കൈപൊക്കീട്ടാണ്. പതിനെട്ടുവയസ്സിനു മീതെയുള്ള എല്ലാ സ്ത്രീകൾക്കും പുരുഷന്മാക്കും വോട്ടധികാരമുണ്ട്. യെനാൻ പ്രവിശ്യാകൊൺസിലിലെ ഒരു മെമ്പർ പറഞ്ഞതു, മൂന്നിൽ രണ്ടുഭാഗം പുരുഷന്മാരും അതിൽ കുറച്ചുകുറവായി സ്ത്രീകളും വോട്ടുചെയ്തു എന്നാണ്. വലിയ വാദപ്രതിവാദങ്ങളെല്ലാം നടന്നു. സ്ഥാനാത്ഥികളും അവരുടെ അനുകൂലികളും അവർ എന്തുചെയ്യാനുദ്ദേശിക്കുന്നു എന്നു വിശദീകരിച്ചു വളരെയധികം സ്ഥാനാത്ഥികളുണ്ടെങ്കിൽ—ആക്കും നിൽക്കാവുന്നതുകൊണ്ടും ആക്കും ആരെയെങ്കിലും നിദ്ദേശിക്കാവുന്നതുകൊണ്ടും പേർ അധികമാവുന്നതു സംഭാവ്യമാണ്—ആദ്യം ആളെണ്ണം കുറക്കാൻ ഒരു വോട്ടുനടക്കും പിന്നീട് പ്രതിനിധിയെ തിരഞ്ഞെടുക്കാനുള്ള വോട്ടുനടക്കും. ഇങ്ങിനെയാണ് വില്ലേജ് തിരഞ്ഞെടുപ്പ്.

സമ്പ്രദായം ഇതുതന്നെയാണെങ്കിലും, പ്രവിശ്യാകോൺഗ്രസ്സിലേക്കു തിരഞ്ഞെടുപ്പു വേറിട്ടുതന്നെ നടത്തും. പിന്നീട് കോൺഗ്രസ്സ് യോഗം കൂടി പ്രവിശ്യാകോൺസിൽ തിരഞ്ഞെടുക്കുകയായി. മജിസ്ട്രേട്ടിനെ തിരഞ്ഞെടുക്കുന്നതും കോൺഗ്രസ് തന്നെയാണ്. പ്രവിശ്യാഗവമ്മേണ്ട് രൂപീകരിക്കാൻ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുത്ത നാല്പത്തൊമ്പതു പ്രതിനിധികളടങ്ങിയ പ്രവിശ്യാകോൺഗ്രസ്സാണ്, മജിസ്ട്രേട്ട് ത്സെയൗവിനേയും പതിമൂന്നു അംഗങ്ങളുള്ള കൌസിലിനേയും തിരഞ്ഞെടുത്തതു്.

കൃഷകരുടെ സൌകര്യം മുൻനിത്തി പ്രവിശ്യാഭരണം പുനസ്സംഘടിപ്പിച്ചിരിക്കുന്നുവെന്നു ത്സെയൗ പറഞ്ഞു. മുമ്പ് പ്രവിശ്യ

യെ നാല് "ച്ച"(വാർഡ്ഡുകൾ)ആയി തിരിച്ചിരുന്നു. എല്ലാം യെ നാൻനഗരത്തിൽനിന്നു നാലുഭാഗത്തേക്കമായി ശാഖ തിരിഞ്ഞ പോലെയായിരുന്നു. ഭരണം നഗരത്തിൽനിന്നാണ് നടത്തിവന്നത്.

ഇപ്പോൾ ഒമ്പതു ചു ഉണ്ട്. ഓരോന്നിൻെറയും കേന്ദ്രആപ്പീസ് അതിലെ വലിയൊരു ഗ്രാമത്തിലാണ്. എല്ലാ ജനങ്ങൾക്കും വേഗം ചെന്നുപോരാൻ കഴിയും. പ്രവിശ്യാഗവൺമേണ്ട് പോലും ഇന്നു നഗരത്തിലല്ല. നഗരത്തിന്നു ഏഴ് മൈൽ അകലെയാണ്. നഗരത്തിലെ തിക്കും തിരക്കും ബാധിക്കാതെ കൃഷിക്കാക്ക് വരാനും അവരുടെ വണ്ടികൾ ഇടാനും എല്ലാം ഇപ്പോൾ സൌകര്യമുണ്ട്. അത്യുത്തിമേഖലാഗവൺമേണ്ടിൻെറ നേരിട്ട്കീഴിലുള്ള പ്രത്യേക മുനിസിപ്പാലിട്ടിയാണ് യെ നാൻ നഗരം. യെനാന് വ്യാപാരസംബന്ധമായും കൈത്തൊഴിൽ സംബന്ധമായും പ്രത്യേക പ്രശ്നങ്ങളാണുള്ളത്. അതുകൊണ്ട് നഗരത്തിലെ പ്രശ്നങ്ങൾ കച്ചവടക്കാരും കമ്മാളരും കൂടി തീക്കും. പ്രവിശ്യാപ്രശ്നങ്ങൾ അധികവും കാഷികപ്രശ്നങ്ങളാണ്. അവ കൃഷിക്കാരുടെ പ്രതിനിധികളും നേരിടും. നഗരത്തിലെ കച്ചവടക്കാരും കമ്മാളരും അതിൽ കയ്യിടാതെ കഴിയും.

അത്യുത്തിമേഖലാഗവൺമേണ്ടും ഇതുപോലെ തിരഞ്ഞെടുത്തു രൂപീകരിക്കുന്നതു തന്നെയാണ്. വില്ലേജ്, പ്രവിശ്യ എന്നിവകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾക്ക പുറമേ അത്യുത്തികോൺഗ്രസ്സിലേക്കും ജനങ്ങൾ നേരിട്ടാണ് വോട്ടുചെയ്യുന്നത്. ഈ കോൺഗ്രസ്സ് എന്നും യോഗം കൂടുന്നില്ല. ഒരു സ്ഥിരം കമ്മററി രൂപീകരിക്കും. അതിന്നു എല്ലാ മേൽനോട്ടാധികാരവുമുണ്ട്. അത്യുത്തിഗവൺമേണ്ടിനെ തിരഞ്ഞെടുത്തുണ്ടാക്കുന്നതും കോൺഗ്രസ്സാ

ണ്. വവിധവകുപ്പദ്ധ്യക്ഷന്മാർ കൂടി ഒരു മന്ത്രിസഭയാണ് ഈ ഗവമ്മേണ്ട്. സുപ്രിംകോടതിയുടെ അദ്ധ്യക്ഷനെയും കോൺഗ്രസ്സ്തന്നെ തിരഞ്ഞെടുക്കുന്നു.

പ്രവിശ്യയിലായാലും, അനവധി പ്രവിശ്യകൾ ചേന്ന അത്യുത്തിമേഖലയിലായാലും ജനകീയകോൺഗ്രസ്സാണ്—പൂണ്ണസമ്മേളനം വഴിയോ സ്ഥിരം കമ്മിററിവഴിയോ—അവയെ തിരഞ്ഞെടുത്ത പ്രദേശത്ത് പരമാധികാരം നടത്തുന്നത്. ഈ സമ്പ്രദായം പരസ്പരം കടിഞ്ഞാണിടലോ തുലാഭാരം നടത്തലോ ഒന്നുമല്ല. നിയമനിമ്മാണവും കാര്യനിവ്വഹണവും നീതിന്യായവും ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കുന്ന ഒരേ കോൺഗ്രസ്സിൽ കേന്ദ്രീകരിക്കലാണ്. അമേരിക്കയിലെപ്പോലെയല്ല, ഏതാണ്ട് ഇംഗ്ലണ്ടിലും യൂറോപ്പിലും കാണുന്ന സമ്പ്രദായമാണിത്. അത്യുത്തിമേഖലയിൽ പൂണ്ണാധികാരവും കോൺഗ്രസ്സിൽ നിക്ഷിപ്തമാണെങ്കിലും നീതിന്യായഭരണം പ്രവിശ്യാനിലവാരത്തിൽ ആപേക്ഷികമായി സ്വതന്ത്രമാണ്. പ്രാദേശികമായി തിരഞ്ഞെടുക്കപ്പെട്ട മജിസ്ട്രേട്ടും സുപ്രീംകോടതി നിയമിക്കുന്ന ജഡ്ജിയും കൂടിയതാണ് പ്രവിശ്യാകോടതി.

"ഞങ്ങളുടെ അത്യുത്തിസംസ്ഥാനത്തിൽ ഏററവും മികച്ച രണ്ടു നേട്ടങ്ങൾ കഴിഞ്ഞ വ്യാഴവട്ടംകൊണ്ടു നേടീട്ടുണ്ട്, ഒന്നു ജനാധിപത്യഭരണം സ്ഥാപിച്ചതു്, രണ്ട് ഉൽപാദനം വികസിപ്പിച്ചതു്." എന്നാണ് ലിൻത് സുഹാൻ, നല്ലൊരു സാപ്പാടിന്നിടക്ക് എന്നോടു പറഞ്ഞതു്. വലിയ രണ്ടു കാര്യമാണവ, അതു ലിൻത് സുഹാനറിയാം.

എൻെറ സന്ദശ്നവേളയിൽ അത്യുത്തിമേഖലാഗവമ്മേണ്ടിൻെറ ചേർമാൻ ലിൻത്സുഹാനായിരുന്നു. നരകയറിയിട്ടുള്ള

അയാൾക്ക് ഒരു പ്രഫസറുടെ മട്ടുണ്ട്. ഐക്യനാട്ടുകളിൽ സ്റ്റേററ് ഗവർണ്ണർക്കുള്ള പദവിയാണദ്ദേഹത്തിനുള്ളത്. ആ സ്ഥാനം വഹിക്കാനുള്ള എല്ലാ യോഗ്യതയും ലിൻത്സുഹാനുണ്ട്. തൻെറ അറുപത്തൊന്നു വയസ്സിനിടക്കു ഒരു ഭരണത്തിൻെറ പല വശങ്ങളും അദ്ദേഹം കണ്ടുകഴിഞ്ഞിരിക്കുന്നു. ചൈനയിലെ പുരോഗമനപ്രസ്ഥാനങ്ങളിൽ പഴക്കം ചെന്നയാളാണ്, ഡോക്ടർ സൺയാററ് സെന്നിൻെറ ആപ്തമിത്രമായിരുന്നു, കൂമിന്താങ്ങിൻെറ മുൻഗാമിയായ 'തുങ്ങ് മെഹ്വയ്' എന്ന സംഘത്തിലെ അംഗമായിരുന്നു. കാൻറണിൽ സ്ഥാപിച്ച ഒന്നാമത്തെ "ദേശീയ ഗവൺമെണ്ടി"ലെ തലവന്മാരിൽ ഒരാളായിരുന്നു. ച്യാങ്ങ് കായ്ഷെക്കിനെ തങ്ങളുടെ സേനാധിപതിയായി നിശ്ചയിച്ച അതെ കൂട്ടംതന്നെയാണ് ലിൻത്സുഹാനിനെ ധനകാര്യമന്ത്രിയായി നിശ്ചയിച്ചതും. ആദ്യത്തെ പിളപ്പു വന്നപ്പോൾ ലിൻ കമ്മ്യൂണിസ്റ്റ് പക്ഷത്ത് ചേർന്നു. അദ്ദേഹത്തിൻെറ അന്തസ്സും അറിവും സജ്ജനമട്ടും അദ്ദേഹത്തെ ഉയർന്ന ഭരണനിപുണൻ മാത്രമല്ല പ്രാപ്തനായ വാദതന്ത്രജ്ഞനുമാക്കിട്ടുണ്ട്. ജോസഫ് സ്റ്റിൽവെല്ലിനെക്കൊണ്ട് കമ്മ്യൂണിസ്റ്റഭിപ്രായഗതി ശരിയാണെന്നു ബോദ്ധ്യപ്പെടുത്തിയതും പിന്നീട് അമേരിക്കൻ സ്ഥാനപതി പാടിക്ഹർലിയെ യെനാനിലേക്കു കൊണ്ടുവന്നതും അദ്ദേഹമാണ്.

"ഗ്രാമത്തിമേഖലാ കോൺഗ്രസ്സിലേക്കു താഴെനിന്നു മേലോട്ടു മൂന്നു തിരഞ്ഞെടുപ്പുകൾ നടക്കുകയുണ്ടായി" ഗവർണ്ണർ ലിൻ തുടർന്നു: 'രണ്ടാം കോൺഗ്രസ്സിന്നു ശേഷമാണ് 'മൂന്നു–മൂന്നു–സമ്പ്രദായം' ഏർപ്പെടുത്തിയതു്. ഇപ്പോൾ വിമുക്തപ്രദേശങ്ങളിലെല്ലാം അതാണ് നടപ്പ്."

കമ്മ്യൂണിസ്റ്റുകാർക്കു മുഴുവൻ സ്ഥാനങ്ങളും പിടിച്ചെടുക്കാവുന്ന പ്രദേശങ്ങളിൽ അവർ സ്വമേധയാ മൂന്നിലൊന്നു ഗവൺമെ

ണ്ടു സ്ഥാനങ്ങൾ മാത്രമെ എടുക്കാവു എന്ന നിബന്ധന വെച്ചതിനെയാണ് ഈ മൂന്നു–മൂന്നു–സംപ്രദായം എന്നു പറയുന്നതു്. ചൈനയിൽ ബാക്കി ഭാഗത്ത് ക്വാമിന്താങ്ങ് ഏർപ്പെടുത്തീട്ടുള്ള ഏക കക്ഷിയുടെ ആധിപത്യത്തിൽ നിന്നു തീരെ വ്യത്യസ്തമായ ഒരു സ്ഥിതി വരുത്താനും സമുദായത്തിൽ തങ്ങളോടൊപ്പം രാഷ്ട്രീയാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരുടെ മേൽ പ്രാദേശികമായി കൂടുതൽ മിടുക്കുള്ള കമ്യൂണിസ്റ്റ്കാർ പ്രമാണിത്തം കാണിക്കാതിരിക്കാനുമാണ് ഈ ക്രമംകൊണ്ടുവന്നതു് അങ്ങിനെ പ്രമാണിത്തം കാണിച്ചാൽ ക്വാമിന്താങ്ങിന്റെ പ്രമാണിത്തത്തിൽ വെറുത്ത ജനങ്ങൾ കമ്യൂണിസ്റ്റ്കാരേയും സംശയദൃഷ്ടിയോടെ നോക്കാനും വേണ്ടിടത്തു അവരെ എതിരിടാതിരിക്കാനും ഇടവരും. ഇന്നത്തെ ചൈനയെപ്പററിയുള്ള കമ്യൂണിസ്റ്റ് വിശകലനപ്രകാരം—പുതിയ ജനാധിപത്യത്തിന്റെയും പുതിയ മുതലാളിത്തത്തിന്റെയും പിടിയിലാണെന്നതു—എല്ലാവർഗ്ഗത്തിലെയും എല്ലാ പുരോഗമനവാദികളും ഭാഗഭാക്കുകളായിക്കൊണ്ടുവേണം പുതിയ സമുദായം കെട്ടിപ്പടുക്കാൻ എന്നു കണ്ടിരിക്കുന്നു. . . . ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ കുത്തകയാണ് എല്ലാ നല്ല ആശയങ്ങളുമെന്നു് അവർ കരുതുന്നില്ല:

“പലതരത്തിലുള്ള ജനാധിപത്യവാദികൾ തമ്മിൽ നടത്തുന്ന ചർച്ചയിൽനിന്നാണ് ഉത്തമാശയങ്ങൾ ഉറവെടുക്കുന്നതു്” എന്നാണ് ലിൻ പറഞ്ഞതു്. “ജന്മികളിൽനിന്നുപോലും നല്ല ആശയങ്ങൾ വരാറുണ്ടു്”

ശരിയാണ്. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, അതൃത്തിമേഖലാഗവമ്മേണ്ടിന്റെ ഉപാദ്ധ്യക്ഷൻ നൂററയ്മ്പതു ഏക്ര സ്വന്തം ഭൂമി കൃഷിക്കാർക്കു വിട്ടുകൊടുത്ത ആ ഉദാരമതിയായ ജന്മി ആൻ ആണെന്നു നാം കണ്ടുവല്ലൊ.

യെനാനിൽനിന്നു കടലോരത്തിലേക്കു ഒന്നിനുപിറകെ ഒന്നായി സംസ്ഥാനങ്ങരം കമ്യൂണിസ്റ്റ് പട്ടാളങ്ങരം പിടിച്ചെടുത്തു വരികയായതുകൊണ്ട് അവർ സ്ഥാപിച്ച ഭരണം ഏതാണ്ടിത്തരത്തിലാണ്: വില്ലേജ് കൌൺസിലുകളിലേക്കും പ്രവിശ്യാസംസ്ഥാനകോൺഗ്രസ്സുകളിലേക്കും പ്രായേണ കുടുക്കയിൽ കുരുമണിയിട്ടുകൊണ്ടുള്ള നേരിട്ട തിരഞ്ഞെടുപ്പ്. സംഘടനയുടെ വേഗതയിലും നടവടികളിലും സാങ്കേതികരീതികളിലും പ്രാദേശിക വ്യത്യസ്തതകരം ഇല്ലെന്നല്ല അതിന്നർത്ഥം.

ഹാഴ്സിൽ നഗരത്തിന്നടുത്ത് ഏടതുവൃക്ഷഗ്രാമത്തിൽ വില്ലേജ് ചേർമാൻസ്ഥാനത്തിനു പത്തുസ്ഥാനാർത്ഥികളുണ്ടായിരുന്നു. അവർ ഉയന്ന ഒരു പ്ലാററഫോറത്തിന്മേൽ ഇരുന്നു. സ്വന്തം തൊപ്പികരം പിറകെവെച്ചു. അതിലാണ് കുരുമണി ഇടേണ്ടതു്. ആ തിരഞ്ഞെടുപ്പിൽ ജയിച്ചയാളും അടുത്തുള്ള പതിനൊന്നുവില്ലേജുകളിലെ ചെയർമാൻമാരുംകൂടി വില്ലേജിന്റെ ഉപരിഘടകമായ "ചു"വിന്റെ കൌൺസിലായി. അതിൽനിന്നു ഒരാളെ തന്നെ ചു വിന്റെ ചെയർമാനായി തിരഞ്ഞെടുക്കുകയുംചെയ്യും. ഈ ചേർമാൻ വാങ്ങ്സുങ്ങിനോടു മുമ്പെപ്പോഴെങ്കിലും ഭരണത്തിൽ പങ്കെടുത്തിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചു. ചിരിച്ചുകൊണ്ട് അദ്ദേഹം പറയുകയാണ്: "ഞാനൊരു കാഷ്ഠികകൂലിക്കാരനായിരുന്നു. ഭൂപരിഷ്ക്കരണത്തിന്നു മുമ്പു എനിക്കു ഭക്ഷണം തന്നെയുണ്ടായിരുന്നില്ല, എന്നിട്ടുവേണ്ടേ ഭരണത്തിൽ പങ്ക് വഹിക്കാൻ?" അതൊക്കെയായാലും അദ്ദേഹം മിടുമിടുക്കനായ ഒരു ചു ചെയർമാനായിരുന്നു.

ഹാഴ്സിൽ മുനിസിപ്പാൽ തിരഞ്ഞെടുപ്പിൽ നാലിലൊന്നുപേർ മാത്രമെ കമ്യൂണിസ്റ്റ്കാരായിരുന്നുള്ളൂ. മൂന്നു–മൂന്നു–തിരി

ച്ച പിടിക്കാറില്ലെന്നർത്ഥം. ഹാഴ്സിൽ നഗരസഭയിൽ ഒമ്പതു പേർ തൊഴിലാളികളാണ്. ഏഴു കൃഷിക്കാർ, നാലു പട്ടാളക്കാർ, പത്തു തറവാട്ടുകാർ, പത്തു അദ്ധ്യാപകന്മാരും വിദ്യാഭ്യാസപ്രവർത്തകന്മാരുംകൂടി, മൂന്നു ഉദ്യോഗസ്ഥന്മാർ പത്തു മുസ്ലീമിങ്ങാം, രണ്ടു മങ്കോളിയർ, ഒരു ഡോക്ടർ, ഒരു നിയമജ്ഞൻ, നാലു സ്ത്രീകാം എന്നിവരുണ്ട്. പുതിയ സമുദായം കെട്ടിപ്പടുക്കാൻ എല്ലാവർഗ്ഗക്കാരേയും കൂട്ടണമെന്ന ആദർശം നടപ്പാക്കിയ പോലെയാണ്. പക്ഷെ ഒരേയൊരു നിയമജ്ഞൻ! ഒരമേരിക്കൻ, രാഷ്ട്രീയക്കാരൻ, എന്തുപറയുമാവോ?

വടക്കപടിഞ്ഞാറൻ ഷാൻസിയിൽനടന്ന 1946-ലെ തിരഞ്ഞെടുപ്പിൽ മുപ്പത്തിരണ്ടു പ്രവിശ്യകളിൽനിന്നുമായി എൺപത്തിനാല് ശതമാനം പ്രായമെത്തിയവരും വോട്ടുചെയ്തു. പ്രവിശ്യാകൌൺസിലുകളിലേക്കു തിരഞ്ഞെടുത്തവരിൽ കമ്യൂണിസ്റ്റുകാരും കൂമിന്താങ്ങുകാരും ക്രിസ്ത്യാനികളും മുസ്ലീമിങ്ങളും ഉൾപ്പെടുന്നു. സംസ്ഥാനത്തിൻെറ തലസ്ഥാനമായ ശിങ്ങ്ശ്യനിലേക്കു ആദ്യത്തെ എട്ടു പ്രവിശ്യകളിൽനിന്നു തിരഞ്ഞെടുപ്പുഫലം വന്നു. പ്രവിശ്യാകോൺഗ്രസ്സുകളിലേക്കുള്ളവരിൽ 47 ജന്മികാം, 86 ധനികകൃഷിക്കാർ, 208 ഭേദപ്പെട്ട കൃഷിക്കാർ, 132 കൂലികൃഷിക്കാർ, രണ്ട് കാർഷികകൂലിവേലക്കാർ, 6 കച്ചവടക്കാർ, 10 തൊഴിലാളികാം എന്നിവരെല്ലാം ഉണ്ടായിരുന്നു. എല്ലാവർഗ്ഗക്കാരും പങ്കെടുക്കുന്നതുതന്നെ വീണ്ടും പ്രത്യക്ഷപ്പെടുന്നു!

മദ്ധ്യസമതലപ്രദേശത്തു നടാടെ തിരഞ്ഞെടുപ്പ് നടന്ന ഒരു വില്ലേജിലെ അനുഭവം സിഡ്നി റിററൻബർഗ്ഗ് എന്നോടു പറഞ്ഞു. നിർദ്ദേശപത്രിക, പ്രചാരവേല, തിരഞ്ഞെടുപ്പ് എന്നീ

വിവിധഘട്ടങ്ങളും അദ്ദേഹം നേരിട്ടു കണ്ടതാണ്. പേർ നിർദ്ദേശിക്കാൻ ആദ്യമായി പൊതുയോഗംകൂടി. നാനൂറ് ഗ്രാമീണർ വന്നു. നാലുപേരുകൾ നിർദ്ദേശിച്ചു. ഒരാഴ്ച വിപുലമായ വാദപ്രതിവാദങ്ങൾനടന്നു: എന്നിട്ട് തിരഞ്ഞെടുപ്പിനുള്ള പൊതുയോഗംകൂടി. നാലു സ്ഥാനാർത്ഥികളും ഒരു പ്ലാററുഫോറത്തിലിരുന്നു. ഓരോരുത്തരുടേയും മുന്നിൽതന്നെ കണ്ടൻകുടുക്ക വെച്ചിട്ടുണ്ട്. അവർ ഓരോരുത്തരായി അവസാനതിരഞ്ഞെടുപ്പുപ്രസംഗം ചെയ്തു. തിരഞ്ഞെടുപ്പു പ്രസംഗം കേട്ട് പരിചയമില്ലാത്തതുകൊണ്ട് എന്താണ് പറയേണ്ടതെന്നു അവർക്കു വിഷമമായി.

ഏതാണ്ട് ഇങ്ങിനെയാണ് എല്ലാവരും പറഞ്ഞത്. "എന്തിനാണ് എനിക്കു നിങ്ങൾ വോട്ടുചെയ്യുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ ആ പഴയ വോങ്ങ് മാത്രമാണ്; മൂഢനും വിഡ്ഢിയുമാണ്. നിങ്ങൾ എന്നെ തിരഞ്ഞെടുത്താൽ നമ്മുടെ ജലസേചനകാര്യം ഞാൻ ശ്രദ്ധിക്കാം. എല്ലാവർക്കും അതിൽ ഓഹരികിട്ടുമല്ലോ. പിന്നെ പ്രജായത്തപരമായ നികുതിപരിപാടിക്കുവേണ്ടി വാദിക്കുകയുംചെയ്യാം" (ഇതിന്റെ അർത്ഥം കൂടുതൽ വിളവിനു കൂടുതൽ നികുതി എന്നാണ്. വില്ലേജിനുള്ളിൽ നികുതിനിർണ്ണയിക്കുന്നതു വില്ലേജ്കൌൺസിലാണ്) ഒരു സ്ഥാനാർത്ഥി പള്ളിക്കൂടം വാദ്ധ്യാരായിരുന്നു. ചരിത്രത്തിന്റെ വെല്ലുവിളി തലക്കടിച്ചപോലെയാണ് മൂപ്പർ പ്രസംഗിച്ചത്: രണ്ടായിരം കൊല്ലമായിട്ട് ഇതാ ഇപ്പോഴാണ് ഈ ഗ്രാമത്തിലെ ജനങ്ങൾക്കു ഗവൺമെണ്ട് എന്തുചെയ്യണം എന്തുചെയ്യേണ്ട എന്നു പറയാനുള്ള അവസരം ഇദംപ്രഥമമായി കരഗതമായിരിക്കുന്നത്"

പിന്നീട് ജനങ്ങൾ ഒററവരിയായി കെട്ടിടത്തിന്നു പുറത്തു കടന്നു. പോകുന്നവഴിക്ക് തിരഞ്ഞെടുപ്പുകമ്മററി മേശയിട്ടിരി

ക്കുന്നുണ്ട്. ഓരോരുത്തക്കും വെള്ളാരൻ ചരൽമണിയും മൂന്നു കറുത്ത ചരൽമണികളും കൊടുക്കും_കുരുമണി ഉണ്ടാവാത്ത പ്രദേശമാണിതു്_അവിടുന്നു് അവർ വേറൊരു വാതലിലൂടെ തളത്തിൽ കടന്നു നാലു കുടുക്കകളിലും ഓരോ ചരലിടും. കുടുക്കക്കുള്ളിലേക്കു കൈകടത്തീട്ടേ ചരലിടാവൂ എന്നാണ് നിർദ്ദേശം. രഹസ്യം പാലിക്കുന്നതിന്നാണ്. വെള്ളാരൻകല്ല് തനിക്കിഷ്ടമുള്ള സ്ഥാനാർത്ഥിയുടെ കുടുക്കയിലിട്ടേക്കണം. കറുത്ത ചരൽ എല്ലാവരും നിർദ്ദേശപ്രകാരംതന്നെ ചെയ്തു. പക്ഷെ വെള്ളമാത്രം എല്ലാവരും കാണെ പൊക്കിപ്പിടിച്ചിട്ടേ ഇട്ടുള്ളു. അവർ ആൎക്കാണ് വോട്ടു ചെയ്തതെന്നു നാലാൾ അറിയണമെന്നൊരു സിദ്ധാന്തം.

"ഈ അവസാനനിമിഷം വരുമ്പോൾ എല്ലാവരും കൊടുങ്കാററിൽ പെട്ടതുപോലെയാണ്" റിററൻബഗ്ഗ് പറഞ്ഞു: "പേർ നിർദ്ദേശിച്ചപ്പോഴും പ്രചാരവേലാവാരത്തിലും തിരഞ്ഞെടുപ്പിൻെറ നേരെ ഉദാസീനതയാണ് എല്ലാവരും പ്രകടിപ്പിച്ചതു്. പക്ഷെ വോട്ടുചെയ്യുക എന്നായപ്പോൾ എല്ലാരും ഇളകിവശായി."

വാദ്ധ്യാരാണ് വിജയിച്ചതു്. ഉടൻ അദ്ദേഹം പൊതുയോഗം വിളിച്ചുകൂട്ടി തിരഞ്ഞെടുപ്പുനടവടിയെ വിമശിച്ചു. അദ്ദേഹം പറഞ്ഞു: "നമ്മുടെ ജനങ്ങൾക്കു ഇതേവരെ വോട്ടവകാശമുണ്ടായിരുന്നില്ല. ഇപ്പോൾ അതു കിട്ടിയപ്പോഴോ ജിജ്ഞാസ പുറത്തുകാട്ടാതെ വയ്യെന്നായി. അടുത്തതവണ ഇതിനെ നാം ജയിക്കണം. ശരിക്കും രഹസ്യവോട്ടിങ്ങ് നടത്തണം." എല്ലാവരും സമ്മതിച്ചു.

ഈ പ്രദേശങ്ങളിൽ ജലസേചനത്തെപ്പററിയുള്ള വക്കാണങ്ങളാണ് പ്രാദേശികഭരണത്തിൻെറ ജീവന്മരണപ്രശ്നം. ശക്തനായ ഭൂവുടമ അശക്തനെ പിഴിയുന്ന കാര്യമാണിതു. മുൻകാലങ്ങ

ളിൽ വഴക്കുകാർ പ്രവിശ്യാമജിസ്ട്രേട്ടിന്റെ മുന്നിലെത്തും. അയാൾ എപ്പോഴും ശക്തന്റെ ഭാഗത്തേക്കേ ചെരിയുകയുള്ളു. ജനാധിപത്യതിരഞ്ഞെടുപ്പുകൾ വന്നതോടെ ജലനിയന്ത്രണത്തിലും പുതിയ വ്യവസ്ഥകൾ വന്നു. വില്ലേജുചെയർമാൻ—വില്ലേജിനേക്കാൾ വലുതാണ് സ്ഥലമെങ്കിൽ പ്രവിശ്യമജിസ്ട്രേട്ട്—വിവാദത്തിലുള്ള ജലഃസമ്പത്തോട് ബന്ധപ്പെട്ട എല്ലാവരുടേയും കൂടിയോഗം വിളിക്കും. അതിൽവെച്ച് ആൎക്കും ദ്രോഹമില്ലാത്തവിധം പ്ലാനുണ്ടാക്കും. എന്നിട്ട് ആ പ്ലാൻ വോട്ടിനിടും.

"അങ്ങിനെയാണ് ജനാധിപത്യഭരണം" എന്നാണ് ഒരു കൃഷിക്കാരൻ തെക്കൻവയൽഗ്രാമത്തിലെ സമ്മേളനത്തിൽ വെച്ച് റിററൻബഗ്ഗിനോടു അഭിപ്രായപ്പെട്ടതു്.

വിമുക്തപ്രദേശങ്ങളിലെല്ലാഭാഗത്തും കൃഷിക്കാർക്കു തങ്ങളുടെ തിരഞ്ഞെടുപ്പുകളിൽ വലിയ അഭിമാനമാണ്. "പൊട്ടിയമുടി"യെന്ന ഗ്രാമം ഞാൻ സന്ദർശിച്ചു. യെനാനിൽനിന്നു വളരെ ദൂരത്തല്ലാതെ കുന്നിൻചെരുവിൽ ഗുഹകളാലുണ്ടാക്കിയ ഗ്രാമമാണ്. അിവടെവെച്ച് ഒരു സംഭാഷണമുണ്ടായി. ഞങ്ങൾ പുഴകടക്കുന്നതുകണ്ട് കുറെ ജനങ്ങൾ ഭൂമിയിൽനിന്നെന്നപോലെ പുറത്തേക്കുവന്നു കുന്നിൻചെരുവിൽ താഴോട്ടുനോക്കി നില്പായി. ആകാശനീലിമ പശ്ചാത്തലം കൂടിയായപ്പോൾ മനോഹരകാഴ്ചയായിരുന്നു അതു്. ഇന്നത്തെ ലോകത്തിൽനിന്നു എത്രയോ പിറകിൽ കിടക്കുന്ന ചരിത്രാതീതകാലത്തെ ഗുഹാമനുഷ്യരെപ്പോലെയാണവർ പ്രത്യക്ഷപ്പെട്ടതു്. അടിച്ചുപരത്തിയ ഒരു തറയിൽ ഒരു കഴുത വലുതായ ഉരുളൻകല്ല് വലിച്ച് കററമെതിക്കുന്നുണ്ട്. അടുത്തുകണ്ട ഗ്രാമീണനോട് വില്ലേജ്ചെയർമാനെവിടെ എന്നു ഞാൻ ചോദിച്ചു. ഏതാണ്ട് അമ്പതു വയസ്സ് പ്രായമായ ഒരാൾ ഒരു മൺതിണ്ടിന്മേൽ ഇരുന്നു വെയിലത്ത് രോമം നൂൽക്കുന്നു. അവർ അയാളെ ചൂണ്ടിക്കാട്ടി.

"എങ്ങിനെയാണദ്ദേഹം ചേർമാനായതു്?" ഞാനവരോടു ചോദിച്ചു.

"കഴിഞ്ഞകൊല്ലം ഞങ്ങരം തിരഞ്ഞെടുത്തു" പലരും കൂടി പറഞ്ഞു. കൂട്ടത്തിൽ ഒരാഠം മുന്നോട്ടുവന്നു് അല്പം വെല്ലുവിളിസ്വരത്തിൽ പറയുകയാണ്, "ഞങ്ങരംക്ക തോന്നുമ്പോരം വേണ്ടെന്നുവെക്കുകയുമാവാം. ഞങ്ങരംക്കിപ്പോരം ജനാധിപത്യഭരണമാണുള്ളതു."

അവരതു പറയുന്നതു കേട്ടാൽ നമുക്കൊരു വല്ലായ്മതോന്നും. കേവലം ശിലായുഗത്തിലാണവർ. ചെരുപ്പിന്റെ അടിയുണ്ടാക്കുന്നതു ചണകൊണ്ടാണ്, ചണയെണ്ണകൊണ്ടു് വിളക്കുകത്തിക്കുന്നു. മണ്ണെണ്ണയും മെഴുകുതിരിയും ഇനിയും കണ്ടിട്ടില്ലാത്ത കൂട്ടർ. അവർക്കവരുടെ ചെയർമാനെ തിരികെ വിളിക്കാമെന്നു അഭിമാനം തുള്ളുന്നു. ഞങ്ങളുടെ ഏററവും ഉശിരുള്ള ജനാധിപത്യകാലഘട്ടത്തിൽ സീററിൽ പട്ടണത്തിൽ ഞങ്ങരം വീമ്പിളക്കാറുള്ളതാണിതു.

"കമ്മ്യൂണിസ്റ്റുകാർ വരുംമുമ്പു എപ്പോഴെങ്കിലും തിരഞ്ഞെടുപ്പുകരം നടന്നിട്ടുണ്ടോ?"

"ഇല്ല," അവർ മറുപടിപറഞ്ഞു. "തിരഞ്ഞെടുപ്പും ഉൽപാദനവികസവും കമ്മ്യൂണിസ്റ്റുകാരാണ് കൊണ്ടുവന്നതു്."

അപ്പോഴേക്കും അവർ ചോദ്യങ്ങരം എന്റെനേരെയായി. ഞാൻ ഏതു ദിക്കുകാരി? അമേരിക്കയോ? "ശരി" അവർ ആശ്വസിപ്പിക്കയാണ്: "നല്ല അമേരിക്കക്കാരുമുണ്ടു്; കെട്ട അമേരിക്കക്കാരുമുണ്ടു്. ചീനക്കാരിലുമില്ലെ നല്ലവരും കെട്ടവരും: പക്ഷെ ച്യാങ്ങിനെ ഈ അമേരിക്കൻ ഗവമ്മേണ്ടു് സഹായിക്കുന്ന പണി വളരെ മോശമാണ്."

വിമുക്തപ്രദേശങ്ങളിലെ സാഹിത്യത്തിൽ തിരഞ്ഞെടുപ്പു ദൃശ്യങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ ധാരാളമാണ്. "രണ്ടാംകുട്ടിക്കുറമ്പന്റെ കല്യാണം" എന്നതു ഒരു രസികൻ കൊച്ചുനോവലാണ്. പുതിയ ഭരണം വന്നിട്ടും എങ്ങിനെയാണ് രണ്ടു വില്ലേജ് കൊള്ളക്കാർ അധികാരത്തിലിരുന്നതു എന്നു വിവരിക്കുന്നതാണ് അതിലെ കഥ. "ചിൻവാങ്ങ്, ഷിങ്ങ്‌വാങ്ങ് എന്ന രണ്ടു സഹോദരന്മാർ അവർ കൂട്ടായ്മക്കവെച്ച്ക്കാരുമായുള്ള ബന്ധം വഴി കുറെ പണം സമ്പാദിക്കുന്നു. ആളുകളെ തട്ടിക്കൊണ്ടുപോകാൻ സഹായിക്കലും. എന്നിട്ട് മോചനസംഖ്യ പറഞ്ഞു ശരിപ്പെടുത്തലുമാണവരുടെ വിദ്യ. എട്ടാംപട്ടാളം വില്ലേജിൽനിന്നു കള്ളന്മാരെ തുരത്തിവിട്ടു. എന്നിട്ടും ഈ സഹോദരന്മാർ അധികാരത്തിൽ ഇരുന്നു.

"കുന്നിൻപ്രദേശത്തെ ജനങ്ങൾക്കു ആദ്യമാദ്യം അത്ര ധൈര്യമില്ലായിരുന്നു. കുറെ കുഴപ്പങ്ങൾ നടന്നു. അനവധി പേർ മരിച്ചു. ആരും തല പുറത്തുകാട്ടാൻ ധൈര്യപ്പെട്ടില്ല.......മററു വലിയ വില്ലേജുകളിൽ പോലും തിരഞ്ഞെടുത്ത ഗവമ്മേണ്ടുവന്നു. എല്ലാതരം "രാഷ്ട്രരക്ഷാസംഘ"ങ്ങളും വന്നു—കൃഷകസംഘം മഹിളാസംഘം, യുവജനസംഘം എന്നിവ. സൈനികക്കമ്മിററികളുമായി. പ്യൂ കുടുംബാടിവാരത്തിൽ മാത്രം യാതൊരാളും രാഷ്ട്രീയമായി അനങ്ങുന്നില്ല, പ്രവിശ്യയിൽ നിന്നു വന്ന ഏജൻറ് മാത്രം ഇളകുന്നുണ്ട്.

"കുറച്ചുകാലം കഴിഞ്ഞാറെ തിരഞ്ഞെടുപ്പുകൾ നടത്താൻ പ്രവിശ്യാഗവമ്മേണ്ട് ഒരുദ്യോഗസ്ഥനെ അങ്ങോട്ടയച്ചു. ചിൻവാങ്ങും ഷിങ്ങ്‌വാങ്ങും അധികാരം കവരാൻ ഇതുതന്നെ മററാവസരം എന്നു കണ്ടു. രാഷ്ട്രീയത്തിൽ പങ്കെടുക്കുന്നവരെ ആരും

തടയില്ലല്ലോ. ജനങ്ങൾ ഷിങ്ങ്‌വാങ്ങിനെ രാഷ്ട്രീയതലവനാ യും ചിങ്ങ്‌വാങ്ങിനെ രക്ഷാധിപതിയായും തിരഞ്ഞെടുത്തു. ചി ങ്ങ്‌വാങ്ങിൻെറ ഭാര്യയെ മഹിളാദേശരക്ഷാസമിതിയുടെ അ ദ്ധ്യക്ഷയാക്കി.... ബാക്കി ഓരോ സ്ഥാനത്തേക്കും ഓരോ പഴഞ്ച ന്മാരെ എടുത്തു!

"ഇതോടുകൂടി ചിൻവാങ്ങിൻെറയും ഷിൻവാങ്ങിൻെറയും ഭയങ്കരത തിരുതകൃതിയായി...... മലയും പുഴയുംപോലെ ശാശ്വ തരായി അവർ. ജനങ്ങൾക്കവരോടുള്ള വെറുപ്പിനു പറഞ്ഞാലററ മില്ല. പക്ഷെ ആർക്കും എതിരായി അക്ഷരമൊന്നുരിയാടാൻ ചങ്കു റപ്പില്ല. അവരെ അധികാരത്തിൽ നിന്നു നീക്കാത്തിടത്തോളം എതിരിട്ടാൽ തല പോകുമെന്നവർ ഭയപ്പെട്ടു."

അങ്ങിനെ ആ രണ്ടു കാട്ടുകള്ളന്മാരും വില്ലേജ്ഭടന്മാരെ സ്വന്തം ഭൃത്യന്മാരെപ്പോലെയാക്കി. പണം പിടുങ്ങാനും ധാന്യം കൊള്ളചെയ്യാനും അവർക്കിഷ്ടമുള്ള സ്ത്രീകളെ പിടികൂടാനും അവ രെ ഉപയോഗിച്ചു. അങ്ങിനെ കഥ നീങ്ങിനീങ്ങി അവസാനം ആ ഘാതകന്മാർ കഥാനായകനേയും നായികയേയും ക്ഷുദ്രകു ററങ്ങൾ ചുമത്തി ജയിലിലിടുന്നതുവരെ എത്തുമ്പോൾ നായികാ നായകന്മാരുടെ സമരം പരമകാഷ്ഠയിലെത്തുന്നു. പിന്നീട് ജന ങ്ങൾ പൊതുയോഗം കൂടി ആ ഘാതകന്മാർക്കെതിരായി തുറന്നു കാര്യംപറയുകയും പുതിയ തിരഞ്ഞെടുപ്പുകൾ നടത്തുകയും തുട ർന്നു വില്ലേജ്ഭരണത്തിൻെറ അലകും പിടിയും മാററുകയും ചെയ്യു ന്നു.

"കണ്ണിമക്കൂട്ടാതെ കാത്തുകൊള്ളണം സ്വാതന്ത്ര്യം" എന്നാ ണ് കഥയുടെ സാരം—ചൈനയിൽ മാത്രമല്ല ലോകത്തിലെവി ടേയും.

# നീതിന്യായം

ചൈനയിലെ സുപ്രീംകോടതിയിലംഗമായിരുന്ന ചെൻച്ചിങ്ങ് കുൻ എന്ന വയസ്സൻ ജഡ്ജി പീപ്പിങ്ങിലെ അപകടകരമായ സുഖഭോഗങ്ങൾ ഉപേക്ഷിച്ച് യെനാനിലെ കൂടുതൽ സുരക്ഷിതമായ പ്രാകൃതജീവിതത്തിലേക്ക അഭയംതേടി ഓടുന്നവഴിക്ക് കൌശ്യേൻ എന്ന ഗ്രാമത്തിൽ പുതിയ "ജനാധിപത്യ"കോടതിയുടെ പ്രവൎത്തനം കണ്ടു മനസ്സിലാക്കാൻ തങ്ങുകയുണ്ടായി. നിസ്തുലമായ മൂന്നു ചീനപദങ്ങളിൽ അദ്ദേഹം തൻെറ അഭിപ്രായം പുറപ്പെടുവിച്ചു: "ഇവരുടെ നീതിന്യായം സ്വാഭാവികവും, ഏടാകൂടമില്ലാത്തതും സ്വൎഗ്ഗീയവുമത്രെ". സ്വൎഗ്ഗീയം എന്നതു ഒരു പുത്തൻകൂറുകാരൻെറ കടന്ന ഉത്സാഹത്തള്ളലായി നമുക്കു വിട്ടുകളയാം. എന്നാൽ നീതിന്യായം ജനാധിപത്യപ്രദേശങ്ങളിൽ ഏടാകൂടമില്ലാത്തതും പ്രകൃത്യനുസൃതവുമാണെന്നതു ആൎക്കും നിഷേധിക്കാവതല്ല.

ആയിരമായിരംകൊല്ലങ്ങളായി ചൈനയിൽ നിയമം ജന്മികളുടേയും ഉദ്യോഗസ്ഥന്മാരുടേയുമായിരുന്നു; ഇപ്പോഠം അതു ജനങ്ങളുടെയായി. അതാണ അടിസ്ഥാനപരമായ വ്യത്യാസം. കോടതിച്ചിലവു കുറക്കാൻ മാദ്ധ്യസ്ഥ്യം കൂടുതൽ ഉപയോഗിക്കുന്നതിലും, ഭർത്തൃഘാതകികളായ സ്ത്രീകളോടുള്ള കക്ശക്കുറവിലും ഭൂമിയേയും കടബാദ്ധ്യതകളേയും സംബന്ധിക്കുന്ന വിധികളിലും യുദ്ധഘാതകികളെ വിചാരണചെയ്യുന്ന ജനകീയകോടതികളുടെ നടവടികളിലും എല്ലാററിലുമുപരി നടവടികളിൽ വന്നിട്ടുള്ള ലാഘവത്തിലും ഇതു പ്രത്യക്ഷപ്പെടുന്നുണ്ടു്:

മുമ്പ് നിയമം എന്തായിരുന്നു എന്നു ഭൂപരിഷ്ക്കരണവേളയിൽ പല വ്യവഹാരങ്ങളിലും വെളിപ്പെടുകയുണ്ടായിട്ടുണ്ടു്.

ഷാൻതുങ്ങിൽ ഒരു ജന്മിയുടെ പന്നി ഒരു കൃഷിക്കാരൻെറ കോഴിക്കുഞ്ഞുകളെ തിന്നപ്പോഠം കൃഷിക്കാരൻ പന്നി ആരുടേതെന്നറിയാതെ അതിനെ എറിഞ്ഞുകൊന്നു. അതിനു പിഴയായി ജന്മി കൃഷിക്കാരൻെറ ആകെയുണ്ടായിരുന്ന അര ഏക്ര ഭൂമി പിടിച്ചെടുത്തു. കൃഷിക്കാരൻ നിദ്ധനനായി. ഷാൻസിയിൽ ലി എന്ന ജന്മി ഒരു കൃഷിക്കാരൻെറ കയ്യിൽനിന്നു് രണ്ടു് ഏക്ര ഭൂമി കടം തീക്കാനെന്നുപറഞ്ഞു വാങ്ങി. പലിശ അതു അധികമായിരുന്നതുകൊണ്ടു് ഈട്ടംകൂടി കൃഷിക്കാരനു് കൊടുത്തുതീക്കാനാവാതെവന്നതാണ്. കൃഷിക്കാരൻ നിരക്ഷരനായിരുന്നു. ജന്മി അയാളുടെ നാലേക്രയും ആഠംക്കാരെ കൂട്ടി ഉഴുമകഴിച്ചു. മജിസ്ട്രേട്ട് ജന്മിക്കു ഗുണമായി വിധിക്കയും ചെയ്തു.

ഷാൻതുങ്ങിൽ ചി ജന്മിവീട്ടിൽ അടിമവേലയെടുക്കാൻ ഒരു കൃഷിക്കാരൻെറ പതിനൊന്നു വയസ്സായ മകളെ വിലക്കു വാങ്ങി. അവഠംക്കു പതിനഞ്ചുവയസ്സായ സമയത്ത് ചി അവ

ളെ ബലാൽസംഗം ചെയ്തുതുടങ്ങി. പതിനേഴാമത്തെ വയസ്സിൽ അവാംക്ക് ഗർഭമുണ്ടെന്ന കുററം ചുമത്തി അവളെ വീട്ടിൽനിന്നു അടിച്ചു പുറത്താക്കി. അവളുടെ അച്ഛൻ കേസ്സുകൊടുത്തു. ചിമജിസ്ട്രേട്ടിനോട് പറഞ്ഞു് അയാളുടെ പേരിൽ അവീൻ വിററവെന്ന് കള്ളക്കേസ്സെടുത്തു. അവീൻവിററാൽ മരണമാണ് ശിക്ഷ. കൃഷിക്കാരനെ തൂക്കിക്കൊന്നു, നിരാശകൊണ്ടു് മകാം ആത്മഹത്യയും ചെയ്തു. ഇതേ കഥകാം എല്ലായിടത്തും എത്രയോ തവണ നടന്നിട്ടുണ്ടു്. വടക്കൻക്യാങ്സുവിൽ ഒരു ജന്മി തൻെറ കുടിയാൻെറ മകളെക്കൊണ്ടു് കൂലിയില്ലാതെ വേലയെടുപ്പിക്കയും പിന്നീട് അവളെ ബലാൽസംഗംചെയ്യുകയും ചെയ്തു. അവസാനം ജന്മിയുടെ ഭാര്യ അവളെ ആട്ടിപ്പുറത്താക്കി. കോടതിയിൽപോകുമെന്നു കുടിയാൻ ഭീഷണിപറഞ്ഞു. അയാാംക്കു കള്ളന്മാരുമായി ബന്ധമുണ്ടെന്നു സ്ഥാപിച്ചു് ജന്മി അയാളെ നാട്ടിൽനിന്നോടിച്ചു. അയാളുടെ ഭൂമി സ്വന്തമാക്കുകയും ചെയ്തു.

ചിലപ്പോാം ഒരു വില്ലേജിനാകെ നീതി ലഭിക്കാതെ വന്നിട്ടുണ്ടു്. ഷാൻതുങ്ങിലെ ഒരു വില്ലേജിൽ നല്ല വെള്ളമുള്ള ഒരു കിണറേയുള്ളു. 25 കൊല്ലം അതിന്മേൽ തക്കംനടന്നു. തെരുവിൻെറ നടക്കുള്ള കിണർ ഗ്രാമക്കാരുടെ പൊതുസ്വത്തായിരുന്നു. ദുരാഗ്രഹിയായ ഒരു ജന്മി കിണറിൻെറ ഇരുപുറവുമുള്ള ഭൂമി വാങ്ങി കിണർ വളച്ചുകെട്ടി ആയുധധാരികളെ പാറാവു നിർത്തി. ഇരുപത്തഞ്ചു് കൊല്ലത്തിനിടക്കു മൂന്നു പ്രാവശ്യം വ്യത്യസ്തസംസ്ഥാനഗവമ്മേണ്ടുകളുടെ കീഴിൽ നീതി ലഭിക്കാനായി കൃഷിക്കാർ കോടതികയറി പാപ്പരായി. ഓരോ തവണയും ജന്മി അനുകൂലമായ വിധി വിലക്കുവാങ്ങി. കമ്യൂണിസ്റ്റ് ഭരണം വന്നിട്ടു് ആദ്യത്തെ രണ്ടുകൊല്ലം ജാപ്പ് യുദ്ധത്തിൽ ശത്രുശ്രദ്ധരാം

യിരുന്നതുകൊണ്ട് ഗ്രാമക്കാരുടെ പരാതി അവർക്ക ശ്രദ്ധിക്കാൻ സാധിച്ചില്ല. 1946ൽ ഭൂപരിഷ്കരണം വന്നപ്പോഴേ കൃഷിക്കാക്ക തങ്ങളുടെ കിണർ തിരികെ കിട്ടിയുള്ളു. 25 കൊല്ലം നിയമവിരോധം നടത്തിയതിന്നു പിഴയായി ജന്മിയുടെ ഭൂമിയിൽ പകുതി 'കണക്കതീക്കാ''നും എടുത്തു.

യെനാൻ സുപ്രീംകോടതിയിലെ പ്രധാന ജഡ്ജി മാശിവു പറഞ്ഞു: "കചാമിന്താങ്ങ് പ്രദേശത്തും ജനാധിപത്യപ്രദേശത്തുമായി ഈ പുതിയ നിയമങ്ങാംക്ക വലിയ വിത്യാസമൊന്നുമില്ല. വ്യത്യാസം നിയന്ത്രണത്തിലും നടവടിയിലും എല്ലാററിലുമധികം ബോധത്തിലുമാണ്. ജനങ്ങാംക്ക നീതിന്യായത്തെപ്പററിയുള്ള അഭിപ്രായങ്ങാംക്കരൂപംകൊടുത്തു കൊണ്ട് കഴിയുന്നത്ര നീതിന്യായം ജനങ്ങാംക്ക അടുത്തും സൌകര്യപ്പെട്ട ഇരിക്കാൻ ഞങ്ങാം ശ്രമിക്കുന്നു''.

യെനാനിൽ എൻെറ ഗുഹ സന്ദർശിച്ച ഉദ്യോഗസ്ഥന്മാരിൽ ഏററവും മോശമായ വസ്ത്രങ്ങാം ധരിച്ചുവന്നയാാം മാശിവു ജഡ്ജിയാണ്. സാധാരണയായ പരുത്തികൊണ്ടുള്ള നീല യൂണിഫോറം ധരിച്ചിട്ടുണ്ട്. പക്ഷെ അതിൽ ചായം ചിലേടത്തെയുള്ളു. ഒരു പാണ്ടൻനിറം; മുഷിഞ്ഞിരിക്കുന്നു. കുറച്ചുകൂടി ഇരുണ്ട പച്ചനിറത്തിലുള്ള ഒരു തൊപ്പി തലയിൽ അമത്തിവെച്ചിട്ടുണ്ട്. കൊമ്പുഫ്രേമോടുകൂടിയ കണ്ണടയും. രോമംകൊണ്ടുള്ള വെളുത്ത സോക്‌സ് മാത്രമാണ് ആശ്വാസകരമായ ഒരിനം. വയസ്സായതിന്നുള്ള പ്രത്യേകവിട്ടുവീഴ്ചയാണതു്. ഷഷ്ടിപൂർത്തികഴിഞ്ഞിട്ടും ആാം ചൊറുചൊറുക്കോടുകൂടിയിരിക്കുന്നു. യെനാനിലെ സുപ്രീംകോടതിയിലേക്കുള്ള എഴുന്നൂറടി കുന്ന് ദിവസേന കയറിയിറങ്ങാൻ ഒരു ക്ലേശവുമില്ല. അതിന്നിടക്ക പല ഗ്രാമ

ങ്ങളിലും എത്തുകയും ചെയ്യും. വിവാഹവഴക്കുകളെ സംബന്ധിച്ച് അദ്ദേഹം പുറപ്പെടുവിച്ച വിധികളെ ആസ്പദമാക്കി പല പാട്ടുകളും നാടകങ്ങളും ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തെതന്നെ ഒരു കഥാപാത്രമാക്കീട്ടുള്ളവയുമുണ്ട്. വയസ്സൻ മാ ജഡ്ജിയുടെ മുഖത്തെന്നപോലെ ബുദ്ധിശക്തിയും ദയാവായ്പും അധികാരബോധവും ഇത്ര ഭംഗിയായി സമ്മേളിച്ച മുഖം ഞാൻ വളരെയൊന്നും കണ്ടിട്ടില്ല.

അതൃത്തിപ്രദേശങ്ങളിൽ നീതിന്യായം നടത്താൻ ഇരുപത്തൊമ്പതു പ്രവിശ്യാകോടതികളും നാലു ശാഖകളോടുകൂടിയ ഒരു സുപ്രീംകോടതിയും ഉണ്ടെന്നു അദ്ദേഹം വിവരിച്ചു തന്നു. ജനങ്ങാംക്കു സൌകര്യപ്പെടാൻവേണ്ടി സുപ്രീംകോടതിയുടെ കീഴിൽ ഒരു സർക്കീട്ടുകോടതിയുമുണ്ട്. ജനകീയകോൺഗ്രസ്സാണ് സുപ്രീംകോടതിയുടെ തലവനെ തിരഞ്ഞെടുക്കുന്നതു. പ്രവിശ്യാകോടതികളിൽ ജനങ്ങാം പ്രാദേശികമായി തിരഞ്ഞെടുക്കുന്ന ഒരു മജിസ്ട്രേട്ടും സുപ്രീംകോടതി നിയമിക്കുന്ന ഒരു ജഡ്ജിയും ഉണ്ടായിരിക്കും.

"ഞങ്ങളുടെ മജിസ്ട്രേട്ടുമാരേയും പ്രധാന ജഡ്ജിയേയും തിരഞ്ഞെടുക്കുന്നു, കപാമിന്താങ്ങ് പ്രദേശങ്ങളിൽ അവരെ നിയമിക്കുകയാണ്, കപാമിന്താങ്ങിൻെറ കീഴിൽ കോടതിവ്യവഹാരം പണച്ചിലവു കൂടുതലുള്ളതും ഏടാകൂടം പിടിച്ചതുമാണ്, ഞങ്ങളുടേതു തുലോം ലാഘവപ്പെടുത്തീട്ടുണ്ട്. നീതിന്യായം പണച്ചിലവില്ലാത്തതരത്തിലാക്കാൻ ഞങ്ങാം എപ്പോഴും മാർഗ്ഗങ്ങാം തേടിക്കൊണ്ടിരിക്കയാണ്".

ചിലവു കുറക്കാനും നീതിന്യായം ജനങ്ങാംക്കു അടുത്തു് എത്താനും പുതിയ വഴി എടുത്തിട്ടുള്ളതിൽ ഒന്നാണ് മാദ്ധ്യസ്ഥ്യം.

പണ്ടും കക്ഷികൾ മാദ്ധ്യസ്ഥ്യം ആചരിക്കാറുണ്ട്. പക്ഷെ കോടതി അവയെ അംഗീകരിക്കാറില്ല. മാ ജഡ്ജി അതിനെ വികസിപ്പിക്കുകയും സാമൂഹ്യഘടനയിൽ ആഭ്യന്തരഭാഗമാക്കുകയും ചെയ്തു.

"സിവിൽകേസ്സുകൾക്കു മാത്രമെ മാദ്ധ്യസ്ഥ്യം ബാധിക്കു" മാ പറഞ്ഞു: "പ്രാദേശികവഴക്കുകൾ, ഭൂസംബന്ധമായ വക്കാണങ്ങൾ, വിവാഹവഴക്കുകൾ—ഇവയിലെല്ലാം കോടതികളെക്കാൾ നല്ലതു മാദ്ധ്യസ്ഥ്യമാണ്. മാദ്ധ്യസ്ഥ്യത്തിന്ന് അടിസ്ഥാനമായി മൂന്നു തത്വങ്ങളുണ്ട്. ഇരുഭാഗക്കാരും സ്വമേധയാ സമ്മതിക്കണം; പ്രാദേശികാചാരങ്ങൾക്കും ഗവമ്മേണ്ട് ശാസനങ്ങൾക്കും യോജിച്ച് വിധി വരണം; ഏതെങ്കിലും ഒരു കക്ഷിക്കു തൃപ്തിയായില്ലെങ്കിൽ കോടതിയിൽ പോകാൻ പിന്നേയും അവകാശമുണ്ടാവണം".

സാധാരണയായി മദ്ധ്യസ്ഥന്മാർ പട്ടണത്തിലെ ഉദ്യോഗസ്ഥന്മാരോ കൃഷികസംഘം പ്രസിഡണ്ടുമാരോ ആയിരിക്കും. മദ്ധ്യസ്ഥന്മാരിൽ കൂടുതൽ വിജയിക്കുന്നവക്കു പ്രസിദ്ധികിട്ടും. എല്ലാവരും അവരെ പിടികൂടാൻ തുടങ്ങും. വില്ലേജ് പൊതുയോഗങ്ങൾക്കും മാദ്ധ്യസ്ഥ്യം നടത്താം: പ്രവിശ്യാകോടതിക്കറിയുന്നതിലും അധികം സംഗതികൾ വില്ലേജിലെ കുറെ പേർ ചേന്നാലറിയും. മാ ജഡ്ജിതന്നെ വളരെ മാദ്ധ്യസ്ഥ്യങ്ങൾ നടത്തീട്ടുണ്ട്. ജനങ്ങൾക്കു നിയമം മനസ്സിലാകാനും പ്രാദേശിക ഉദ്യോഗസ്ഥന്മാക്കു സഹായകമാവാനും ഇതുപകരിക്കുന്നുവെന്നാണദ്ദേഹത്തിൻെറ അഭിപ്രായം.

വളരെയധികം കേസ്സുകളും ഗൌരവഹീനങ്ങളാണ്; എങ്കിലും അവ കക്ഷികളെ ഏറെ അലട്ടുന്നവയുമാണ്. ഉദാഹരണത്തിനു സൂയ്തെ വില്ലേജിൽ ഏതോ കുടുംബംവക ചുടലപ്പറ

മ്പിനെപ്പററി വഴക്കവന്നതെടുക്കാം. മരുമകൻ അമ്മാവനുമായിട്ടാണ് വഴക്ക്. "എൻെറ ഭൂമിയുടെ ഭാഗ്യം നശിപ്പിക്കുന്ന" വിധം അത്ര അടുത്ത് അമ്മാവൻ മകൻെറ ശവം മറവുചെയ്തുവെന്നാണാക്ഷേപം. കുഴിച്ചെട്ടുത്തു മാററണമെന്നു മരുമകൻ ശാഠ്യമായി. കാ ാ എന്ന മദ്ധ്യസ്ഥനെ അമ്മാവൻ സമീപിച്ചു. അദ്ദേഹം ജനസമ്മതനാണ് വില്ലേജിലുള്ള കാരണവന്മാരോട് കാ ാ സംസാരിച്ചു. അമ്മാവനെ അധിക്ഷേപിക്കാൻ മരുമകൻ എടുത്ത തന്ത്രമാണെന്നു കാ ാ മനസ്സിലാക്കി; ഇരുകക്ഷികളേയും വിളിച്ചുവരുത്തി ശവം മറവുചെയ്താൽ നിലത്തിൻെറ ഭാഗ്യം അസ്തമിക്കില്ലെന്നു വിധിച്ചു. മരുമകനോട് ആവശ്യം പിൻവലിക്കണമെന്നും നിർദ്ദേശിച്ചു. സമുദായത്തിൻെറ അഭിപ്രായമാണ് ശരിക്കും അടിസ്ഥാനം. എന്നാൽ മാദ്ധ്യസ്ഥ്യം എന്ന ചടങ്ങു കൊണ്ടാണ് മരുമകൻ ദുശ്ശാഠ്യംപിടിക്കാതെ വഴങ്ങിക്കൊടുത്തതു്.

കാ ാ തീർത്ത വേറൊരുകേസ്സ്. "ഭർത്താവിൻെറ മാതാപിതാക്കന്മാരെയും ചാർച്ചക്കാരേയും ധിക്കരിക്കുന്ന ഒരു മടിച്ചിപ്പെണ്ണ്. മാതാപിതാക്കന്മാരും സഹോദരന്മാരും എല്ലാംകൂടി പാർക്കുന്ന കൂട്ടുകുടുംബമാണ്. ഇവൾമാത്രം അവളുടെഓഹരി പണിയെടുക്കില്ല. അതു ഛിദ്രത്തിന്നുകരണമായി. ഒരു ദിവസം ഭർത്താവുതന്നെ സഹോദരന്നു വെള്ളം ചുമന്നു കൊണ്ടു വന്നുകൊടുത്തു. ഭാര്യ അയാളെ തെറിപറഞ്ഞു. അപ്പോൾ സഹോദരൻ അവൾക്കു രണ്ടുകൊടുത്തു. ഭാര്യ ഗ്രാമംമുഴവൻ നിലവിളികൂട്ടി നടന്നു; "ക്രൂരസഹോദരനോട് സമര"ത്തിന്നു യോഗം വിളിക്കണമെന്നാണവളുടെ നിലവിളി. കാ ാവിനെ വരുത്തി. അദ്ദേഹം എല്ലാവരുമായി സംസാരിച്ചു, എന്നിട്ട് യോഗംവിളിച്ചു. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം ഇരുകക്ഷികൾക്കും ചില്ലറ ശിക്ഷ ആവശ്യമാണെന്നു ഗ്രാമക്കാർ തീരുമാനിച്ചു. വില്ലേജ്

നിരത്തിൻെറ ഒരു ഭാഗം ആ സഹോദരൻ കേട്ടതീക്കണം, മാച്ച്മാസത്തിനുമുമ്പ് മടിച്ചി അഞ്ചുറാത്തൽ ആട്ടിൻരോമം നൂലാക്കണം എന്നു വിധിച്ചു.

ഭൂമിയുടെ അതൃത്തിസംബന്ധിച്ചുള്ള വഴക്കുകൾക്ക ഗൌരവം കൂടും. മിക്കപ്പോഴും അവ കുഴഞ്ഞുമറിഞ്ഞതാവും. പിറകിൽ നീണ്ടകാലത്തെ ചരിത്രംകാണും, ശരിക്കുള്ള അതൃത്തിനിർണ്ണയം കഷ്ടിയായിരിക്കും. അത്തരം കേസ്സുകൾ കോടതിയിലെത്തിയാൽ സാധാരണയായി അതു വില്ലേജിലേക്കുതന്നെ മാദ്ധ്യസ്ഥ്യത്തിന്നയക്കും. മദ്ധ്യസ്ഥനൊന്നിച്ച് ഇരുകക്ഷികൾക്കും സ്ഥലത്തുചെന്ന് അതൃത്തിനിർണ്ണയിക്കാവുന്നതുകൊണ്ട് അതാണ് എളുപ്പവും ന്യായവുമെന്നാണ് സിദ്ധാന്തം.

വില്ലേജ് മാദ്ധ്യസ്ഥ്യസംപ്രദായത്തിന്നു ഏറെ ജനബോദ്ധ്യം ലഭിച്ചിട്ടുണ്ട്. 1945 ൽ യെനാൻ പ്രവിശ്യയിൽ 1900 കേസ്സുകൾ മാദ്ധ്യസ്ഥ്യംവഴി തീത്തിട്ടുണ്ട്; ഹ്യേനിൽ 1100കേസുകൾ ഇതേവഴിതന്നെ തീത്തിരിക്കുന്നു. മററുള്ള ജനാധിപത്യപ്രദേശങ്ങളിലേക്കും ഈ പ്രസ്ഥാനം വ്യാപിച്ചിട്ടുണ്ട്. കക്ഷികളുടെ മുൻകൈസാമത്ഥ്യം വളത്താനും നിയമവും നീതിന്യായവും അവരെ അഭ്യസിപ്പിക്കാനും ഈ മാഗ്ഗം കൊള്ളാമെന്നുകരുതുന്നു. ഭരണീയരും ഭരണകത്താക്കളുംതമ്മിൽ കാലാകാലമായുള്ള വിടവുനികത്തുന്നതിൽ ഒരു പങ്ക് ഇതിന്നുണ്ട്.

വളരെ ഗൌരവമുള്ളകേസുകൾ പ്രവിശ്യാകോടതികളിൽ എത്താറുണ്ട്. മാ ജഡ്ജിയുടെ അഭിപ്രായം സിവിൽ കേസുകൾ അധികപക്ഷവും ഭൂമി, കടം, വിവാഹമോചനം എന്നിവ സംബന്ധിച്ചാണ്.

വിവാഹനിയമം ആധുനികമാക്കീട്ടുണ്ട്: വിവാഹസംപ്ര ദായം ഇല്ലതാനും. വിവാഹനിയമപ്രകാരം പുരുഷനു പത്തൊമ്പതുവയസ്സും സ്ത്രീക്ക പതിനേഴവയസ്സും തികയണം; നിർബന്ധ വിവാഹവും കന്യാവില്പനയും നിരോധിച്ചിട്ടുണ്ട്. വിവാഹവും വിവാഹമോചനവും ദമ്പതികളുടെ അഭിമതപ്രകാരമാണ് നടക്കുക, മാതാപിതാക്കന്മാരുടെയല്ല കമ്യൂണിസ്റ്റ്കാരും നഗരവാസികളും മാത്രമെ സാധാരണയായി നിയമം അനുസരിക്കാറുള്ളു. നാട്ടിൻപുറങ്ങളിൽ പെണ്ണിനെ വിലക്കവാങ്ങലും തട്ടിയെടുക്കലും സാധാരണയാണ്.

"ഏതെങ്കിലും ഒരു കക്ഷി ആക്ഷേപം കൊണ്ടുവരാതെ അത്തരം വിവാഹങ്ങളിൽ ഞങ്ങഠം കയ്യിടാറില്ല" എന്ന് മാ ജഡ്ജി പറഞ്ഞു. "ഏതെങ്കിലും ഒരു കക്ഷി ആക്ഷേപംകൊണ്ടുവന്നാൽ ഇരുകക്ഷികളുടേയും അഭിമതം ചോദിക്കും, വധു വിസമ്മതിക്കുന്ന ക്രയം അസാധുവാക്കുകയും ചെയ്യും. ആരും ആക്ഷേപക്കാരില്ലെങ്കിൽ വില കൊടുത്തതോ സ്ത്രീധനമോ എന്നു തീരുമാനിക്കാൻ വിഷമമാണ്. സ്ത്രീധനം എല്ലാരാജ്യത്തും നടപ്പുണ്ടല്ലോ."

കോടതിയിൽവരുന്ന കേസ്സുകളുടെ കാതുക പറയാം. മാ എന്ന കൃഷിക്കാരന്ന് ഭാവിയിൽ പുത്രഭാര്യയാവാൻ (മരുമകഠം) ഏഴവയസ്സായ ഒരു പെൺകിടാവിനെ ഒരുവൻ വിററു. ചൈനയിൽ വധു എന്നതിന്നു പകരം മരുമകഠം എന്ന പദമാണ് ഉപയോഗിക്കാറ്. എട്ട് വെള്ളി ഡോളറും നൂററാത്തൽ ധാന്യവും കൈമാറി പെൺകിടാവ് ഉടൻതന്നെ മാ കുടുംബത്തിലേക്കുപോയില്ല. ഒരു കൊല്ലത്തിന്നുശേഷം അവളുടെ അഛൻ അവളേയുംകൊണ്ട് യെൻഷാഫാൻെറ ശീമയിലേക്ക കടന്നു. ഈ പുതിയ പാപ്പിടത്തിൽവെച്ച് അയാളുടെ ഭാര്യ മരിച്ചു. പ

തിയ ഒരുത്തിയെവാങ്ങാൻ കാശുമില്ല. പ്രായപൂർത്തിവന്ന മക നോട്ടുകൂടിയ ഒരു വിധവയെ അയാഠം തേടിപിടിച്ചു. പഴയ നാട്ടുനടപ്പനുസരിച്ച് വിധവയെയും അംഗീകരിച്ചു പകരംമക ളെ മകനുംകൊടുത്തു. രണ്ടാം "വേളി"സമയത്ത് മകാഠക്കു പ തിനൊന്നുവയസ്സേ ആയിട്ടുള്ളു. ദാമ്പത്യജീവിതം ആരംഭിക്കും മുമ്പു ആ ചെറുപ്പക്കാരൻ യെന്നാൻ അതൃത്തിമേഖലയിൽഎത്തി. എട്ടാംപട്ടാളത്തിൽ ചേരുകയും ചെയ്തു. അവിടുന്നയാഠം അഛ നെഴുതി, ഇവിടെ ജീവിതം ഭേദമാണ്, ഇങ്ങോട്ടു വരണമെന്നു.

അഛൻ കുടുംബസമേതം വരുംവഴി മാ പാർക്കുന്ന ഗ്രാമത്തി ലൂടെവന്നു.

"എൻെറ മരുമകഠം വലുതായല്ലൊ. ഇനി അവളെ ഇവി ടെ നിത്തിയാൽമതി" എന്നായി മാ.

പെൺകിടാവ് അയാളുടെയാണെന്നാണ് മാ കണക്കാക്കി യതു. അവളെ ബമാൽ തട്ടിയെടുത്ത് സ്വന്തം മകന്കൊടുത്തു. പെണ്ണിൻെറ അഛൻ കോടതിയിൽഎത്തി. മാവിൻെറകൂടെ ഇഷ്ടപ്രകാരംപോയതല്ലെന്നും അയാളുടെ കുടുംബത്തിൽ നിൽ ക്കാനിഷ്ടമില്ലെന്നും പെണ്ണ് മൊഴികൊടുത്തതനുസരിച്ച് നി ർബന്ധവിവാഹംനടത്തിയതിന്നു മാവിന്ന് ഒരു കൊല്ലം ജയിൽ അനുവദിച്ചു.

ക്രിമിനൽ കേസുകഠം പ്രവിശ്യാ കോടതികളാണ് വിചാര ണ ചെയ്യുന്നതു. എന്നാൽ വളരെ ഗൌരവമുള്ളവ സുപ്രീം കോ ടതിയിലെത്തും. യെന്നാൻ പ്രവിശ്യയിൽ കുറഞ്ഞകാലപുള്ളി കഠം ഇരുപതുപേരുണ്ടായിരുന്നു. അവരെ "തടങ്ങാഠം മുറി"ക ളിൽ പാർപ്പിച്ചിരിക്കയാണ്. അവയൊ ജയിലെന്നല്ല പേർ. എ ല്ലാവരും പുറത്തുപണിക്കുപോകണം. നോട്ടക്കാരുണ്ടാകും. വയ ലിൽ പണിയോ റോഡുറിപ്പേറോ ആണ് സാധാരണ പണി.

പാതകങ്ങറം കുറയുകയാണെന്നാണ് മാ ജഡ്ജിയുടെ അഭിപ്രായം. യെനാൻ അത്യത്തിമേഖലയിൽ ഒരേഒരു ജയിലേയുള്ളു. സുപ്രീം കോടതിയുടെ അടുത്താണതു സ്ഥാപിച്ചിട്ടുള്ളതു. ഞാൻ സന്ദർശിച്ചകാലത്ത് അതിൽ 124 പേരുണ്ട്. അവരിൽ പതിനെട്ടുപേർ കൊലപ്പുള്ളികളാണ്, ഇരുപത്തൊമ്പതു പേർ ബലം പ്രയോഗിച്ച് തട്ടിപ്പറിനടത്തിയ കൂട്ടായ്മക്കവെച്ച്ക്കാരാണ് ഇരുപത്തഞ്ചുപേർ മോഷ്ടാക്കളാണ്, പതിനഞ്ചുപേർ കയ്യേററക്കാരാണ്, പത്തുപേർ വിവാഹധ്വംസകന്മാർ— അതായതു പരസ്ത്രീകളെ തട്ടിയെടുത്തവർ. ജയിലിൽ പതിനൊന്നു സ്ത്രീകളുണ്ട്. അതിൽ ഏഴുപേരും ജാരസേവക്കാരും ഭർത്തൃഘാതകികളുമാണ്. അവക്കു മരണശിക്ഷക്കുപകരം ജയിൽതടവാണ്. കൊടുക്കുന്നതു, കാരണം അവർ "അത്രമാത്രം മട്ടിതരാ"ണ്.

സ്വതന്ത്രജനങ്ങറം പാക്കുന്നപോലെയുള്ള ഗുഹകളിൽതന്നെയാണ് തടവുകാരും പാക്കുന്നതു്. പക്ഷെ അവ ചെങ്കുത്തായുള്ള ഒരു കുന്നിന്മേലായതുകൊണ്ട് ഒരു ഭാഗത്ത് ഗേററ്വെച്ചാൽ മതിയാകും. ദിവസത്തിൽ രണ്ടു മണിക്കൂർ അവക്കു ക്ലാസ്സുകളുണ്ട്. ബാക്കി പകൽസമയത്ത് എന്തെങ്കിലും പണിയെടുക്കണം. അടുത്തുള്ള താഴ്വാരത്തിൽ ചെറിയ ഒരു പരുത്തിമില്ലുണ്ട്. പല സ്ത്രീകളും അവരുടെ ഗുഹക്കു പുറത്തിരുന്നു വെയിലുംകൊണ്ട് നൂൽനൂൽക്കുന്നതു ഞാൻ കണ്ടു.

ജനാധിപത്യപ്രദേശങ്ങളിലെല്ലായിടത്തും പുള്ളികളെ അഭ്യസ്തവിദ്യരാക്കാനും ശുദ്ധീകരിച്ചെടുക്കാനുമാണ് ജയിലുകറം പരിശ്രമിക്കുന്നതു്. കാൽഗാനിൽ നഗരത്തിന്നു തൊട്ടു പുറത്ത് വിസ്തൃതമായ ഒരു തൊടിയിലാണ് ജയിൽ. ഞാൻ കടന്നുചെല്ലുമ്പോറം വിലർ പിങ്ങ്പോങ്ങ് (മേശപ്പുറത്തു കളിക്കുന്ന ടെ

ന്നിസ് എന്നും പറയും. ലേ.) കളിക്കുന്നുണ്ടായിരുന്നു. അവരിൽ പുള്ളികളുമുണ്ട് വാർഡർമാരുമുണ്ടെന്നു പിന്നീടാണെനിക്കു മനസ്സിലായതു്. രണ്ടുകൂട്ടരും ഒരേമാതിരി ഉടുപ്പാണിട്ടിട്ടുള്ളതു്. ഹാങ്ങ് സൂപ്രേണ്ട് മുമ്പ് സ്കൂൾമാസ്റ്ററായിരുന്നു. ഞാൻ ഇന്ന ഒരു പുള്ളിയെ കണ്ടാൽകൊള്ളാമെന്നറിയിച്ചു. അയാൾ ഉളികൾ വാങ്ങാൻ പുറത്തുപോയിരിക്കയാണ് എന്നായിരുന്നു മറുപടി തടവുപുള്ളിയെ കാണാൻ ചെല്ലുമ്പോൾ "വീട്ടിലില്ല" എന്നുവരുന്നതു കുറച്ച് അസാധാരണതന്നെയാണല്ലോ.

തൊടിയിൽ നിരവധി വർക്ക്ഷോപ്പുകളുണ്ട്. ധാരാളം വെളിച്ചമുള്ളതും അദ്ധ്വാനഭാരം കുറഞ്ഞതുമായ ഫാക്ടറികളുടെ മട്ടാണവക്കുള്ളതു്. നെയ്ത്തും ഷൂനിർമ്മാണവുമാണവയിൽപ്പണി. ജയിലിൽ വിദ്യാഭ്യാസത്തിന്നുള്ള ഏർപ്പാടുണ്ട്. നിരക്ഷരരായ പുള്ളികൾ ദിവസത്തിൽ നാല് രൂപങ്ങൾ പഠിക്കണം. ഇതു സാമാന്യം നല്ല വേഗതയാണ്. ജയിലിൽ മൂന്നിൽ രണ്ടുഭാഗവും നിരക്ഷരരായിട്ടാണ് വരുന്നതു് ഉല്പാദനപരമായ സാങ്കേതികജ്ഞാനവും നൽകും. വർത്തമാനകാലസംഭവങ്ങൾ പറഞ്ഞുകൊടുക്കാൻ ക്ലാസുകളുണ്ട്. "ഒററക്കു വിദ്യാഭ്യാസം" നൽകി പുള്ളികൾക്കു സ്വന്തം കുററങ്ങൾ മനസ്സിലാക്കാൻ സാദ്ധ്യതയുണ്ടാകുന്നു.

"തടവുപുള്ളികളുടെ കെട്ടിടനിർമ്മാണസംഘം" കെട്ടിടങ്ങളുടെ കേടുപാടുകൾ തീർത്തുകൊണ്ടാണ് കാൽഗാനിന്റെ പുനഃസ്സംവിധാനത്തെ സഹായിച്ചതു ആ സംഘത്തിൽ ചേരുകയെന്നതു ഒരു മാന്യതയാണ്. തങ്ങളുടെ പഴയ ബോധക്കേടിൽ പശ്ചാത്തപിക്കുന്നവർക്കും ജയിലിൽ നല്ലൊരു വേലക്കാരനെന്നു സമ്മതിനേടിയവർക്കും മാത്രമെ അതിൽ ചേരാവൂ. അറുപതു

പേരുള്ള ഈ സംഘം കാൽഗാൻനഗരത്തിന്റെ നാനാഭാഗത്തും വേലചെയ്തിട്ടുണ്ട്. ഒരേ ഒരു സായുധഭടനേ കാവലുണ്ടായിരുന്നുള്ളു. അയാളെ സഹായിക്കാൻ "കൊച്ചു ഷാൻതുങ്" എന്ന് പേരിട്ട ഒരു പുള്ളിയുമുണ്ടായിരുന്നു.

"കൊച്ചുഷാൻതുങ്" പന്ത്രണ്ടുവയസ്സുമുതൽ ഒരു കീശത്തപ്പിയാണ്. വടക്കൻചൈനയിലെ എല്ലാ പ്രധാനനഗരങ്ങളിലുമായി പത്തുകൊല്ലം ഈ വ്യാപാരം അയാൾ നടത്തി. കാൽഗാനിൽ തപ്പുന്ന സമയത്ത് അയാളെ പിടികൂടി. ഒരു കൊല്ലത്തേക്കു ശിക്ഷിച്ചു. നാലുമാസത്തിന്നുശേഷം അയാൾ "മര്യാദക്കാരനാവുക" എന്ന പ്രസ്ഥാനത്തിൽ ചേർന്നു. തന്റെ കുററങ്ങളെല്ലാം ഏററുപറയാൻ അയാൾ സന്നദ്ധനായി.

"ആദ്യകാലത്ത് ചിലപ്പോഴെല്ലാം ഞാൻ ആശിക്കാറുണ്ട് ഒരു നല്ല പൌരനാവണംമെന്നു" അയാൾ പറയുകയാണ്; "പക്ഷെ പഴയ സമുദായത്തിൽ അതസാദ്ധ്യംതന്നെയാണ്. കൂലിപ്പണിക്കുപോയാൽ കടിച്ചിറക്കാനുള്ള വക കിട്ടില്ല, അപമാനവും നിന്ദയും ധാരാളമാണുതാനും. വേറെ വല്ല പണിക്കുമാണെങ്കിൽ അതിന്നു പഠിപ്പുമില്ല. അങ്ങിനെ ഞാൻ പാതകിയായി. ഞാൻ പല ജയിലുകളിലും കിടന്നിട്ടുണ്ട്. അവിടെയെല്ലാം കുററവാളികളെ കുററവാളികളായിട്ടേ ഗണിച്ചുകണ്ടുള്ളു. എന്നാൽ ഇവിടെ എനിക്കു വിദ്യാഭ്യാസം കിട്ടുന്നുണ്ട്. വേലക്കു പ്രതിഫലമുണ്ട്. ജയിലിന്നു പുറത്തു പഴയ സമുദായത്തിൽ എന്നോടു പെരുമാറിയിരുന്നതിലും എത്രയോ ഭേദമാണ് ഇവിടെ, ജയിലിന്നുള്ളിൽ പെരുമാററം. ഇവിടുന്നു ഞാൻ മര്യാദക്കാരനായ പൌരനാകുന്നില്ലെങ്കിൽ എന്നന്നേക്കും എനിക്കു ഗതിയില്ല തീർച്ച".

"കൊച്ചുഷാൻതുങ്ങ്" ക്രമേണ നല്ലൊരു വേലക്കാരനായി. പുള്ളികളെ വെളിയിൽ കൊണ്ടുപോയി വേലയെടുപ്പിക്കാൻ അയാളുടെ കീഴിലാണയക്കുന്നതു. ഉടൻെറ കീഴിലേക്കാറ് നന്നായി അയാളുടെ കീഴിൽ അവർ പണിയെടുക്കും. അങ്ങിനെ അയാറ് വാർഡറുടെ അസിസ്റ്റാണ്ടായി.

മാ ജഡ്ജിയുടെ വിശദീകരണപ്രകാരം മരണവിധികളെല്ലാം മൂന്നു പതനമായി വരണം. ആദ്യം പ്രവിശ്യാകോടതി ശുപാർശചെയ്യണം. പിന്നീട് സുപ്രീംകോടതി തീരുമാനമെടുക്കും. അവസാനം അതുത്തിമേഖലാഗവൺമെണ്ടിൻെറ പ്രസിഡേണ്ട്—ഗവണ്ണർ—അനുമതി നൽകണം. മുൻകൊല്ലത്തിൽ ആറു മരണശിക്ഷകറ് യെനാൻ അതുത്തിമേഖലയിൽ നടത്തീട്ടുണ്ട്. മൂന്നെണ്ണം മോഷണത്തോടുകൂടിയ കൊലക്കററത്തിനായിരുന്നു. രണ്ടെണ്ണം വ്യഭിചാരത്തോടുകൂടിയ കൊലക്കു, ഒന്നു ഒരു കമ്യൂമിന്താങ്ങ് രഹസ്യഏജൻറിനെയാണ്. അവനെ പിടിക്കുംമുമ്പ് അവൻ ഏറെ പേരെ കൊന്നിട്ടുണ്ട്. പെട്ടെന്നു കോപിച്ച് നടത്തുന്ന കൊലക്കു മരണശിക്ഷ നൽകാറില്ല. മട്ടുനപ്രതികാരത്തിനും നൽകില്ല. കല്പിച്ചുകൂട്ടിയുള്ള കൊലക്കററമാവണം, കൂടെ വേറെ എന്തെങ്കിലും പാതകവുമുണ്ടാവണം.

കൊലയുടെകൂടെ വ്യഭിചാരവുമുണ്ടെന്നു വന്നാൽതന്നെയും എപ്പോഴും മരണശിക്ഷ വിധിക്കുന്നമെന്നില്ല. യെനാൻ ജയിലിൽ കിടന്നിരുന്ന വെയ് എന്ന സ്ത്രീയുടെ കഥ ഉദാഹരണമാണ്. അവറ് ഒരു കച്ചവടക്കാരനുമായി സേവയായി. ഇരുവരുംകൂടി അവളുടെ ഭർത്താവിനു വിഷംകൊടുത്തു കൊന്നു. പക്ഷെ എട്ടെട്ടുകൊല്ലത്തെ തടവെ വിധിച്ചുള്ളു. ഈ ദാക്ഷിണ്യത്തിൻെറ കാരണം മാ ജഡ്ജി പറഞ്ഞു: "അവളെ ഭർത്താവ് വല്ലാ

തെ ഉപദ്രവിച്ചിരുന്നു. പലകുറി അവരം വിവാഹമോചനത്തിന്നു ശ്രമിച്ചു. അപ്പോഴെല്ലാം ഭർത്താവ് ബലാൽ തടഞ്ഞുനിർത്തി''.

ഭർത്തൃഘാതകികളുടെ നേരെ ദാക്ഷിണ്യം കാണിക്കാറുണ്ടെങ്കിലും യുദ്ധപാതകികളുടെയും വഞ്ചകന്മാരുടേയും കാര്യത്തിൽ കമ്മിൻതാങ്ങ് കോടതികളെക്കാരം കഠിനമാണ് വിമുക്തപ്രദേശങ്ങളിലെ കോടതികളിൽ ശിക്ഷ. കമ്മിന്താങ്ങ് ചൈനയിൽ യുദ്ധപാതകികളെ ശിക്ഷിച്ചതെപ്പററി ആരും അത്ര പറഞ്ഞു കേരംക്കാറില്ല. എന്നല്ല, ജാപ്പ് യുദ്ധം അവസാനിച്ചപ്പോരം പല വഞ്ചകന്മാരെയും പൊമ്മകളേയും ഉന്നതസ്ഥാനങ്ങളിൽ പുനഃസ്ഥാപിക്കുകൂടി ചെയ്തിട്ടുണ്ട്. വിമുക്തപ്രദേശങ്ങളിലാകട്ടെ വലിയ യുദ്ധപാതകികളോടു നിഷ്ഠുരമായിട്ടാണ് പെരുമാറുന്നതു്. മരണശിക്ഷക്കു മൂന്നു പതനം വേണ്ടാത്തതു അവരുടെ കാര്യത്തിൽ മാത്രമാണ്! ''ജനകീയകോടതി''കളാണവരെ വിസ്തരിക്കുന്നതു്. പ്രാദേശികഉദ്യോഗസ്ഥന്മാരിൽപെട്ടവരും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുംകൂടി ഒരു അദ്ധ്യക്ഷസമിതി രൂപീകരിച്ച് പൊതുയോഗം വിളിച്ചുകൂട്ടും. സ്ഥലത്തുവെച്ചുതന്നെ അവരെ തൂക്കിലേററിയെന്നുവരാം. അത്ര കുപ്രസിദ്ധന്മാരും നിഷ്ഠുരകന്മാരുമാണെന്നു തെളിയണമെന്നു മാത്രം.

പടിഞ്ഞാറൻ ഷാൻസിപട്ടാളജില്ലയുടെ തലസ്ഥാനമായ കോട്ടമതിലുകളോടുകൂടിയ ശിശ്യൻപട്ടണം എട്ടാംപട്ടാളം കീഴടക്കിയ സമയത്ത് ആയിരക്കണക്കിനു സ്ത്രീകരം അവരുടെ അടുത്തുവന്നു് അവിടത്തെ മജിസ്ട്രേട്ടിനെ ''ജനങ്ങരംക്കു വിട്ടുകൊടു

ക്കണ''മെന്നാവശ്യപ്പെട്ടു. പട്ടാളത്തിൽ ചേക്കന്നതിൽനിന്നൊളിച്ചോടിയതിന്നും ധാന്യനികുതി കൊടുക്കാത്തതിന്നും എട്ടാംപട്ടാളത്തെ സഹായിച്ചതിന്നും അതുപോലുള്ള മററു കററങ്ങാംക്കായി നിരവധിപേരെ ജീവനോടെ കഴിച്ചിട്ട ആ മജിസ്ട്രേട്ടിനോട് ജനങ്ങാംക്ക എന്തെന്നില്ലാത്ത വെറുപ്പുണ്ടായിരുന്നു. ജീവനോടെ കഴിച്ചിടുന്നതു വളരെ ക്രൂരമായരീതിയാണ്. ആളെ കഴുത്തുവരെ നിത്തി മൂടുകയാണ് ചെയ്യുന്നതു്. തല പുറത്തു കാണും. അതു എലികാംക്കും ഉറമ്പുകാംക്കും അന്യഥാ വരുന്ന പട്ടാളക്കാക്കും വിട്ടുകൊടുത്തിട്ടുള്ളതാണ്. അനവധിദിവസം ബോധം നിലനിന്നെന്നു വരാവുന്നതാണ്.

പൊതുയോഗം കൂടിയപ്പോാം മജിസ്ട്രേട്ടിൻെറ അരികെത്തന്നെ, ആയിടെ കഴിച്ചിട്ട അഞ്ചാറു പേരുടെ ശവം സ്റ്റേജിന്മേൽ കൊണ്ടുവെച്ചിരുന്നു ജനങ്ങാം പിന്നീട് ആരോപണങ്ങാം തുടങ്ങി. യോഗത്തിൽ പങ്കെടുത്ത കോംണൽചാങ്ങ് എന്ന എട്ടാം പട്ടാള ഉദ്യോഗസ്ഥനാണ് എന്നോട് ഈ വിവരമെല്ലാം പറഞ്ഞതു്. കുററിക്കാലിയായ ഒരു വൃദ്ധ ചാടിച്ചാടി സ്റ്റേജിന്മേൽ വന്നു് നിലവിളിക്കയാണ: ''നീഎൻെറ രണ്ടു മക്കളെ ജീവനോടെ കഴിച്ചിട്ടു ഒരാളെ ധാന്യനികുതി അടക്കാത്തതിന്നും മററയാളെ എട്ടാംപട്ടാളത്തിന്നു കാവലായി പണിയെടുത്തതിന്നും. എൻെറ മക്കളെ തിരികെ താ. തരാനാകില്ലെങ്കിൽ നിൻെറ ജീവനെക്കൊണ്ടു് താ.'' അവർ അവരുടെ കുറിയ ഷൂ എടുത്തു് മജിസ്ട്രേട്ടിൻെറ മുഖത്ത് അടിച്ചു. യോഗത്തിൽ മററു പലരും ഇത്തരം ചാജ്ജുകാം കൊണ്ടുവന്നു: അവസാനം ജനങ്ങാം അവനെ താഴോട്ടു് വലിച്ചിട്ടു് അടിച്ചടിച്ച് കൊന്നു.

ഹോപ്പേയിലെ ഒരു പ്രവിശ്യാപട്ടണത്തിൽ മജിസ്ട്രേട്ടു് ജപ്പാൻെറ ബൊമ്മയായി മൂവ്വായിരം പേരെ കൊല്ലാൻ പിടിച്ചു

കൊടുത്തു. അങ്ങനെ ജനകീയക്കോടതി മുമ്പാകെ വരുത്തി. നാലു പുറവുമുള്ള ഗ്രാമങ്ങളിൽനിന്ന് ആയിരമായിരം ജനങ്ങൾ അതിന്നെതിരായി സാക്ഷിപറയാനെത്തി. വൈകുന്നേരമായപ്പോൾ യോഗാദ്ധ്യക്ഷൻ എഴുന്നേററ് ചോദിച്ചു: "ഇവനെ എന്തുചെയ്യണം?" കൃഷിക്കാർ അവനെ തുണ്ടുതുണ്ടായി മുറിക്കാൻ നീണ്ട കത്തികൾ കൊണ്ടുവന്നിരിക്കയാണ്. പെട്ടെന്നു കമ്മ്യൂണിസ്റ്റുകാർ സ്റ്റേജിൽ ചാടിക്കയറി "ഇത്തരത്തിൽ മരണശിക്ഷ നടത്താൻ നിയമം അനുവദിക്കുന്നില്ല. നീതിയുള്ളതും പരിഷ്കൃതവുമായ ഒരു രാജ്യമാണിതു്." അവർ പകരം നിർദ്ദേശിച്ചതു "വെടിവെച്ചു കൊല്ലാ"നാണ്. അതുപ്രകാരം അവിടെവെച്ചുതന്നെ വധിനടത്തി. രണ്ടു മക്കളെ ദണ്ഡിപ്പിച്ച് കൊന്ന അവനോടു് പകരംചോദിക്കാൻ പുത്രദുഖം അനുഭവിച്ച മാതാവിന്റെ പ്രതിനിധികളായി മൂന്നു സ്ത്രീകൾ കത്തികളുമായി എത്തിയിരുന്നു. അമ്മക്കു സുഖക്കേടു കാരണം യോഗത്തിൽ പങ്കെടുക്കാൻ സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടു് "ആ പിശാചിന്റെ ഒരു തുണ്ടു് കൊണ്ടുവരണേ" എന്നു ആവശ്യപ്പെട്ടുകൊണ്ടാണ് തന്റെ മൂന്നു സ്നേഹിതകളെ അയച്ചിരുന്നതു്.

ശാന്തവും നിയമാനുസരണത്തോടുകൂടിയതുമായ രാജ്യങ്ങളിൽ നിന്നു വരുന്ന വിദേശികൾക്കു ഇത്തരം "ജനകീയകോടതികൾ" നാട്ടുകൂട്ടത്തിന്റെ തെമ്മാടിത്തമായി തോന്നിയേക്കാം. എന്നാൽ നിയമശൂന്യമായ ഏകാധിപത്യത്തിൻകീഴിൽ ദീർഘകാലമായി ഭീകരതകൾ അനുഭവിക്കുന്ന ഒരു ജനതക്കു നീതി എന്നൊന്നുണ്ടെന്നു ആദ്യമായി ബോധമുണ്ടാവാൻ ഇവ ഉപകരിക്കുന്നു. നീതിന്യായം എത്രയും വേഗം നടക്കുന്നതിന്നും മരണകരമായ നീതിരാഹിത്യം മാത്രം അനുഭവിച്ച തഴമ്പിച്ച ജനങ്ങൾക്കു ജനാധികാരത്തെപ്പററി അല്പം ബോധമെങ്കിലും ഉദിക്കാനും ഈ

ജനകീയകോടതികൾ ഉപകരിക്കുന്നുവെന്നാണ് ചൈനയിലെ കമ്മ്യൂണിസ്റ്റ്കാർ കണക്കാക്കുന്നത്.

ആരെങ്കിലും കൈക്കൂലിതരാൻ ശ്രമിച്ച അനുഭവമുണ്ടോ, ആരെങ്കിലും വാങ്ങിയതായി കേട്ടിട്ടുണ്ടോ എന്നു ഞാൻ മാ ജഡ്ജിയോടു ചോദിച്ചു. ഒരു നിമിഷം അദ്ദേഹം ആലോചിച്ചു. എന്നിട്ട് തല ഒന്ന് ആട്ടി:

"എനിക്കനുഭവമില്ല, പക്ഷെ ഒരു കൈക്കൂലിശ്രമം ഇവിടെ നടന്നിട്ടുണ്ട്. ഒരിക്കൽ ഒരു തടവുപുള്ളി ചാടിപ്പോയി. പത്താംപക്കം അവനെ അറിയുന്ന ഒരുത്തൻ കണ്ടുമുട്ടി. പുറത്തുപറയാതിരിക്കാൻ ദേശീയനാണ്യത്തിൽ എഴുപത്തയ്യായിരം (അമേരിക്കൻഡോളറിൽ അന്നത്തെ നിലവാരത്തിനു 35ഡോളർ വരും) കൊടുക്കാമെന്നുപറഞ്ഞു. തൽക്കാലം ഒററക്കു പുള്ളിയെ പിടിക്കാൻ തന്നാലാകയില്ലെന്നുകണ്ട് അയാൾ അതിന്നു സമ്മതിച്ചതായി നടിച്ചു. അയാൾ ഒരു ഭോജനശാലയിൽ വെച്ച് കാണാൻ ഏപ്പാടുചെയ്തു. പുള്ളി പണം കൊണ്ടുവന്നു. പെട്ടെന്നു അയാൾ ഒച്ചയിട്ട് ജനങ്ങളെ വിളിച്ചുകൂട്ടി അവനെ അറസ്ററ്ചെയ്തു വീണ്ടും ജയിലിൽ കൊണ്ടാക്കി."

കൈക്കൂലിക്കടുത്തതായി മാ ജഡ്ജിക്കു പറയാനുണ്ടായിരുന്ന ഒരേ ഒരു സംഭവമായിരുന്നു ഇതു. ഈ സംഭവം ഓക്കാനെടുത്ത സമയത്ത് അദ്ദേഹത്തിൻെറ നിഷ്കളങ്കമുഖത്ത് നോക്കുന്ന ഏതൊരാൾക്കും അദ്ദേഹം സത്യമല്ല പറയുന്നതെന്നു തോന്നുകയില്ല. ചൈനയിൽ എത്രയോ സഹസ്രവഷങ്ങളായി നിയമം ക്രയവിക്രയം ചെയ്യുന്ന പതിവോക്കുമ്പോൾ, പുതിയ നീതിബോധം എത്ര വേഗമാണ് വേർപിടിക്കുന്നതെന്നു ആരും ആശ്ചര്യപ്പെടും.

# സ്ത്രീകൾ പങ്ക് വഹിക്കുന്നു

മഞ്ചൂറിയയിൽവെച്ച് ഞാനൊരു യുവതിയെ കണ്ടെത്തി. എന്നെ ഇത്ര ആകർഷിച്ച മറെറാരുത്തിയെ ഞാൻ കണ്ടിട്ടില്ല തീനാളംപോലെയുണ്ട് മെലിഞ്ഞ ദേഹം. “വടക്കൻ ഭയങ്കരൻ” എന്ന ഒരു കവർച്ചസംഘത്തലവനെ അവൾ ഒററക്ക് “ശരിപ്പെടുത്തി”. ആയിടെ അവളെ വിവാഹംചെയ്ത യുവാവോടുകൂടി അവൾ ഹാർബിൽനഗരത്തിൽനിന്നു തീവണ്ടിയിൽ യാത്രചെയ്യുകയാണ്. കണ്ടാൽ ഇരുപതുവയസ്സായിട്ടില്ല. ഇരുപത്തഞ്ചായെന്നാണ് അവൾ പറഞ്ഞത്. ജനാധിപത്യസംയുക്തസേനയുടെ നീലനിറത്തിലുള്ള മഞ്ഞുകാലയൂണിഫോറം ധരിച്ചിട്ടുണ്ട്. ആ കട്ടിഉടുപ്പിട്ടിട്ടും അവളുടെ മെലിഞ്ഞ ദേഹത്തിന്നു തീരെ തടികൂടീട്ടില്ല. അവളുടെ മുഖത്തുള്ള ഓജസ്സോടുകൂടിയ പവിത്രത കാണുമ്പോൾ അവളെ എങ്ങിനെയെങ്കിലും ദുഷ്ടലോകത്തിന്റെ പിടിയിൽനിന്നു രക്ഷിക്കാൻ ഉൽക

ണ്ണ ആക്ഷം ജനിക്കുന്നതാണ്. ലി-പായ്-ചുങ്ങ് എന്നാണവളുടെ പേർ, ചെ്യൗ തുങ്ങ് പ്രവിശ്യയിലെ ഒരു "പ്രക്ഷോഭകാരി"യാണവൾ.

അവൾ പ്രൈമറിസ്കൂളിൽ പഠിക്കുമ്പോഴാണ് മഞ്ചൂറിയ ആദ്യം ആക്രമിക്കപ്പെട്ടതു. അന്നുമുതൽ അവളുടെ ഉള്ളിൽ നീറുന്ന ദേശാഭിമാനം മുഴുവൻ സംസാരിക്കുമ്പോൾ അവളുടെ കണ്ണുകളിൽ ജ്വലിക്കുന്നുണ്ട്. "അന്നെനിക്കു ഒന്നും ചെയ്യാനാവില്ല" അവൾ പറയുകയാണ്, "പക്ഷെ യുദ്ധം ചൈനയിലേക്കു വ്യാപിച്ചപ്പോഴേക്കും ഞാൻ സെക്കണ്ടറി സ്കൂളിൽനിന്നു പാസ്സായിരിക്കുന്നു. രണ്ടുകൊല്ലം ദേശസേവനത്തിൽതന്നെ മുഴുകി-അന്നു കചാമിന്താങ്ങ് ശീമയിലായിരുന്നു. 1939 അവസാനമായപ്പോൾ കചാമിന്താങ്ങ് യുദ്ധംചെയ്യാൻ ഇഷ്ടപ്പെടുന്നില്ലെന്നു തെളിഞ്ഞു; ദേശാഭിമാനപ്രക്ഷോഭം നടത്തുന്നവരെ അറസ്റ്റ് ചെയ്യാനും തുടങ്ങി. എന്നേയും അറസ്റ്റ്ചെയ്തു, ഞാൻ ഒളിച്ചു ചാടി വിമുക്തപ്രദേശങ്ങളിലേക്കു പോയി. അവിടെ വളരെ കമ്യൂണിസ്റ്റ് പരിചയക്കാരുണ്ടായിരുന്നു".

അങ്ങിനെ ലി മഞ്ചൂറിയയിലെ വലിയൊരു പ്രവിശ്യയിൽ രാഷ്ട്രീയപ്രവത്തകയായി. ആ പ്രവിശ്യയിൽ മൂന്നു ലക്ഷം ജനങ്ങളും നാലരലക്ഷം ഏക്ര വിളഭൂമിയുമുണ്ട്. പക്ഷെ അതിൽ പകുതിയും ജന്മികളുടെ സ്വത്താണ്. അങ്ങിനെ ഇരുപതിനായിരം ജനങ്ങൾ അധിവസിക്കുന്ന ഒരു ഗ്രാമത്തിൻെറ ആധിപത്യം ജപ്പാൻെറ കീഴിൽ വഹിക്കുന്ന "വടക്കൻഭയങ്കര"ന്നെതിരായി ഈ മെലിഞ്ഞ പെൺകുട്ടി പോരാട്ടംതുടങ്ങി.

വടക്കൻഭയങ്കരൻ—ശരിക്കുള്ള പേർ കാൻ എന്നാണ്—പ്രവിശ്യയുടെ വടക്കെ അററത്ത് തീവണ്ടിപ്പാതയിൽനിന്നു വള

രെ ട്ടരെയാണ് ആധിപത്യം പുലത്തിയിരുന്നതു. ലി തെക്കെ അററത്തായിരുന്നതുകൊണ്ട് ആദ്യം ഈയാളുടെ കഥ അറിഞ്ഞിരുന്നില്ല. ജപ്പാൻെറ കീഴിൽ നീണ്ട പതിന്നാലു കൊല്ലം ഗ്രാമഭരണം നടത്തി കാൻ കൊഴുത്ത പണക്കാരനായി. ആദ്യം ഉണ്ടായിരുന്ന നൂററമ്പതു ഏക്ര തൊള്ളായിരമായി വദ്ധിച്ചു പത്തു കുതിരകളുണ്ടായിരുന്നതു എൺപതായി പതിനൊന്നു വാടക "മുറികൾ" ഏഴുപതായി, നല്ല വാടകയും ചെലുത്തിവന്നു.

കാൻ ധനവാനായതു ശ്രദ്ധേയമായ രീതിയിലാണ്. ജാപ്പുകൾ നാല്പതു വേലക്കാരെ ആവശ്യപ്പെട്ടാൽ കാൻ പറയും എൺപതാൾ എന്ന് എന്നിട്ട് നാല്പതുപേരെ മോചനസ്സംഖ്യ വാങ്ങി രക്ഷിക്കും. ജപ്പാൻകാർ നിർബന്ധവേലക്ക ദിവസേന പത്തു യെൻ (യെൻ=ജാപ്പ്നാണ്യം—ലേഖകൻ) വീതം കൊടുക്കും. കാൻ അതു സ്വന്തമാക്കി ആളുകളെക്കൊണ്ട് നാല്പതു ദിവസം വീതം പണിയെടുപ്പിക്കും. ഗ്രാമത്തിൽനിന്നെടുക്കുന്ന ധാന്യത്തിന്നു പകരമായി ഭക്ഷ്യങ്ങളും പരുത്തിസ്സാമാനങ്ങളും റേഷൻചെയ്യാനായി ജാപ്പുകൾ കൊടുത്താൽ കാൻ കൊള്ളരുതാത്തതെല്ലാം നാട്ടുകാക്ക നീക്കിവെക്കും, നല്ല തുണി സ്വന്തക്കാക്ക കൊടുക്കും. "അവൻ എന്തുകാട്ടിയാലും വിടില്ല, തീപ്പെട്ടിക്കൂടി", ലി പറയുകയാണ്.

വടക്കൻഭയങ്കരൻ സ്വന്തം ഭൂമി പണിയിപ്പിക്കും. കൊല്ലാവസാനം വേലക്കാക്ക ഒന്നും കൊടുക്കാൻ ഉണ്ടാവാത്ത വിധത്തിലാണ് കണക്കൊപ്പിക്കുക. നക്ഷത്രം മറയുംമുമ്പ് അവരെ ആട്ടിത്തെളിക്കും—ആ വടക്കൻ സമതലപ്രദേശങ്ങളിൽ വെളുപ്പിന്നു മൂന്നു മണിക്കാണ് നക്ഷത്രങ്ങൾ അസ്തമിക്കുന്നതു—വശം കെടുംവരെ പണിയിപ്പിക്കും, എന്നിട്ട് ദിനം പിടിച്ചാൽ അ

ഞ്ചിരട്ടി പിഴ വസൂലാക്കുകയും ചെയ്യും. കൊല്ലാവസാനമാവു മ്പോഴേക്കും മൂന്നിൽ രണ്ടുഭാഗം വേലക്കാരും അയാളെ വിട്ടു പോയിട്ടുണ്ടാകും. അതു കരാറ് ലംഘനമാണെന്നു പറഞ്ഞ് യാതൊന്നും കൊടുക്കില്ല. കൊയ്ത്തുകാലംവരെ പിടിച്ചുനി ന്നാൽതന്നെ ശാപ്പാടിൻെറ വക വേലക്കാരൻ അങ്ങോട്ടുകൊടു ക്കാനുണ്ടെന്നാണ് പറയുക. കാൻ തന്നെയാണ് കണക്കുവെ ക്കാൻ, വേലക്കാക്കു ഒരു ഗതിയുമില്ല.

ജപ്പാൻ തോറേറാടിയതിൽ പിന്നേയും കാൻ ഇതേഭരണം തുടൻവന്നു. ബൊമ്മപ്പട്ടാളത്തിൽനിന്നും കവച്ചുക്കാരിൽനിന്നു മായി അയാറം ഒരു നൂറാളെ ശേഖരിച്ച് ഒരു സൈന്യമുണ്ടാ ക്കി. ഛ്യാങ്ങ് കായ്ഷെക്കിൻെറ സൈന്യപ്രതിനിധി ചാങ്ങ് ചുണിൽവന്നപ്പോറം ഒരു കടലാസ്സ് സമ്പാദിച്ചു; :"മൂന്നാം ഡി വിഷൻ കമാണ്ടർ" എന്ന സ്ഥാനം കിട്ടി. ആ നാട്ടിൻപുറം മു ഴുവൻ കൊള്ളയിട്ടു. "ജനാധിപത്യസംയുക്തസേന"യുടെ ഒരു വിഭാഗവുമായി അയാളുടെ കൂട്ടം രണ്ടുതവണ ഏററുമുട്ടി. പ ക്ഷെ അവരും കാനുമായുള്ള ബന്ധം അന്നു കണ്ടുപിടിക്കാനാ യില്ല. അങ്ങിനെയിരിക്കെയാണ് പ്രവിശ്യയുടെ തെക്കൻപ്രദേ ശങ്ങളിൽ ഭൂപരിഷ്ക്കരണം നടന്ന വിവരം കാൻെറ വേലക്കാർ അറിഞ്ഞതു. അവർ ഭൂമി ആവശ്യപ്പെട്ടില്ല, കൂലി കൂട്ടിക്കിട്ടണ മെന്നേ ആവശ്യപ്പെട്ടുള്ളു.

"ആഹാ, നിങ്ങറം കമ്യൂണിസ്റ്റ്കാരായി അല്ലേ! കചാമി ന്താങ്ങിനോടു പറഞ്ഞേക്കാം" എന്നായിരുന്നു കാൻെറ മറു പടി.

വേലക്കാർ വിട്ടില്ല: "തൻെറ കാര്യം കൎഷകസംഘ ത്തോടും പറഞ്ഞേക്കാം" എന്നു തിരിച്ചടിച്ചു.

കാൻ തോക്കെടുത്തു. വേലക്കാരൻ ഓടി. പക്ഷെ അയാറം തെക്കോട്ട് തീവണ്ടിവഴിയുടെ ഭാഗത്തേക്കാണ് ഓടിയതു, അവിടെ പ്രവിശ്യാബ്യൂറോവിൽ "വടക്കൻഭയങ്കര"ന്റെ കാര്യം റിപ്പോർട്ടുചെയ്യാനായിരുന്നു. ലി അന്ന് അവിടെയുണ്ട്.

"ഞാൻ ചെന്നു സംഘടിപ്പിക്കാം, കാനെ അറസ്റ്റ്ചെയ്യാം. അതിന്നനുവദിക്കണം എന്നു ഞാൻ കൃഷകസംഘത്തോടാവശ്യപ്പെട്ടു", ഇതൊക്കെ സാധാരണ കാര്യമെന്നപോലെയാണ് ലി വിശദീകരിച്ചതു.

എങ്ങിനെയാണവളെപ്പോലെയുള്ള ഒരു പെൺകുട്ടിക്ക് പത്തുനൂറാളുള്ള ഒരു പ്രമാണിയെ അറസ്ററ് ചെയ്യാനാവുക? ലി പറഞ്ഞുതന്നു.

"ഞാൻ പത്തുപേരോടുകൂടി സൂത്രത്തിൽ അവിടെ ചെന്നു. കൃഷിക്കാരുടെ വേഷമാണ്. മൂന്നുദിവസം അന്വേഷണങ്ങറം നടത്തി. കാന്ന് ആകെ പത്ത് കള്ളന്മാരെയുള്ളു. ബാക്കി തൊണ്ണൂററ്പേരും കാർഷികവേലക്കാരാണ്. കാൻ അവരുടെ യജമാനനായിരിക്കയാണ്. ഞങ്ങറം പത്തു കള്ളന്മാരെയും വെളുക്കുംമുമ്പ് ഓക്കാപ്പുറത്ത് പിടികൂടി ബന്ധിച്ചു. ഉടനെതന്നെ "കാനുമായി കണക്കുതീക്കാൻ" യോഗം വിളിച്ചുകൂട്ടി. രണ്ടായിരം ആറം കൂടി. ജനാങ്ങറം കുററങ്ങറം ചുമത്തി, കാൻ എല്ലാം ഏററു. ജനങ്ങറം അവനേയും അവന്റെ ഏററവും ദുഷ്ടകൂട്ടുകാരൻ വു എന്നവനേയും വെടിവെക്കാൻ വിധിച്ചു. ഞങ്ങറം അതു നടത്തി. എന്നിട്ട് രണ്ടാഴ്ചകൊണ്ട് കൃഷിക്കാരെ സംഘടിപ്പിച്ചു. അവർ കാന്റെ ഭൂമി പങ്കിട്ടു. അവന്റെ കുടുംബത്തിനു എഴുപത്തഞ്ചേക്ര വിട്ടുകൊടുത്തു. പൊതുയോഗസമയത്ത് കാന്റെ കുടുംബം ഓടിപ്പോയിരുന്നു, പക്ഷെ അ

വർ നിരപരാധികളാണെന്നു പ്രഖ്യാപിച്ചു. അപ്പോഠം അവർ മടങ്ങിവന്നു. പുറമേക്കു അവർ കൃഷിക്കാരോട് ലോഗ്യം കാണിക്കുന്നുണ്ട്. കൃഷിക്കാർ അവരോടും മര്യാദയായിട്ടാണ് പെരുമാറുന്നത്. ഇപ്പോഠം കൃഷിക്കാക്കു സ്വന്തം സായുധരക്ഷാസേനയുണ്ട്''.

ചരിത്രത്തിൻെറ ഏതു ഘട്ടം പരിശോധിച്ചാലും ലീയെപ്പോലെ പഴമയെ അറുത്തുമുറിച്ചു ചാടിയ സ്ത്രീകഠം അപൂവ്വമായിരിക്കും. നൂററാണ്ടുകളായി ചൈനയിലെ സ്ത്രീകളെ പഠിപ്പിച്ചിട്ടുള്ളതു അവരുടെ സവ്വസ്വം കുടുംബത്തിന്നകത്തു മാത്രമാണെന്നാണ്. "മൂന്നു അനുസരണങ്ങഠം'' അവക്കുണ്ടാകണമെന്നാണനുശാസനം: അച്ഛനോട, ഭത്താവിനോടു്, പിന്നീട് മകനോട്. വിവാഹത്തിന്നു അവരെ വില്ക്കാം; അവരെ പൊതുപ്രവത്തനങ്ങളിൽനിന്നു തടഞ്ഞുനിത്താൻ വേണ്ടി അവരുടെ കാലടികഠം ശോഷിപ്പിക്കുന്നു തറവാടിത്തം അധികമാവുംതോറും കാലടി കൂടുതൽ വരഞ്ഞുകെട്ടും. "കുരുമുളകടി''_കുരുമുളകിൻെറ വലുപ്പം മാത്രമുള്ള കാലടി_വിരലുകഠം എല്ലൊടിയുംപോളം കീഴ്പ്പോട്ടു വളച്ചാൽ മാത്രമേ ഉണ്ടാവുള്ളു. ഇതാണ് ഒരു വധുവിനെ കൂടുതൽ യോഗ്യയാക്കുന്നതു; ലില്ലിച്ചെടിപോലെ ആവണം, അവഠം ചാടിചാടി നടക്കണം!

മററരാജ്യങ്ങളിലെന്നപോലെ, ഫാക്ടറികഠം വന്നതോടെയാണ് ജീവിതം കുറെക്കൂടി വിസ്തൃതപരിധിയിലായതു. സ്ത്രീകളെ വീട്ടിന്നുള്ളിൽ അടച്ചിടുന്നതിന്നു വിരാമംവന്നു പക്ഷെ അതോടെ പുതിയ ഒരുതരം അടിമത്തവുമെത്തി. 1927ൽ ചെറുപ്പക്കാരികളായ ഒരുസംഘം പരുത്തിഫാക്ടറിവേലക്കാരികഠം പലതരത്തിലുള്ള സ്ത്രീമദ്ദനവിധാനങ്ങഠം എനിക്കു വിവരിച്ചുതരി

കയുണ്ടായി: "പഴയ ആചാരപ്രകാരം സ്ത്രീകൾ വീട്ടിന്നുപുറത്തു പോയിക്കൂടാ . . . അവരുടെ കാലടികൾ കെട്ടിപൂട്ടി കുററിയാക്കയിരിക്കും, അല്ലെങ്കിൽ ഭത്താക്കന്മാരെ കിട്ടില്ല. അവരെ നിബ്ബന്ധിച്ച് കെട്ടിക്കൊടുക്കും, അതു കാരണം ദാമ്പത്യജീവിതം ദുഷ്കരമാണ്.......ഫാക്ടറിയിൽ വേലചെയ്യുമ്പോൾ ഫോർമാൻെറ മദ്ദനങ്ങളായി. പന്ത്രണ്ടുമണിക്കൂർ ഫാക്ടറിയിൽ വേലചെയ്താൽ പോരാ, വീട്ടുജോലികളും കഴിക്കണം. . . ."

"മഹാവിപ്ലവം" നടന്ന 1925_27കാലത്ത് "സ്ത്രീ സ്വാതന്ത്ര്യം" പൊട്ടിച്ച് ദേശീയസേനകളോടുകൂടെ ബോംബുപെയ്ക്കു യുവതികൾ ഉത്തരചൈനയിലേക്കു മാർച്ചുചെയ്തു. ണിഫോറം ധരിച്ച പ്രചരണസംഘങ്ങൾ "സ്ത്രീകൾക്ക് സമത്വം വേണം, വിവാഹസ്വാതന്ത്ര്യം വേണം"എന്ന പ്രചാരവേലചെയ്തു. വിവാഹസ്വാതന്ത്ര്യം എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ അറിയുന്ന "അനുരാഗസ്വാതന്ത്ര്യ"മല്ല. മാതാപിതാക്കന്മാരുടെ ഇഷ്ടം പോലെ വിവാഹത്തിന്നു വില്ക്കാൻ പാടില്ല, ഇഷ്ടമുള്ള ഭത്താക്കന്മാരെ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം എന്നാണത്ഥം. അവർ രാജ്യംമുഴുവൻ ചുററിനടന്നു മഹിളാസംഘങ്ങളുണ്ടാക്കി, വിവാഹമോചനങ്ങൾ നടത്തി; പത്രങ്ങളിലിട്ടു പിന്നീട് കഷ്കസംഘങ്ങളും തൊഴിലാളിസംഘങ്ങളും കോമിൻതാങ്ങ് തച്ചുമത്തിയ കൂട്ടത്തിൽ ആയിരക്കണക്കിന്നു സ്ത്രീകളെ "അപകടക്കാരി"കളാക്കി കൊന്നുകളഞ്ഞു. അവരുടെ ബോബ് ചെയ്ത തലമുടിമാത്രം മതിയായിരുന്നു കൊല്ലാൻ തെളിവ്.

കഴിഞ്ഞ 20കൊല്ലക്കാലം മേലേവഗ്ഗത്തിലുള്ള സ്ത്രീകളും ഫാക്ടറിസ്ത്രീകളും പൊതുജീവിതത്തിൽ കൂടുതൽ കൂടുതൽ പങ്കു വഹിക്കാൻ തുടങ്ങി. അവർ മഹിളാസംഘങ്ങളിലും ട്രേഡ്യൂണി

യനുകളിലും ചേൎന്നു. അഭിപ്രായങ്ങളിലും ആശയഗതികളിലും ആ സ്ത്രീകളും അമേരിക്കയിലും യൂറോപ്പിലും അതേ സ്ഥാപനങ്ങളിലുള്ള സ്ത്രീകളും തമ്മിൽ വലിയ വ്യത്യാസമൊന്നും ഇല്ലതന്നെ. ജാപ്പ് വിരോധയുദ്ധത്തിൽ സ്ത്രീകൾ അവരുടെ പങ്ക് വഹിച്ചിട്ടുണ്ട്. മുറികെട്ടാനുള്ള ശീലകളുണ്ടാക്കുക, ഷൂനിൎമ്മാണം തുടങ്ങി പല യുദ്ധവേലകളും അവർ ദേശാഭിമാനത്തോടെ നടത്തീട്ടുണ്ട്. ആരംഭംമുതൽക്കുതന്നെ ഈ സംഘടനകളെ നിയന്ത്രിക്കണമെന്നു് കേന്ദ്രഗവൎമ്മെണ്ടു് ശഠിച്ചുകൊണ്ടിരുന്നു. യുദ്ധം മുറുകുകയും കോമിന്താങ്ങ് കൂടുതൽ പിന്തിരിപ്പനാകുകയും ചെയ്തതോടെ മഹിളാപ്രവൎത്തനങ്ങൾ മിക്കവയും അമൎത്തിക്കളഞ്ഞു.

നാട്ടിൻപുറങ്ങളിൽ സ്ത്രീകൾ കുറെ പതുക്കെ മാത്രമെ ഉണൎന്നുവന്നുള്ളു. സ്ത്രീകളുടെ അവകാശങ്ങളെപ്പററിയുള്ള സംസാരമെല്ലാം കൎഷകകുടുംബങ്ങളെ അത്ര ബാധിച്ചില്ല. പെൺകുട്ടികളെ വിവാഹവില്പനടത്തിവന്നു. ഭൎത്തൃഗൃഹങ്ങളിൽ അവർ അടിമകളെക്കാൾ മെച്ചപ്പെട്ടവരല്ലായിരുന്നു. മകന്റെ സമ്പാദ്യം മാതാപിതാക്കന്മാരുടെ സ്വാധീനത്തിലാണ് വരുന്നതു്. അവർ ദയ വിചാരിക്കുന്നില്ലെങ്കിൽ ചെറുപ്പക്കാരിയായ ഭാൎയ്യ കുഞ്ഞിനു ഉടുപ്പിനുപോലും വേറെ തെണ്ടിക്കേണ്ടിവരും. അഛനോ അമ്മയോ ഭൎത്താവോ തല്ലിയാൽ കൊള്ളുകയേ ശരണമുള്ളു. മക്കൾ അധികമുണ്ട്, അവരെല്ലാം വേട്ടുകൊണ്ടുവന്നുവെങ്കിൽ ഒരുത്തിയെ പ്രത്യേക വാത്സല്യത്തിൽ നിൎത്തും, മററവരെല്ലാം മുക്രകുത്തി പണിയെടുക്കുകതന്നെ. മരുമകൾക്കു ആവലാതിപ്പെടാൻ അവകാശമില്ല. അവൾ ഒരു മകനെ പെററ് അങ്ങിനെ വയസ്സാവുമ്പോൾ അവളും ഒരു അമ്മാവിയാവുന്നതുവരെ ക്ഷമിക്കയേ നിൎവ്വാഹമുള്ളു.

ചൈനീസ് കമ്മ്യൂണിസ്റ്റ്കാർ സ്ത്രീസമത്വവും വിവാഹ സ്വാതന്ത്ര്യവും അംഗീകരിച്ചിട്ടുള്ളവരാണ്. ആദ്യകാലംമുതൽക്കേ തന്നെ ആവുന്ന എന്തു പണിയെടുക്കാനും സ്ത്രീകൾക്ക സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. സൈന്യങ്ങളെ നയിക്കാൻ പോലും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ചൂതെയുടെ ഭാര്യ, അവരുടെ സ്വതപേർ കാങ്ങ് കെചിങ്ങ് എന്നാണ്, മുമ്പ് അടിക്കളെയടിമയും മേച്ചിൽക്കാരിയുമായിരുന്നു അവർ യജമാനന്റെ അടുത്തു നിന്നു ഒളിച്ചോടി അവരുടെ ജില്ലയിലെ മഹിളാമുന്നണിപ്പട സംഘടിപ്പിച്ചു 1927ലാണിതുണ്ടായതും. മൂവ്വായിരം സ്ത്രീകൾക്ക ആയുധങ്ങൾ—കറിക്കത്തി തുടങ്ങി തോക്കുവരെ—നൽകിയിട്ടുണ്ട്. 1928ൽ മൌവും ചുവും അവരുടെ ജില്ലയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഈ സ്ത്രീകൾ അവരുടെ കൂടെ ചേർന്നു. "സുദീഘയാത്ര"യിൽസെയ്വാൻ പടയെ അവരിൽ രണ്ടു സൈന്യവിഭാഗങ്ങൾ തോൽപിച്ച് ആയുധം വെപ്പിച്ചു. പട്ടാളത്തിൽ ചേരുമ്പോൾ ഒററ രൂപം പോലും വായിക്കാനറിയാതിരുന്ന മിസിസ്സ് ചൂതെ പിന്നീട് കോളേജ്സ്ഥാപികയും ശുശ്രൂഷാസ്കൂളുകളുടെസംഘടകയുമായി.

കമ്മ്യൂണിസ്ററ്കാർ ചെല്ലുന്ന കാലത്ത് യെനാൻ തീരെ അപരിഷ്കൃതമായ പ്രദേശമായിരുന്നു. സ്ത്രീസമത്വം തുടങ്ങിയവയുടെ ഗന്ധംപോലും അവിടെ എത്തിട്ടുണ്ടെന്നു സംശയിക്കാനുണ്ടായിരുന്നില്ലെന്നല്ല, അങ്ങേയററം അന്ധവിശ്വാസത്തിന്റെ കൂത്തരങ്ങമായിരുന്നു. പ്രസവസംബന്ധമായ അന്ധവിശ്വാസങ്ങളാണ് പ്രത്യേകം പ്രത്യക്ഷപ്പെട്ടത്. പ്രസവകാലം എപ്പോഴാണെന്നു ഭാര്യമാർ ഭർത്താക്കന്മാരെ അറിയിക്കില്ല. അവർ കുഞ്ഞിനെ "അകത്തുതന്നെ നിർത്തിയാലോ" എന്നു പേടി. പ്രസവം സൂത്രത്തിൽ നടത്തും, കുഞ്ഞിന്റെ കൊടിത്തണ്ട് ഒന്നുകിൽ കടി

ച്ച് അല്ലെങ്കിൽ പട്ടിക്കഷ്ണംകൊണ്ട് മുറിക്കും, ലോഹം തൊടീക്കുന്നതു "അശുഭ"മാണ്. ഉദ്ദേശം രണ്ടായിരത്തോളം മന്ത്രവാദികൾ ആ പ്രദേശത്തുണ്ടായിരുന്നു. അവർ സ്ത്രീകളെ കണക്കിന്ന് അടിക്കും, മൂർച്ചയുള്ള ആയുധംകൊണ്ട് കുത്തും, അങ്ങിനെയാണ് "പിശാചുക്കളെ ഒ ിക്കുക." ഇങ്ങിനെ എല്ലാംകൂടി ശിശുമരണം ഭയങ്കര തോതിലായിരുന്നു.

വിവാഹസ്വാതന്ത്ര്യവും സ്ത്രീക്കും പുരുഷനും തുല്യതയും ശാസിച്ചുകൊണ്ടുള്ള നിയമങ്ങൾ അതൃത്തിമേഖലയിൽ കമ്യൂണിസ്റ്റുകാർ പാസ്സാക്കി. അതുപ്രകാരം വിവാഹബന്ധം സ്ത്രീയും പുരുഷനും സ്വമേധയാ നിശ്ചയിക്കുന്നപോലെയാവണം, "നിർബന്ധിച്ച് വിവാഹംനടത്തുന്നതും വിവാഹത്തിന്നു വില കെട്ടിവാങ്ങുന്നതും" പാടില്ല എന്ന വകുപ്പുകൾ നിയമത്തിൽ ചേർത്തിരുന്നു. ഉഭയസമ്മതപ്രകാരം വിവാഹമോചനവും നടത്താം. ഏതെങ്കിലും ഒരു കക്ഷിക്കേ ആവശ്യമുള്ളുവെങ്കിൽ പ്രത്യേക കാരണം കാണിക്കണം. അങ്ങിനെ പന്ത്രണ്ടു കൊല്ലം കമ്യൂണിസ്റ്റുകാർ ഭരിച്ചശേഷവും കർഷകരുടെ ഇടയിൽ ഇപ്പോഴുംവില്പന സർവ്വസാധാരണമാണ്. പുതിയ ആശയ ഗതികളുടെ നേരെ കർഷകക്കുള്ള എതിർപ്പിന്റെ രൂക്ഷതകാരണം പുതിയവഴികൾ എടുക്കാൻ തുടങ്ങീട്ടുണ്ട.

"നാട്ടിൻപുറങ്ങളിൽ ഇപ്പോൾ ഞങ്ങളുടെ മുദ്രാവാക്യം വിവാഹസ്വാതന്ത്ര്യം, സ്ത്രീസമത്വം എന്നൊന്നുമല്ല," മഹിളാപ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷയായ മിസിസ് ത്സായ്ഛാങ്ങ് പറഞ്ഞു, "കുഞ്ഞുങ്ങളെ രക്ഷിക്കുക, കുടുംബത്തിന്റെ ശ്രേയസ്സ്" എന്നാണ്.

"ഞങ്ങൾ ആദ്യം തെററുചെയ്തു" അവർ സമ്മതിച്ചു. "ഞങ്ങൾ സ്ത്രീകളുടെഅവകാശങ്ങൾ ഊന്നിവാദിച്ചപ്പോൾ കൃഷിക്കാ

ർമുഴവൻ എതിരായി. ജാപ്പ് വിരോധയുദ്ധം ആരംഭിച്ചഘട്ടത്തിലാണിതുണ്ടായതു. സ്ത്രീകളും പുരുഷന്മാരുംതമ്മിൽ വക്കാണങ്ങളായി. ശത്രുവിന്നെതിരായ ഐക്യമുന്നണിയെ ബലഹീനമാക്കാൻ തുടങ്ങി. ജന്മിക്കെതിരായും ഭൂപരിഷ്കരണത്തിന്നനുകൂലമായുമുള്ള സമരത്തിന്നും കോട്ടമായി. അതിലും വിശേഷിച്ച് വിവാഹസ്വാതന്ത്ര്യവും സമത്വവും ഈ വഴിക്ക നേടാനാവുകയുമില്ല.''

കുടുംബശ്രേയസ്സ് എന്ന മുദ്രാവാക്യത്തിൻ കീഴിൽ നൂലുണ്ടാക്കാനും നെയ്യാനും കുടുംബത്തിന്ന വേണ്ട തുണിത്തരങ്ങൾ ഉണ്ടാക്കാനും സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നു. യെനാൻ അതൃത്തി മേഖലയിൽമാത്രം ഒരുലക്ഷത്തൻപതിനായിരം സ്ത്രീകൾ ഈ പ്രസ്ഥാനത്തിൽ സംഘടിച്ചിട്ടുണ്ട്, അതായതു പ്രായപൂർത്തിയെത്തിയവരിൽ മൂന്നിലൊരുഭാഗം സ്ത്രീകൾ. അവരുടെ സാമ്പത്തിക സമ്പാദ്യം കുടുംബത്തിന്നുള്ളിൽ അവക്കുള്ളസ്ഥാനം ഉയർത്തിക്കൊട്ടത്തിരിക്കുന്നു. ''കുഞ്ഞുങ്ങളെ രക്ഷിക്കുക''എന്ന മുദ്രാവാക്യത്തിന്നു കീഴിൽ സ്ത്രീകളെ ശുചീകരണശാസ്ത്രവും ശിശുസംരക്ഷണവും പഠിപ്പിക്കുന്നു; അങ്ങിനെ അവരുടെ പ്രവൃത്തിയുടെ പ്രാധാന്യം ഊന്നുകയാണ് ചെയ്യുന്നതു. ഭാര്യമാരെ പ്രഹരിക്കുന്നതു് സാധാരണയാണ്. ''മർദ്ദനം'' എന്നനിലക്ക അതിന്നെതിരായി ബഹുജനാഭിപ്രായം ഉണർത്തിവിടുന്നു. ''മഹിളാ സംഘ''ത്തിന്ന ഭർത്താവിനെ മര്യാദക്കാരനാക്കാൻ കഴിയാതെ വരുമ്പോൾ ''സമരയോഗം''വിളിച്ച് അയാളുടെ മർദ്ദനങ്ങൾ ഗ്രാമക്കാർക്കുമുഴവൻ വിവരിച്ചുകൊടുക്കും. ഗ്രാമമദ്ധ്യത്തിലുള്ള കറപ്പുപലകമേൽ നോട്ടീസുകൾ കാണാം: ''വാങ്ങ് അയാളുടെ ഭാര്യയെ തല്ലുന്നു. അയാളതു നിർത്തണം, അല്ലെങ്കിൽ ഞങ്ങൾ നിർത്തും.'' ഗ്രാമ മഹിളാസംഘത്തിൻെറ ഒപ്പുടയാളം താഴെയുണ്ടാവും.

വിമുക്തപ്രദേശങ്ങളിൽ ഒരുതരം പുതിയ കുടുംബങ്ങൾ ഉ-ണ്ടായിവരുന്നുണ്ട് സിസ്നി റിററൻ ബംഗ്ഗ് ഷൌ എന്ന കഷ്ക കുടുംബത്തിന്റെ കഥ പറയുകയുണ്ടായി. യെനാൻ അതൃത്തി മേഖലയിലേക്കു മഞ്ഞനദികടന്ന ദിവസം രാത്രി അദ്ദേഹം അവരുടെ കൂടെയാണ് പാർത്തതു. "അവരുടെ കൂടെ പാക്കുക ഒരു സന്തോഷകരമായ സ്ഥിതിയായിരുന്നു." "സ്വരച്ചേർച്ചയുള്ള കുടുംബം"എന്നു കമ്യൂണിസ്റ്റ്കാർ പറയുമ്പോൾ ഉദ്ദേശിക്കുന്ന അത്തരം ഒന്നായിരുന്നു അതു"

"കുടുംബത്തലവന്ന് ഇരുത്തഞ്ച് വയസ്സുകാണും. അയാളുടെ വയസ്സായ അമ്മയും ചെറുപ്പക്കാരി ഭാര്യയും കൂടെയുണ്ട്. കൃഷിക്കാരാണ്. മുമ്പു കുടിയാന്മാരായിരുന്നു. ഭൂപരിഷ്കരണം വന്നപ്പോൾ സ്വന്തംഭൂമികിട്ടി. അമ്മയും മരുമകളും നല്ല നൂൽപുകാരും നെയ്ത്തുകാരും തുന്നപ്പണിക്കാരുമാണ്; പണിക്കുവേണ്ടപലതരം പ്രാകൃതസാധനങ്ങളും അവരുടെ വശമുണ്ട്. കല്ലുകൊണ്ടാണ് പുര. ഗുഹപോലെയാണതിന്റെ ആകൃതി. ഓരോ മുറിക്കും വലുതായ കമാനങ്ങളുണ്ട് കമാനാകൃതിയിലുള്ള തട്ടിന്റെ താഴെ അമ്മയും മരുമകളും തമാശപറഞ്ഞും ചിരിച്ചും തുന്നിക്കൊണ്ടിരിക്കും. കുടുംബത്തിലുള്ളവക്കെല്ലാം നല്ല ഒരോ കമ്പിളിക്കുപ്പായമുണ്ട്. കറുത്തആട്ടിൻ രോമംകൊണ്ടുള്ളവയാണ്. വെളുത്ത ചിത്രപ്പണികൾ തുന്നിച്ചേത്തിട്ടുണ്ട്.

"നോക്കു, അവരെ" പ്ച്യേൻ പറഞ്ഞു അദ്ദേഹം ആയിടെ കുമിന്താങ്ങ് ചൈനയിൽനിന്നു വന്നയാളാണ്. 'ഞങ്ങളുടെ പഴയനാട്ടുവാഴിസമുദായത്തിൽ അമ്മ കുടുംബത്തിൽ കട്ടവയാണ്. മരുമകളെ വേലക്കാരിപോലെയാണ് കരുതുക. ഇവിടെ അവർ തമ്മിൽ എത്ര സ്നേഹത്തിലും പരസ്പരബോദ്ധ്യത്തിലും കഴിയുന്നു, ഇതാണ് യഥാർത്ഥ വിപ്ലവം."

"പിറേറന്നു അതിരാവിലെ ഷൌവും ഭാര്യയും എഴുനേററ് വേലക്കതയ്യാറായി. ശ്രീയുള്ള ദമ്പതികഠം. അയാഠം വീടിന്നു മുന്നിലുള്ള കളത്തിൽ ചോളത്തണ്ടുകഠം വാരിക്കൂട്ടി വലിയ ചുരുട്ടു കളാക്കികെട്ടിക്കൊണ്ടുപ്പോവുന്നു. കെട്ടിക്കഴിഞ്ഞാൽ പുറത്തേ ററികൊടുക്കാൻ ഭാര്യയെ വിളിക്കുകയായി. വിളികേഠംമ്പോഴേ ക്കും അവഠം നൃത്തംവെച്ചുകൊണ്ടാണ് ഓടിവന്നതു കരുത്തരോ മക്കപ്പായമിട്ടിരിക്കും. കററയേററിക്കൊടുക്കുമ്പോഠം ഇരുവരുടേ യും പുഞ്ചിരികാണേണ്ടതുതന്നെയാണ്. ഷൌ മടങ്ങിവന്നാൽ തുന്നാനുള്ള നൂൽ ശരിപ്പെടുത്തിക്കൊടുക്കാൻ വീടിന്നുള്ളിലെത്തു കയായി.

"ആ കുടുംബത്തിലെ അന്തരീക്ഷം എങ്ങിനെ വിവരിക്കാ മെന്ന് എനിക്കറിഞ്ഞുകൂടാ. സാദ്ധ്യമായിരുന്നെങ്കിൽ ഞാൻ ആ ഞൊടിയിൽ ഒരു വിവാഹം നടത്തി അത്തരം ഒരു കരുത്ത രോ മക്കപ്പായത്തിനു പ്രയത്നമാരംഭിക്കുമായിരുന്നു. ഐശ്വര്യത്തി ൻെറയും ശാന്തിയുടേയും ചിഹ്നമായിട്ടാണതെനിക്കു തോന്നി യതു. ഞങ്ങഠം അവരുടെ കുടുംബസുഖത്തെ അഭിനന്ദിച്ചു സം സാരിക്കയുണ്ടായി. ഒരുകാലത്ത് അവക്കു പട്ടിണിയും പാ ടുമായിരുന്നു; ഇപ്പോഴാകട്ടെ ഭൂപരിഷ്ക്കരണവും നല്ല പ്രയത്നവും ഉൽപാദനപ്രസ്ഥാനവും വന്നതോടെ അവക്കാവശ്യമുള്ളതെ ല്ലാം ലഭിച്ചിരിക്കുന്നു.

"രുചികരമായ ചോളപ്പ്രാതലാണ് ഞങ്ങഠംക്കവർ തന്നതു. ഞങ്ങഠം കിഴവിയോട് അകൈതവമായ നന്ദി പ്രദശിപ്പിച്ചു. അ പ്പോഠം അവർ പറയുകയാണ് 'ഓ! ഈ നിസ്സാരത്തിനു ഇങ്ങി നെ നന്ദിപറയാനുണ്ടോ? സഖാക്കഠം ഇതു വഴി യെനാനിലേ ക്കുപോകുമ്പോഠം, അതിനും വിശേഷിച്ച് ഒരു വിദേശസഖാവി

ന്ന് ഞങ്ങൾ ചെയ്യേണ്ടതല്ലേ ഇതു? ഞാനപ്പോൾ വിചാരിച്ചു! കാൽ കററിയാക്കിയ ഒരു കിഴവി സഖാവ് എന്നു ആളുകളെ വിളിക്കുക, അവക്കു വിദേശസഖാക്കളെപ്പററിപ്പോലും വിവരമുണ്ടാവുക, ഇവിടെ യഥാൎത്ഥവിപ്ലവം തന്നെയാണുള്ളതു്''

ഷൌവിനും ഭാര്യക്കും നേരിടാനുള്ള പ്രശ്നം ആപേക്ഷികമായി ലഘുവാണ്. മൂന്നു പേരുള്ള ചെറിയ കുടുംബമല്ലേ? മാതാപിതാക്കന്മാരും വളരെ പുത്രന്മാരും അവൎക്കൊക്കെ ഭാൎയ്യമാരും ഒരുപാട് പൌത്രന്മാരുമുള്ള വലിയ കൂട്ടു കുടുംബത്തിലാണ് സഹകരച്ചേച്ചയുണ്ടാവാൻ വിഷമം. അത്തരം കുടുംബങ്ങൾ—പാശ്ചാത്യദൃഷ്ടിയിൽ അവ കുടുംബങ്ങളല്ലാ ചാൎച്ചക്കാരുടെ ഗ്രൂപ്പുകളാണ്—ചൈനയിൽ സുലഭമാണ്. അവ ഛിന്നഭിന്നമായി ചെറുഘടകങ്ങളാകുന്നതു എപ്പോഴും സാദ്ധ്യമല്ല, ആദരണീയവുമല്ല. ഭൂമിയാണ് അവരെ ഒന്നിച്ചു നിൎത്തുന്നതു.

പക്ഷെ, അത്തരം കുടുംബങ്ങൾ ''ജനാധിപത്യകുടുംബ''ങ്ങളാവാൻ വിരോധമില്ല. ജനാധിപത്യമാണല്ലോ ഇന്നത്തെ രീതി. അവർ മീററിങ്ങ് കൂടി ഒരു തലവനെ തിരഞ്ഞെടുക്കുകയും എല്ലാവൎക്കും വേല ഓഹരിവെക്കുകയും ചെയ്യുന്നു. ഓഹരിയിൽ കൂടുതൽ ആരെങ്കിലും ഉണ്ടാക്കിയാൽ അഞ്ചിലൊരുഭാഗം കുടുംബത്തിന്റെ പൊതുഫണ്ടിലേക്കും ബാക്കി ഉൽപാദകനും നൽകുന്നു. ആ ജനാധിപത്യകുടുംബങ്ങൾ 'മൂന്നാണ്ടുപദ്ധതി'കൾ നടപ്പാക്കുകപോലും ചെയ്യാറുണ്ട്; വിളവൎദ്ധന, കാലികൾ, വീടുകൾ, കോഓപ്പറേററീവുകളിൽ ഓഹരികൾ എന്നിവയെല്ലാം പ്ലാനിൽ പെടും.

ചെൻതെഫായുടെ കുടുംബം ഒരുദാഹരണമാണ്. മാതാപിതാക്കന്മാരും മൂന്നു മുതിൎന്ന മക്കളും അവരുടെ ഭാൎയ്യമാരും കു

റെ കുഞ്ഞുങ്ങളും ഉള്ള കുടുംബമാണ്. അച്ഛൻ—അദ്ദേഹം മൂത്തച്ഛനായിരിക്കുന്നു—മിക്കപ്പോഴും വീട്ടിലുണ്ടാവില്ല. കിഴവിയാണ് ഭരണം അവർ മരുമക്കളോട് എല്ലാവരോടും ഒരുപോലെയല്ല പെരുമാററം. പക്ഷപാതങ്ങളുണ്ട്. അതുകാരണം പരസ്പരം കണ്ടുകൂടാ. അവസാനം മൂത്തമകനായ തെഫാ കുടുംബയോഗം വിളിച്ചു: "നമ്മുടെ പ്രയത്നം വളരെ കുറവാണ്. അതുകൊണ്ട് ദാരിദ്ര്യംവരുന്നു. കുടുംബഛിദ്രമാണിതിന്നു കാരണം." അവർ തെഫായെതന്നെ തലവനായി തിരഞ്ഞെടുത്തു. ആദ്യംതന്നെ അയാൾ വീട്ടുജോലികളെല്ലാം പങ്കിട്ടു. കാലികളെ തീററുന്നതു എളുപ്പപ്പണിയാണ്, ധാന്യംപൊടിക്കുന്നതു അദ്ധ്വാനമുള്ള പണിയാണ്. ഈ പണി എല്ലാ ഭാര്യമാർക്കുമായി വീതിച്ചുകൊടുത്തു. അപ്പോൾ എല്ലാവർക്കും നൂൽക്കുക, നെയ്യുക തുടങ്ങിയ മററു വേലകൾക്കു ഒഴിവുസമയം കിട്ടി. അത്തരം പുറംവേലകളുടെ ഫലത്തിൽ അഞ്ചിൽ നാലുഭാഗവും അതാതവർക്കെടുക്കാമെന്നു നിശ്ചയിച്ചു. നൂൽക്കലിലും നെയ്ത്തിലും അവർ മത്സരിച്ചു പണിയെടുക്കാൻതുടങ്ങി. കുടുംബത്തിന്നു സമ്പാദ്യം വദ്ധിച്ചു, മിക്ക വഴക്കുകളും ഇല്ലാതാവുകയുംചെയ്തു. കിഴവിക്ക് സ്ഥാനംപോയതിൽ ആദ്യം വളരെ വിമ്മിഷ്ടമുണ്ടായിരുന്നെങ്കിലും പിന്നെപ്പിന്നെ അവരും യോജിച്ചുവന്നു. പുതിയ സമൃദ്ധിയിൽ അവർ സന്തുഷ്ടയായി.

വിമുക്തപ്രദേശങ്ങളിൽ മിക്കയിടങ്ങളും യെനാൻ അതിർത്തിമേഖലയെക്കാൾ പുരോഗമിച്ചവയാണ്. ഇതിന്നു ഒരു കാരണം അവ സാമ്പത്തികമായി മുമ്പുതന്നെ അഭിവൃദ്ധിപ്പെട്ടിട്ടുള്ള

ത്തും മറെറാന്നു ജാപ്പ് വിരുദ്ധയുദ്ധത്തിൽ സ്ത്രീകളും പുരുഷന്മാരും ഒത്തുനിന്നു് ശത്രുവിന്നെതിരായി സമരംചെയ്തതുമാണ്. പിന്നീട് സ്ത്രീകഠം ഭൂപരിഷ്കരണത്തിലും സജീവമായി പ്രവൎത്തിച്ചു. അങ്ങിനെ അവർ പൊതുജീവിതത്തിൽ വന്നു. മദ്ധ്യഹോപ്പെയിൽ താച്ചാങ്ങ് പ്രവിശ്യയിൽ കിഴവിയായ ലി അമ്മ ഒരൊററദിവസംകൊണ്ടു മുപ്പത്തേഴ സ്ത്രീകളേയും എഴുപത്തെട്ടു നിൎദ്ധനരേയും സംഘടിപ്പിച്ച് സ്ഥലത്തെ രാക്ഷസനുമായി "കണക്കുതീൎത്തു".

മഹിളാസംഘങ്ങഠം വിപുലമായ തോതിൽ സ്ഥാപിക്കുന്നുണ്ടു്. വില്ലേജിലെ ജീവിതത്തിലും പിന്നീട് പ്രവിശ്യാകാര്യങ്ങളിലും അതുവഴി സ്ത്രീകളുടെ അഭിമതങ്ങഠം പ്രതിഫലിക്കുന്നു. മദ്ധ്യഹോപ്പെയിൽ -ലി അമ്മയുടെ നാട്ടിൽ- 348 വില്ലേജിലുള്ള സ്ത്രീകളിൽ പകുതിയോളം, 37,000 പേർ വളരെ കുറച്ചുനാഠംക്കുള്ളിൽ പ്രാദേശികമഹിളാസംഘങ്ങളിൽ ചേൎന്നതായി റിപ്പോർട്ടുണ്ടു്. സ്ത്രീകഠം സാമ്പത്തികപ്രസ്ഥാനങ്ങളിൽ ധാരാളം പങ്കെടുക്കുന്നുണ്ടു് അവരിൽനിന്നു 'വേലവീര'കളെ ധാരാളം തിരഞ്ഞെടുക്കാറുണ്ടു്.

വു ആൻ പ്രവിശ്യയിൽ ചേൎന്ന 'വേലവീര'സമ്മേളനത്തിൽ ഞാൻ രണ്ടു 'വീര'കളെ കണ്ടു.

മിസിസ് കെ ഛാ അടുത്തകാലംവരെ അന്തൎജ്ജനമായിരുന്നു. കാൽ കുററിതന്നെ. ഇനി ഒരിക്കലും സ്വാഭാവികവളർച്ച ലഭിക്കാൻ നിവ്വാഹമില്ലാത്ത കുററിക്കാലിന്മേൽ അവർ ചാഞ്ചാടിക്കൊണ്ടു് അദ്ധ്യക്ഷപീഠത്തിലേക്കു പോവുകയാണ്. അദ്ധ്യക്ഷമണ്ഡപത്തിൽ അവരെയും തിരഞ്ഞെടുത്തിട്ടുണ്ടു്. അവരുടെ കഴിഞ്ഞാണ്ടിലെ നേട്ടങ്ങഠം എനിക്കു വിവരിച്ചുതരികയുണ്ടായി. കഴിഞ്ഞ വസന്തകാലത്ത് സീഡർകാട്ടിലെ 173 സ്ത്രീകളെ അവർ നൂലെ

ട്ടപ്പ് നെയ്ത്തു പരസ്പരസംഘത്തിൽ സംഘടിപ്പിച്ചു. അവരുടെ സ്വന്തം വക 2,752 റാത്തൽ പരുത്തിയും ഗവൺമെണ്ടിൻെറ വായ്പ 1,200 റാത്തൽ പരുത്തിയും കൂടി അവരുടെ കുടുംബങ്ങൾക്കുവേണ്ട എല്ലാ തുണിത്തരങ്ങളും അവർ നിർമ്മിച്ചു. അവരിൽ പണമുണ്ടാക്കിയവരുമുണ്ട്. ഒരുവൾ ഒരേക്ര ഭൂമി വാങ്ങി. മറെറാരുവൾ പകുതി ഏക്ര. വേറൊരുത്തി ഒരാടിനെ. സീഡാർ കാട് കഴിഞ്ഞപ്പോൾ മിസിസ് കോ കിഴക്കൻസീഡാർ, പടിഞ്ഞാറെ സിഡാർ, പുരോഭാഗസീഡാർ എന്നിവിടങ്ങളിലെ കുടികളേയും ഉന്നതമുടിവിലുള്ളതും സംഘടിപ്പിച്ചു. ഇതിലെല്ലാം സ്ത്രീകൾ കുടുംബത്തിനുവേണ്ട തുണിയുണ്ടാക്കിയതിനുപുറമെ പണവും സമ്പാദിച്ചു. പിന്നീട് അവർ ഗോതമ്പു് കൊയ്ത്തിന്നു സഹായിക്കാൻ 160 സ്ത്രീകളെ സംഘടിപ്പിച്ചു. ഈ എല്ലാ സംഭാവനകൾക്കുമായിട്ടാണ് മിസിസ് കോ വീരയായി തിരഞ്ഞെടുക്കപ്പെട്ടതു്.

വേറൊരു 'വീര' തരുണിയാണ് ലിസാൻന്യ. എട്ടു നേട്ടങ്ങളാണവർ നേടിയത്. അവർ സംഘടിപ്പിച്ച 180 സ്ത്രീകൾ 12 റാത്തൽ പരുത്തിവീതം നൂററു തുണിനെയ്തു. അവർ ഒരു ചെറിയ വാഹന കോ ഓപ്പറേററീവുണ്ടാക്കി. അതിലും നല്ല ലാഭമുണ്ടായി. വൃക്ഷം നടുന്നദിവസം അവർ 800 ഫലവൃക്ഷങ്ങൾ നടാൻ സംഘടനയുണ്ടാക്കി. 2300 ലതകൾ നട്ടു; 2000 ഈന്ത ഒട്ടിച്ചു. എഴുപത്തിരണ്ട് ആടുകളെ വാങ്ങാനും, കച്ചവടമരുന്നുകളുടെ ആവശ്യത്തിന്നു കാട്ടുമരുന്നുകൾ എടുക്കാനും പതിന്നാലേക്ര ഭൂമി കൃഷിക്കുപയുക്തമാക്കാനും അവർ ഓരോ കോ ഓപ്പറേററീവുകളുണ്ടാക്കി. ഇത്രയും നേട്ടങ്ങളുടെ കൂട്ടത്തിൽ നാലു "മടിയന്മാരെ വീണ്ടെടുത്തതും" കൂട്ടിക്കൂട്ടുന്നതു അനൌചിത്യമാകയി

ല്ല. ഈ പരാക്രമങ്ങൾ കാരണം വു ആനിലെ "ഗേലവീര"ന്മാ ക്കൊപ്പം അവൎക്കും പ്ലാററഫോറത്തിൽ സ്ഥാനം ലഭിച്ചിരിക്കുന്നു

വില്ലേജ് പ്രവിശ്യാ തിരഞ്ഞെടുപ്പുകളിലും പൊതുതിര ഞ്ഞെടുപ്പുകളിലും സ്ത്രീകൾ കൂടുതൽ കൂടുതൽ പങ്കെടുക്കാൻ തുട ങ്ങിട്ടുണ്ട്. യെനാനിലെ മുനിസിപ്പാൽ തിരഞ്ഞെടുപ്പിൽ എ ൺപതുശതമാനം സ്ത്രീകളും വോട്ടുചെയ്തു. അതൃത്തിമേഖലയിലെ നാട്ടിൻപുറത്തുണ്ടായ തിരഞ്ഞെടുപ്പുകളിൽ അറുപതുശതമാനം വോട്ടുചെയ്തിട്ടുണ്ട്. മോചനത്തിന്നുശേഷം ജെഹോളിൽ നടന്ന ആദ്യത്തെ തിരഞ്ഞെടുപ്പിൽ 40 ശതമാനം സ്ത്രീകൾ വോട്ടുചെ യ്യാൻവന്നു. പഴയ പ്രദേശങ്ങളിൽ ശതമാനം ഇതിലുമെത്രയോ അധികമാണ്. ചിൻപാചി എന്ന വിമുക്തപ്രദേശത്തിൽ താങ്ങ് പ്രവിശ്യയിൽ 90 ശതമാനമാണ് വോട്ടുചെയ്തത്. അവർ ഒരു സ്ത്രീ മജിസ്ട്രേട്ടിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

മേയർമാരായും മജിസ്ട്രേട്ടുമാരായും ജനകീയകോൺഗ്രസ്സി ൽ അംഗങ്ങളായും വളരെ സ്ത്രീകളുണ്ട്. യെനാൻ അതൃത്തിമേഖ ലയിൽപോലും കോൺഗ്രസ്സിൽ 200 പേരിൽ ഏഴുപേർ സ്ത്രീക ളാണ്. മററുചില പ്രദേശങ്ങളെ അപേക്ഷിച്ച് ഇതത്ര അധിക മല്ല. പക്ഷെ അമേരിക്കൻകോൺഗ്രസ്സിനേക്കാൾ താരതമ്യേന മെച്ചമാണ്. മേഖലാഗവൺമേണ്ടുകളുടെ സിക്രട്ടറിമാരിൽ ചിലർ സ്ത്രീകളാണ്. മറെറാരു ഗവൺമേണ്ടിലും ഇല്ലാത്ത ഉയൻ സ്ഥാന മാണത്. തെക്കുകിഴക്കൻ ഷാൻസി ഉപമേഖലയിൽ 40 വയ സ്സ് കഴിഞ്ഞ ല്യൂ യ്യാ ഷുങ്ങ് സിക്രട്ടറിയാണ്, അവരെപ്പോലു ള്ളവരാണ് ആ സ്ഥാനത്തെത്തുന്നതെന്നു പറയാം. പിപ്പിങ്ങ് നോർമൽ കോളേജിൽനിന്നു ആദ്യകാലത്തു പാസ്സായവരിൽ ഒ രാളാണ് അവർ. 1925–27ലെ "മഹാവിപ്ലവ"ത്തിൽ പങ്കെ

ടുത്തിട്ടുണ്ട്. ജാപ്പ് വിരോധയുദ്ധത്തിൽ "ചാവാൻ തയ്യാർ" എന്ന സ്ത്രീഗറില്ലാസംഘം സംഘടിപ്പിച്ചതും അതിൻെറ രാഷ്ട്രീയ ധയറക്ടരായി പ്രവർത്തിച്ചതും അവരാണ്.

ചില സ്ത്രീകൾ യുദ്ധത്തിൽ സജീവപങ്ക് വഹിക്കുന്നുണ്ട്. പീപ്പിങ്ങിന്നടുത്തു ഒരു ഗറില്ലാകമാണ്ടരുടെ അമ്മയാണ് ജാപ്പ് വിരോധയുദ്ധകാലത്ത് സുപ്രസിദ്ധയായിതീൎന്ന 'മദാംചൌ'— നീലഉടുപ്പുധരിച്ച് ഒരു സാധാരണ കിഴവി, ഗറില്ലകൾക്ക് തോക്കുകൊണ്ടുവന്നുകൊടുക്കാൻ എത്രയോതവണ ജാപ്പ്നിരകൾ ഭേദിച്ച് കടന്നിരിക്കുന്നു. വേറൊരു അജ്ഞാതനാമാവായ "അമ്മ'യുടെ കഥ ലി പോ പറഞ്ഞു. വയസ്സ് 63 കഴിഞ്ഞ ആ കുററിക്കാലി ഗറില്ലകളുടെകൂടെ എത്രയോ ദൂരം സഞ്ചരിച്ചിട്ടുണ്ട്. ഗറില്ലകളുടെ ഉടുപ്പുകളും ചപ്പാലുകളും നന്നാക്കിക്കൊടുക്കുകയായിരുന്നു അവരുടെ ജോലി. പിന്തുടരാൻ കഴിയാത്ത സമയങ്ങളിൽ അവർ ജാപ്പ്വിരോധചുമർപത്രങ്ങൾ അലക്കുന്നിടത്തു ഒളിച്ചുവെച്ച് തരംകിട്ടുമ്പോൾ പ്രധാനസ്ഥലങ്ങളിൽ കൊണ്ടുപോയി ഒട്ടിക്കും. അതേസമയം ഒന്നുമറിയാത്ത ഭാവത്തിൽ ഏതെങ്കിലും നീർച്ചാലിൽ അലക്കുപണിയും നടത്തും.

1946ലെ വേനൽക്കാലത്ത് ച്യാങ്ങിൻെറ പട്ടാളം വടക്കൻക്യാങ്ങ്സു ആക്രമിച്ചപ്പോൾ രണ്ടായിരത്തിലധികം സ്ത്രീകൾ ജനസേനയിൽചേൎന്നു. പുതുതായി ലഭിച്ച വിളഭൂമി അവൎക്ക കാത്തുരക്ഷിച്ചേ തീരു എന്നു ശഠിച്ചു. ഇവരിൽ സുപ്രസിദ്ധരായ പലരുമുണ്ട്. കൌഫാങ്ങ്യിങ്ങ് ഒരു വളാണ്. ഇരട്ടക്കോട്ട ഗ്രാമത്തിലെ 23 വയസ്സു മാത്രം പ്രായമായ യുവതി. അവളുടെ ഭൎത്താവ് ഷാങ്ങ്ഹായിൽ കൂലിക്കാരനാണ്. അയാൾക്ക വീട്ടിലേക്കയക്കാൻ ഒന്നും ഉണ്ടാവാറില്ല. ഭൂപരിഷ്കരണം

വരുംവരെ അവളും ഭർത്തൃമാതാവും എന്നും പട്ടിണിയായിരുന്നു. ഭൂപരിഷ്കരണത്തോടെ അവർക്ക ഒരേക്ര ഫലഭൂയിഷ്ഠമായ ഭൂമി കിട്ടി. ഇരുപൂവൽ നിലമാണ്. അവർക്ക കഴിച്ചിലിന്ന് വിഷമമില്ലാതായി.

ച്യാങ്ങിൻെറ പട്ടാളം ആക്രമിക്കാനെത്തിയെന്നു കേട്ടപ്പോൾ അവൾ ഗ്രാമാദ്ധ്യക്ഷൻെറ അടുത്തേക്കോടിച്ചെന്ന് പട്ടാളത്തിൽ ചേർത്തണമെന്നു വാശിപിടിച്ചു. "അനവധികൊല്ലം അരിഷ്ടിച്ചിട്ട് കഷ്ടിച്ച് ജീവിക്കാമെന്നായെഉള്ളു. ഇനിയും പഴയ ജീവിതം വരുന്നതെക്കാൾ മരണമാണ് ഭേദം". അവളെ പട്ടാളത്തിലെടുത്തു കാൽ മുരടിപ്പിക്കാത്തതുകൊണ്ട് "ആണുങ്ങളെപ്പോലെ" അവർക്ക നടക്കാം. അതുകൊണ്ടാണ്, പ്രത്യേകിച്ചും, എടുത്തതു. അടുത്തയവസരത്തിൽതന്നെ അവൾ ഒരു വിഭാഗം ജനസേനയെ നയിക്കാൻതുടങ്ങി. ശത്രുക്കളുടെ ചെറുസംഘങ്ങൾ ധാന്യം കവരാൻ വരുന്ന അവസരത്തിൽ അവൾ അവരെ പതിഞ്ഞിരുന്നു നശിപ്പിച്ചു. അങ്ങിനെ ഒരവസരത്തിൽ അവർക്ക നല്ലൊരു പുതിയ യന്ത്രത്തോക്ക കിട്ടി. അവളുടെ ഗ്രാമം കീഴടക്കിയപ്പോൾ അവൾ അയൽഗ്രാമത്തിൽചെന്നു അവിടുന്നു രഹസ്യദൂതുകൾ നൽകിവന്നു.

ഷാൻതുങ്ങിൽ ക്യൌതുങ്ങ് അദ്ധ്വീപിൽ ത്സിൻതൌ നാവികസങ്കേതത്തിന്നു വളരെ ദൂരത്തല്ലാതെ "അയ്യലി താഴ്വര" എന്നൊരു സ്ഥലമുണ്ട്. ജാപ്പ്‌വിരോധയുദ്ധത്തിൽ പ്രസിദ്ധരായിതീന്ന അഞ്ചു പ്രാദേശികധീരാത്മാക്കളിൽനിന്നാണ് ആ പേർ ഉത്ഭവിച്ചതു. ഈ പുലിക്കുട്ടികളിൽ രണ്ടുപേർ 20ന്ന് താഴെയുള്ള പെൺകിടാങ്ങളായിരുന്നു—അമൂല്യജേഡും ഓമനമുല്ലയും.

അമൂല്യജേഡിൻെറ ശരിയായ പേർ സുൻയുമിൻ എന്നാണ്. ഒററദിവസം ഒററമണിക്കൂറിന്നുള്ളിൽ പതിനെട്ടു ജപ്പാൻകാരെ അവഠം ചുട്ടുകളഞ്ഞു. അങ്ങിനെയാണവഠംക്ക "കൈത്തോക്കുവീര" എന്ന ബഹുമതി ലഭിച്ചതു. നല്ല ഉയരം, കുറച്ചൊരു വളവ്, നാണംകുണുങ്ങി, ബാല്യത്തിൻെറ മന്ദഹാസം, അങ്ങിനെയാണവഠം. സാധുകുടുംബത്തിൽപെട്ടവളാണ്, ഒരേക്ര ഭൂമിയുണ്ട്, കന്നുകളൊന്നുമില്ല. ജാപ്പുകളെ തമക്കുമ്പോഠം അവഠംക്ക വയസ്സ് പതിനെട്ടേ ആയിട്ടുള്ളു. ഇപ്പോഠം ഇരുപതായി. കണ്ടാൽ പതിനഞ്ചേ തോന്നൂ.

ദേശാഭിമാനവൃത്തിയിൽ അവഠം ആദ്യമായി ഒരു 'സാഹസം' ചെയ്തതു പതിന്നാലാമത്തെ വയസ്സിലാണ്. ഓമനമുല്ല അക്കാലത്ത് ഒരു ബാലികാസംഘം ഉണ്ടാക്കി. ജേഡ് അതിൽ അംഗത്വം അപേക്ഷിച്ചു. മീററിങ്ങിനുവരാൻ അവഠം അത്ര കൊച്ചാണ്. അതുകൊണ്ട് അവഠംക്ക "രഹസ്യവേല" നൽകി. അവഠംക്ക എഴുതാനറിയാമായിരുന്നു. അവഠം തൻെറ ഗ്രാമത്തിൽനിന്നു ജപ്പാനെ സേവിക്കാൻപോയ ബൊമ്മപ്പട്ടാളക്കാർക്ക് കത്തുകളെഴുതി. ബൊമ്മപ്പട്ടാളത്തിൻെറ ചങ്കുറപ്പ് ദ്രവിപ്പിക്കാൻ മോചനസേന നൽകിയ പല ഉപായങ്ങളിൽ ഒന്നാണിതു. ബൊമ്മപ്പട്ടാളത്തെപ്പററി സ്വന്തം ജനങ്ങഠം എന്തുപറയുന്നു എന്നാണ് എഴുത്തിൽ എഴുതുന്നതു. ഇതിൻെറ ഫലമായി ആ പട്ടാളക്കാർ പലരും ആയുധസഹിതം എട്ടാംപടയിൽ ചേരാൻ തിരികെ വന്നു.

അമൂല്യജേഡിന്നു തോക്കൊന്നു തൊടാൻതന്നെ ഭയമുള്ള കാലമുണ്ടായിരുന്നു. അതെങ്ങാനും വല്ല പൊട്ടും പൊട്ടിയാലോ എന്നവഠം ഭയന്നു. "എൻെറ ഒന്നാമത്തെ പരീക്ഷയിൽ ഭാഗ്യം

കൊണ്ട് ഞാൻ നേടി" അവരം പറയുകയാണ്. "പട്ടാളക്കാർ, താനത്ത് യുവാക്കരം ഉന്നംവെക്കുന്നതു കണ്ടുകൊണ്ടു നിൽക്കുകയാണ് ഞാൻ. അവക്ക ശരിക്ക ഉന്നംകിട്ടുന്നില്ല. കളിപ്പിക്കാൻ വേണ്ടി എന്നോടൊന്നു പരീക്ഷിക്കാൻ പറഞ്ഞു ഞാൻ കുറിക്ക കൊള്ളിച്ചു. കളിപ്പിക്കൽ അവരെയായി. "ആ കുററൻ സാധനത്തിൽ കൊള്ളിക്കാനാവില്ലെ നിങ്ങരംക്ക?" ഞാൻ ചോദിച്ചു. അവക്ക ലജ്ജകൊണ്ട് ഭ്രാന്തായി, "കാംണട്ടെ ഒരിക്കൽകൂടി"

അവരം തോക്കെടുത്തു മൂന്നുവെടി പൊട്ടിച്ചു. മൂന്നും കുറിക്കുകൊണ്ടു. "അവർക്കെന്താണു ഒക്കാത്തതു ആവോ" അവരം ആശ്ചര്യപ്പെട്ടു. സേനാനികരം കയ്യടിച്ചു. അതിൽപിന്നെ അവളെന്നും "പരിശീലന"ത്തിന്നെത്തി. അവരം വയലിലേക്കു കരികൊണ്ടുപോകുമ്പോരം "തോക്കുപോലെ"യാണ് തോളിൽ വെക്കുക. തന്നേയും സേനയിൽ ചേക്കണമെന്നവരം അപേക്ഷിച്ചു. അതു നിരസിക്കയാണുണ്ടായതു. അങ്ങിനെയിരിക്കെ അവളുടെ സഹോദരനെ ജാപ്പുകരം കൊന്നു. "അയാളുടെ സ്ഥാനം ഞാൻ എടുക്കും" എന്നു തീരുമാനിച്ചു. രാവിലെ സഹോദരൻെറ ശവം മറവുചെയ്തു. വൈകുന്നേരം അവരം പരിശീലനത്തിന്നെത്തി. ഇത്തവണ അവർ അവളെ നിരസിച്ചില്ല. പക്ഷെ ഒരു നാടൻതോക്കാണ് കൊടുത്തതു. കുഴലിൽകൂടെ മരുന്നിട്ട് ഇടിക്കുന്ന തരത്തിലുള്ളതു. പക്ഷെ അതുംകൊണ്ട് അവർ കാന്തമിടുന്ന വിഭാഗത്തിന്നു കാവൽനിന്നു. അതാ വരുന്നു രണ്ടു ജാപ്പുകരം 130 വാര അകലെയാണ്. അവരം കാഞ്ചി വലിച്ചു. രണ്ടും വീണു. ഇതിന്നു അവരംക്കു കുതിരപ്പട്ടാളക്കാരൻെറ തോക്കൊന്നു സമ്മാനം കാട്ടി.

1945ലെ വേനൽക്കാലത്താണ് അവരം പതിനെട്ടു ജപ്പാൻകാരെ തുലച്ച സംഭവം നടന്നതു. അവിടുന്നധികം താമസി

യാതെ ജാപ്പാൻ കീഴടങ്ങി. പതിനെട്ടു ഗറില്ലാവിഭാഗങ്ങൾ കാത്തമിട്ടുകയാണ്. 500 തോക്കുകാരാണ് കാവൽനില്ക്കുന്നതു. അവരിൽ ഒരാൾ അമൂല്യജേഡായിരുന്നു. കുന്നിൻചെരുവിൽ ഒരു മരത്തിൻെറ പിറകിൽ ഒളിഞ്ഞിരിക്കയാണവൾ.

അവൾതന്നെ ആ സംഭവം പറഞ്ഞു: "കുന്നിൻെറ താഴെ ഒരു റോഡുണ്ട്. അതിന്നപ്പുറത്ത് അരുവിയും. ഒരു ജാപ്പ് ലോറി റോഡിലൂടെ വന്നു. അരുവിയുടെ അടുത്തു നിന്നു. അവററ അതിൽനിന്നു ചാടി അരുവിയിൽ കുളിക്കാൻ ഭാവമാണ്. തനി പച്ചയാവണം. തോക്കെല്ലാം ലോറിയിൽ വെച്ചതേയുള്ളു. എനിക്ക് നല്ല തക്കം. എൻെറ കുതിരപ്പടത്തോക്കു കൂടെക്കൂടെ നിറക്കേണ്ടതില്ല. അങ്ങിനെ പതിനെട്ടെണ്ണംവീണു. അവററ ലോറിയുടെ പിറകിൽനിന്നു് എൻെറ നേരെ വെടിതുടങ്ങി. എൻെറ തിര കഴിഞ്ഞപ്പോൾ അവററ മൂന്നെണ്ണമുണ്ട്. അപ്പോൾ എനിക്കവിടംവിട്ട് ഓടാതെ നിവൃത്തിയില്ലെന്നുവന്നു".

അമൂല്യജേഡ് അംഗമായി ചേൻ "ഓമനമുല്ല ബാലികാസംഘം' അവളെക്കാൾ കുറച്ചുകൂടി പ്രായംചെന്ന ചെൻ കെചയ്ഷാൻ എന്ന യുവതിയാണ് ആരംഭിച്ചതു. അവളെയാണ് ഓമനമുല്ല എന്നു വിളിക്കുന്നതു. 1941ൽ അവൾ അവളുടെ ഗ്രാമത്തിലെ മഹിളാസംഘത്തിൽ ചേൻു. പക്ഷെ അവരുടെ പണി—എട്ടാംപട്ടാളത്തിനു നൂൽക്കലും തുന്നലും—ലഘുവേലകളായി തോന്നി. അതുകാരണം പിറെറക്കൊല്ലം സജീവപ്രവത്തനത്തിന്നു തയ്യാറുള്ള ബാലികന്മാരുടെ ഒരു ചെറിയ ഗ്രൂപ്പ് അവൾ സംഘടിപ്പിച്ചു.

കേവലം നിസ്സാരമായ ആശയഗതിയാണ്, എങ്കിലും അതിലുണ്ട് പ്രതിഭയുടെ അംശം. എന്തെങ്കിലും സംഭവമുണ്ടായാൽ—ജാപ്പാക്രമണം, കൊയ്ത്തുമോശം, യുദ്ധത്തിൽ ആ വില്ലേജുകാരിൽ ഒരുവൻെറ മരണം എന്നിങ്ങിനെ—ബാലികാസംഘം യോഗംചേന്ന് ആലോചിക്കുകയായി: "ഇതിൽ നമ്മുടെ കത്തവ്യമെന്താണ്?"

ചുററുപാടും ശത്രുക്കളുടെ പ്രവത്തനം ഊജ്ജിതപ്പെട്ടു. ജനസേന അവരുമായി ഏററുമുട്ടാൻ നീങ്ങി. "പട്ടാളത്തിൽപോയവരുടെ കുടുംബങ്ങൾക്കു സഹായം ചെയ്യുക, അതാണ് നമ്മുടെ കത്തവ്യം" എന്നു ബാലികാസംഘം തീരുമാനിച്ചു. അങ്ങിനെ വെള്ളം കോരാനും, വിറകു കീറാനും, തുണിയലക്കാനും, മുടക്കംവന്നവരുടെ വേലകൾ ചെയ്തുകൊടുക്കാനും അവർ എത്തി: എഴുത്തും വായനയും പഠിക്കാനുള്ള വിദ്യാഭ്യാസഗ്രൂപ്പുകളും അവക്കുണ്ട്. പിന്നീട് അവർ തോക്കുപയോഗിക്കാൻ പരിശീലിച്ചുതുടങ്ങി. ഇക്കായ്യത്തിൽ വയസ്സായ സ്ത്രീകൾ അവരെ തടഞ്ഞു.

"ശത്രുക്കൾ വരുമ്പോൾ പെണ്ണുങ്ങളെല്ലാം ഓടിക്കോളണം എന്നു ചിലർ പറയുന്നതു കേൾക്കുമ്പോൾ എനിക്ക് ലജ്ജയാവുകയാണ്." മുല്ല പറഞ്ഞു: "ഗ്രെനേഡ് എറിയുന്നതു പരിശീലിക്കാൻ ഞാൻ അഞ്ചു സ്നേഹിതകളെ കൂട്ടി. രഹസ്യമായിട്ടാണ് ഞങ്ങളിതു നടത്തിയതു്: പുരുഷന്മാർ പരിശീലിക്കുന്നിടത്തു പോകാൻ ഞങ്ങൾക്കു നാണമുണ്ട്. അതിവേഗത്തിൽ ഞങ്ങൾ ഇരുപതുപേരായി. ഞങ്ങൾക്കു ഗ്രനേഡ് എറിയാനും, കാന്തമിടാനും മററു യുദ്ധമുറകളും വശമായി. എൻെറ മൂത്ത സഹോദരനെ ശത്രുക്കൾ പിടിച്ചു. കുടുംബത്തിൽ കരച്ചിലും പിഴിച്ചിലുമായി. ഞാൻ പറഞ്ഞു: "കരഞ്ഞിട്ടെന്തുവേണം, നാം പകരം വീട്ടണം."

വയസ്സികളുടെ എതിർപ്പ് കൂടുതലായി. "അവർ വേറിട്ടുപോയി", അപ്പോൾ ബാലികാസംഘം 'സ്വയം വിമർശനയോഗം' കൂടി അതിൽവെച്ച് "വിടവുതീർക്കുന്നതാണ് നമ്മുടെ കടമ" എന്നു തീരുമാനിച്ചു പട്ടാളപ്രവർത്തനത്തിന്നു മുതിരുന്ന പെൺകുട്ടി വിമർശനം കുറക്കുന്നതിന്നുവേണ്ടി വീട്ടുവേലകൾ കൂടുതൽ അദ്ധ്വാനിച്ചെടുക്കണമെന്നും അവർ നിശ്ചയിച്ചു. "കാലത്തു ഞങ്ങൾ അത്യദ്ധ്വാനം ചെയ്തു കുടുംബജോലികളെല്ലാം കഴിക്കും. ഉച്ചതിരിഞ്ഞു് പഠിക്കും. വൈകുന്നേരം റോഡുകളിൽ കാവൽ നില്ക്കും." കഠിനമായ പരിപാടിതന്നെയാണ്.

കുടുംബജോലിയിൽ കാണിച്ച ഉൽസാഹംകൊണ്ട് വിമർശനങ്ങൾ കുറഞ്ഞു. എന്നാൽ പൂർണ്ണമായി വിജയിച്ചതു "എഴുത്തെഴുതുന്ന ഗ്രൂപ്പ്" രൂപീകരിച്ചതോടെയാണ്. എഴുതാൻ പഠിച്ചതോടെ പട്ടാളത്തിലുള്ളവർക്ക് എഴുത്തയക്കാൻ ബന്ധുക്കൾക്കവർ സഹായമായി. "പ്രായംചെന്ന തള്ളമാർക്ക ഈ സേവനം ഏറെ പിടിച്ചു. ഇതിൽപിന്നെ ആരും ഞങ്ങളെ എതിർത്തിട്ടില്ല."

ഇരുപതാംവയസ്സിൽ അവളുടെ കല്യാണം നടന്നു. പിറ്റെ കൊല്ലം അവളുടെ ഭർത്താവ് ജാപ്പുകളുടെ കയ്യാൽ മരിച്ചു. അതിൽപിന്നെ ബാലികാസംഘവും മഹിളാസംഘവുമായുള്ള ബന്ധം കുറെക്കൂടി ദൃഢപ്പെട്ടു. വിവാഹവും വൈധവ്യവും കാരണം ഓമനപ്രായം ചെന്നവരുടെ കൂട്ടത്തിൽ അംഗീകരിക്കുന്നു

അവൾക്ക വയസ്സ് ഇരുപത്തിമൂന്നു തികഞ്ഞിട്ടില്ല. ഇപ്പോഴും അവളാണ് ബാലികാസംഘത്തിന്റെ നേതൃത്വം വഹിക്കുന്നതു്. ക്യൌതുങ്ങ് അർദ്ധദ്വീപിൽ പല ഭാഗത്തും ഇത്തരം സംഘങ്ങൾ ഉണ്ടായിട്ടുണ്ടു്. അവരുടേയും പ്ലാൻ ഇതുപോലെയാണ്: സ്വയം ചോദ്യംതന്നെ: "എന്താണ് നമ്മുടെ കർത്തവ്യം". അവരെയെല്ലാം അറിയുന്നതു "ഓമനമുല്ല ബാല്യസംഘങ്ങൾ" എന്നാണ്. എല്ലാ കാലങ്ങളിലും പെൺകുട്ടികൾക്കും ഒരു കടമയുണ്ടെന്നാണവരുടെ ബോധ്യം. ചൈനയിൽ വളരെ കുറച്ചുപേരേ പണ്ടു് ഇങ്ങിനെ ആലോചിക്കാറുള്ളു.

# സ്കൂളുകൾ ജനങ്ങളുടെ അടുത്തേക്ക്

"ഞങ്ങൾ അതൃത്തിമേഖലയിൽ വന്നകാലത്ത് കൃഷിക്കാർക്ക് സ്കൂളുകളെക്കൊണ്ട് ഒരാവശ്യവുമില്ലായിരുന്നു," കൌസൂപ്രെങ്ങ് പറയുകയാണ്. "അവരുടെ നിത്യജീവിതം സ്കൂളുകൾ നന്നാക്കും എന്നു തെളിയിച്ചുകൊടുക്കേണ്ട ഭാരമായി ഞങ്ങൾക്ക്. ഭഗീരഥപ്രയത്നംതന്നെ."

ഞാൻ കണ്ടിട്ടുള്ള ഏതു സ്കൂൾസൂപ്രേണ്ടിന്നും വ്യത്യസ്തനാണ് യെനാൻ അതൃത്തിമേഖലയിലെ സെക്കണ്ടറിസ്കൂൾ സൂപ്രേണ്ടായ കൌയുങ്ങ് പിങ്ങ്. കാൻവാസ്കൊണ്ടുള്ള ചെരിപ്പിട്ടിട്ടുണ്ട്. കാലടി തവിട്ടുനിറമാണ്. തലയിൽ രോമം കമ്പിപോലെ മേൽപ്പോട്ടു നില്ക്കുന്നു. ഇരുണ്ട നിറമാണ് ശരീരത്തിന്റെ. ഉയർന്ന കവിളെല്ലുകൾ. കുപ്പായവും കാലുറയും തമ്മിൽ യോജിപ്പില്ല. കാലുറ കടുംനീലയാണ്. പൌരന്മാർക്ക് കിട്ടുന്ന തരത്തിലുള്ളതു. കുപ്പായം ഇളംനീല. പണ്ട് പട്ടാളത്തിലിരുന്നപ്പോഴത്തെയാ

ണ്. അന്നത്തെ സ്ഥാനമുദ്ര ഇന്നും അതിന്മേലുണ്ട്. പക്ഷെ പോക്കററിൽ നിന്നു തല പുറത്തുകാണുന്ന പെൻസിൽ അദ്ദേഹം ഒരു വിദ്യാസമ്പന്നനാണെന്നു വിളിച്ചുപറയുന്നുണ്ട്. അദ്ദേഹത്തിൻെറ യുവത്വം കളിയാടുന്ന മുഖത്തു് ബുദ്ധിവൈഭവം വിളങ്ങുന്നുണ്ട്.

"സുദീഘയാത്ര"ക്കുശേഷം ഞങ്ങളിവിടെ യെത്തുന്നകാലത്തു് തൊണ്ണൂററൊമ്പതു ശതമാനം ജനങ്ങളും നിരക്ഷരരാണ്. എൺപതു താഴ്ന്നതരം പ്രാഥമിക വിദ്യാലയങ്ങളും—മൂന്നോ നാലോ ക്ലാസുള്ളവ—ആറു ക്ലാസ്സുകളുള്ള ഒരു സ്കൂളും മാത്രമേ ഈ സംസ്ഥാനത്താകെ ഉണ്ടായിരുന്നുള്ളു. പതിനഞ്ചുലക്ഷം ജനങ്ങളുണ്ട്. സെക്കണ്ടറിസ്കൂളുകളാവട്ടെ ഉയന്ന സ്കൂളുകളാവട്ടെ ഉണ്ടായിരുന്നില്ല. 1937ൽ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കാൻ ഞങ്ങൾ ഒരു നോർമൻസ്കൂൾ ആരംഭിച്ചു. ഇരുപതു അദ്ധ്യാപകവിദ്യാർത്ഥികളുണ്ടായിരുന്നു. മിക്കവരും "സുദീഘയാത്ര"യിൽ കൂടെവന്ന കുടുംബങ്ങളിൽ പെട്ടവർ തന്നെയാണ്," കൌ വിവരിച്ചുതന്നു.

ഈ പിന്നണിപ്രദേശത്ത് എത്രയുംവേഗം വിദ്യാഭ്യാസം പ്രചരിപ്പിക്കാമെന്നു് ആ യുവാദ്ധ്യാപകന്മാർ കണ്ട സ്വപ്നമോത്ത് ദീഘശ്വാസം വിട്ടു. നിർബ്ബന്ധവിദ്യാഭ്യാസനിയമം പാസ്സാക്കി പക്ഷെ അതു ഏട്ടിൽകിടന്നതേയുള്ളു. വിദ്യാതല്പരന്മാരുടെ ആശങ്കകളെല്ലാം കൃഷകരുടെ അലസഭാവത്തിന്മേലും പഠിപ്പിനോടുള്ള വിരോധത്തിന്മേലും ചെന്നടിച്ചു. ഛിന്നഭിന്നമായി. പട്ടിണിയുടെ വക്കത്തു കിടക്കുന്ന കൃഷകപ്പിള്ളർ വിഷമം പിടിച്ച ചീനരൂപങ്ങൾ പഠിക്കുന്നതു സമയം ദുർവ്യയം ചെയ്യലാണെന്നായിരുന്നു അവരുടെ സിദ്ധാന്തം. കൃഷകപ്പിള്ളർക്കു വിറകുകീറാനുണ്ട്. ആടിനെ മേക്കാനുണ്ട് പെൺകുട്ടികൾക്കാണെങ്കിൽ സ്കൂളിനെപ്പററി ചിന്തിക്കുന്നതുതന്നെ സദാചാരധ്വംസനമാണ്.

സമ്പത്തുൽപാദിപ്പിക്കലായിരുന്നു ജനങ്ങളുടെ പ്രാഥമികാവശ്യം. അദ്ധ്യാപകന്മാർ തന്നെ അതു സമ്മതിച്ചു. ഇക്കാര്യത്തിൽ വിദ്യാഭ്യാസം പ്രയോജനപ്പെട്ടുമെന്നു അവർ തെളിയിക്കണം. ഇതിന്നായി രണ്ടുതരം സ്കൂളുകൾ നടത്താൻ നിശ്ചയിച്ചു: കുട്ടികൾക്കുള്ള പ്രാഥമികസ്കൂളുകളും മുതിന്നവക്കുള്ള മഞ്ഞുകാലസ്കൂളുകളും.

"വിദ്യാഭ്യാസ വീര"യായി തിരഞ്ഞെടുക്കപ്പെട്ട തൌ ആശാത്തിയുടെ കഥ ഒരു പ്രാഥമികാദ്ധ്യാപികയിൽനിന്ന് എന്താണു പ്രതീക്ഷിക്കുന്നതെന്നു കാണിക്കുന്നുണ്ട്. അവരുടെ കഥ മരപ്പലകമേൽ ചിത്രീകരിച്ച് വിമുക്തപ്രദേശങ്ങളിലെല്ലായിടത്തും അദ്ധ്യാപകമാതൃകയായി പ്രചരിപ്പിച്ചിട്ടുണ്ട്.

തൌ ആശാത്തി "ജനങ്ങളുടെകൂടെ പാത്തു." ഒരു മടിച്ചിപെൺകുട്ടി സ്കൂളിൽ പോകാറാവുമ്പോഴേക്കും വീട്ടുജോലികൾ കഴിക്കാൻ നേരത്തെ എണിക്കാറില്ല. തൌ അവളെ വെല്ലുവിളിച്ചുകൊണ്ട് കാലത്ത് അഞ്ചുമണിക്കു എണീററു. വെൻ എന്ന കൊച്ചൻ വീട്ടിലും സ്കൂളിലും ഒരുപോലെ തിരുമാലിയാണ്. മുഖത്ത് ചായംതേച്ച് സ്കൂളിലെ മേശപ്പുറത്തുകേറിനിന്ന് നാടകക്കാരെപോലെ ഓരോന്നു പാടിത്തുടങ്ങും. കാലുറ അഴിച്ചുവെച്ച് സ്കൂളിന്നുചുററും ഭ്രാന്തൻകളി നടത്തും. "കശനമായിരിക്കണം, നല്ല ശിക്ഷ കൊടുക്കണം" എന്നെല്ലാം അവൻെറ അച്ഛൻ ആശാത്തിയോടു പറയാറുണ്ട്. എന്നാലും അവരതൊന്നുമല്ല പതിവ്. അവനെ വാരിയെടുക്കും, മുഖം കഴുകിക്കൊടുക്കും, കുപ്പായത്തിലെ പേൻ എടുത്തു മുട്ടും. അങ്ങിനെ അവൻെറ വിശ്വാസം അവർ സമ്പാദിച്ചു. അവൻ "എല്ലാകാര്യവും അവരോടു പറയും."

തൌ ഒരിക്കൽ വെൻെറ വീടു സന്ദശിച്ചു. അവൻ കുഴ മടിയനാണ്. വീട്ടുജോലികളിൽ തീരെ സഹായിക്കില്ല. എന്താ ഇങ്ങിനെയെന്നായി തൌ.

"ഞാൻ രണ്ടുകോപ്പ വെള്ളമെ കുടിക്കാറുള്ളു. പിന്നെ എന്തിനാ രണ്ടു പാട്ട ഞാൻ കൊണ്ടുവരുന്നേ?" അവൻെറ വാദമാണ്.

വെൻെറ പെങ്ങാം അടുക്കളയിലാണ്. അവളെനോക്കി തൌ വെൻനോട് ചോദിച്ചു: "പെങ്ങാം എത്രകോപ്പ സാപ്പിടും?"

"രണ്ട്" വെൻ പറഞ്ഞു.

"നിൻെറ ഭക്ഷണം ആരാണുണ്ടാക്കുന്നതു?"

കൊച്ചന് കാര്യം ബോദ്ധ്യമായി. അവൻ മന്ത്രിക്കുകയാണ് "ഞാൻ നന്നാവാനുണ്ട്."

ഇത് ആരംഭമെയായുള്ളു. ഇങ്ങിനെ നിരവധി സംഭവങ്ങാംക്കുശേഷം, വളരെ ക്ഷമയും ഒടുങ്ങാത്ത വാത്സല്യവും കാണിച്ച് കാണിച്ച് അവർ അവനെ വീട്ടിലും സ്കൂളിലും നല്ലപെരുമാററത്തോടുകൂടിയവനാക്കി. അവൻ വെള്ളം കൊണ്ടുവരും, പന്നികളെ തീററും, അടിച്ചുവാരും, നിലം വൃത്തിയാക്കും. അവൻെറ അച്ഛൻ സമ്മതിച്ചു: "തൌ ഒരു നല്ല ആശാത്തിതന്നെയാണ്. എൻെറ മകനെ എത്ര നന്നാക്കി."

മററുപല പിള്ളരേയും ഇങ്ങിനെ നന്നാക്കിയതുകൊണ്ട് ആശാത്തിയെക്കൊണ്ട് ഉപയോഗമുണ്ട് എന്നു ജനങ്ങാംക്കു വിശ്വാസമായി. പിള്ളരുടെ സാപ്പാടിന്നു അവർ 30 പറ ധാന്യം സംഭാവനചെയ്തു. സ്കൂളിൻെറ ചിലവിലേക്കു രണ്ടേക്ര ഭൂമിയും ദാനം ചെയ്തു. തൊഴിൽസംഘമാണ് അതു പണിതുകൊടുക്കുന്ന

ത്തു. തൌ ആശാത്തിയുടെ കാര്യമാണെങ്കിൽ അവരെ "വിദ്യാഭ്യാസവീര"യായി തിരഞ്ഞെടുത്തു ബഹുമാനിച്ചെന്നുമാത്രമല്ല, സോപ്പ്, തുവാല, ഷൂസ്, കോഴിമുട്ട എന്നിവയെല്ലാം സപാമേധയാ''സമ്മാനിച്ചു! അവരുടെ സ്കൂഠം വലുതായി, "കുട്ടികഠം നാല്പതായി!"

നാല്പതു കുട്ടികഠം! ഇത്രയൊക്കെ ഭഗീരഥപ്രയത്നം ചെയ്തിട്ട് ഇതാണോനം നേട്ടം എന്നു പാശ്ചാത്യവായനക്കാക്ക തോന്നാം. എന്നാൽ ആസ്യയിലെ കുഗ്രാമങ്ങളിലുള്ള അദ്ധ്യാപകന്മാക്ക അവരുടെ വിജയം എന്തെന്നു മനസ്സിലാവും. യെനാനിൽ സമ്മേളിച്ച "സാംസ്കാരികകോൺഗ്രസ്സ്" അവരുടെ സ്കൂഠം മാതൃകയായി അംഗീകരിക്കുകയുണ്ടായി. അവരുടെ 'പ്രവത്തനരീതി' എല്ലാ അദ്ധ്യാപകന്മാരും പഠിക്കണമെന്നു മൌത്സെതുങ്ങ് അഭിനന്ദിച്ചു. അതൃത്തിമേഖലയിൽ പ്രാഥമികസ്കൂളുകഠം സ്ഥാപിച്ചു കൊണ്ടുവരാൻ പ്രദശിപ്പിച്ച ക്ഷമക്കും അററമററ ശ്രദ്ധക്കും ഉത്തമോദാഹരണമാണ് ഈ സ്ഥാപനം.

എല്ലാം ആയിഎന്നു കൌ സൂപ്രേണ്ട് ഇപ്പോഴും അവകാശപ്പെടുന്നില്ല. പത്തുകൊല്ലംകൊണ്ട് ആദ്യമുണ്ടായിരുന്ന 80 സ്കൂളുകളുടെ സ്ഥാനത്ത് 1302 സ്കൂളുകഠം വന്നു; ഒരു ആറുകൊല്ല സ്കൂളുണ്ടായിരുന്നതു 16 ആയിവദ്ധിച്ചു. ഇപ്പോഠം ഏഴ് സെക്കണ്ടറി സ്കൂളുകളുണ്ട്. അഞ്ച് ശാസ്ത്രശാഖകളുള്ള ഒരു സവ്വകലാശാലയുമുണ്ട്. ഇപ്പോഴും പതിനഞ്ചുശതമാനം കുട്ടികളേ സ്കൂഠകാണുന്നുള്ളു. പക്ഷെ പത്തുകൊല്ലം മുമ്പത്തേതിൻെറ പതിനഞ്ചിരട്ടിയാണിതു. പ്രാഥമിക വിദ്യാലയങ്ങളുടെ ചിലവു വഹിക്കുന്നതു പ്രവിശ്യാഗവമ്മേണ്ടാണ്. അതാതുവില്ലേജിലെ ജനങ്ങഠം നൽകുന്ന ചില്ലറ സംഭാവനകളുമുണ്ട്. ഉദാഹരണ

ത്തിനു മിത്സെ പ്രവിശ്യയിൽ കോടതിവസൂലാക്കുന്ന എല്ലാപിഴകളും മൃഗവിക്രയത്തിലുള്ള നികുതിയും സ്കൂരം ആവശ്യങ്ങൾക്കു നീക്കിവെച്ചിരിക്കുന്നു. കണ്ടുകെട്ടിയ ഭൂമിയിൽ ആയിരം ഏക്രയും സ്കൂരംചിലവിലേക്കു മാററീട്ടുണ്ട്. അതൃത്തിമേഖലാഗവൺമേണ്ട് ചുമത്തുന്ന ധാന്യവരികൊണ്ടാണ് ഏഴുസെക്കണ്ടറിസ്കൂളുകൾ നടത്തുന്നതു. ഇതിന്നെല്ലാം ഉപരിയായി മററ് സ്ഥാപനങ്ങളെപ്പോലെതന്നെ സ്കൂൾകാരുടെ ഭക്ഷണത്തിന്നുള്ളപ്രയത്നം അവർ ചെയ്യുകയുംവേണം.

പ്രാഥമികപാഠശാലകളുള്ളേടത്തെല്ലാം അതിലെ അദ്ധ്യാപകൻ മുതിന്ന കുട്ടികൾക്കും വയോജനങ്ങൾക്കും കുറഞ്ഞത് ഒരു "മഞ്ഞുകാലസ്കൂളെ"ങ്കിലും നടത്തണം. എഴുത്തും വായനയും അഥവാ ചൈനക്കാർ പറയുന്നതുപോലെ "രൂപം പഠിക്കുക" മാത്രം പഠിപ്പിച്ചാൽപോരാ. സസ്യങ്ങൾക്കു തട്ടുന്നകേടുകൾ, വിത്തിൻെറ ഗുണദോഷം എന്നിവയെപ്പററി കൃഷിക്കാക്കുകേണ്ട ക്ലാസ്സുകളുണ്ട്. ശിശുരക്ഷ, ഗൃഹശുചീകരണം എന്നിവ സ്ത്രീകളെ പഠിപ്പിക്കണം. വോട്ടുചെയ്യൽ, ഗവൺമേണ്ട്, നിയമങ്ങൾ എന്നിവക്കുള്ള ക്ലാസ്സുകളുമുണ്ട്. വായിക്കാൻ കഴിയാത്ത ജനങ്ങളെക്കൂടി ഇവ പഠിപ്പിക്കണം. പ്രാഥമികവിദ്യാലയങ്ങളില്ലാത്ത സ്ഥലങ്ങളിൽപോലും മഞ്ഞുകാലക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇത്തരം മഞ്ഞുകാലക്ലാസ്സുകൾ മൂന്നുമാസം നടത്താൻ എഴുത്തുകാരും പാട്ടുകാരും കൊത്തുപണിക്കാരും നഴ്സുമാരുമായ "സാംസ്കാരിക പ്രവത്തകർ" ഉദ്ദേശം ആയിരംപേർ യെനാൻ നഗരത്തിൽനിന്നു പ്രതിവഷം സന്നദ്ധരായി പുറപ്പെടുന്നു.

ഇരുപതുവയസ്സുള്ള കൌ ലൂ ശ്രുൻ കലാസ്കൂളിൽ പഠിപ്പുതീന്നപ്പോൾ മഞ്ഞുകാലസ്കൂളാം നടത്താൻ മങ്കോളിയാമരുഭൂ

മിയുടെ അററംവരെ യാത്രചെയ്തവിവരം എന്നോടുപറഞ്ഞു. വ ളരെകുറച്ചെ ശിഷ്യന്മാരുണ്ടായിരുന്നുള്ളു. വീടുകാം അകലയക ലെയാണ്, അസാദ്ധ്യതണ്ടപ്പും. ഒരു ദിവസം ക്ലാസ്സ് കഴിഞ്ഞ സമയത്ത് ഹിമം വീഴാൻതുടങ്ങി. മൂന്നുമൈൽ അകലെ പോ കേണ്ട ഒരു കുട്ടിക്കു പോകാൻപേടി, ചെന്നായ്ക്കളുണ്ട്. ആ യു വാദ്ധ്യാപകൻ കൂടെപോയി. മടക്കത്തിൽ വഴിതെററി അയാാം ഒരു കിടങ്ങിൽ മറിഞ്ഞുവീണു. കുറെനേരത്തേക്കു അനങ്ങാൻവ യ്യായിരുന്നു. പിന്നീട് ഒരുവിധം ഇഴഞ്ഞിഴഞ്ഞ് സ്ക്കൂളിൽ തിരിച്ചെത്തി.

"ഈ കഥ പറന്നപ്പോാം കുറെ ശിഷ്യന്മാർ കൂടി വന്നു" കൌ വിജയത്തിന്റെ പാരമ്യം വിവരിക്കുകയാണ്. ആ പെരപ്പു ക്കാരൻ അത്ര നിസ്സാരമാക്കി അതെടുത്തപ്പോാം ഇതു കാത്ത ക ഷ്കക്കു വിദ്യാഭ്യാസം തരക്കേടില്ലാത്ത ഒന്നാണെന്നു ബോദ്ധ്യ പ്പെട്ടിരിക്കണം. വിതക്കാലംവന്നു, മഞ്ഞുകാലക്ലാസ്സുകാം അവ സാനിപ്പിച്ച് അദ്ധ്യാപകൻ യെനാനിലേക്കു മടങ്ങാൻ ഭാവമാ ണ്. കൃഷിക്കാക്കു അയാളെ വിട്ടയക്കാൻ വിസമ്മതം.

"എന്റെ മേലധികാരികളുടെ കല്പന ഞാൻ അനുസരിക്കു ണ്ടേ" അയാാം അവരോടു ചോദിച്ചു.

"എന്നാൽ നിങ്ങളുടെ മേലധികാരി ജനങ്ങളെയും അനു സരിക്കണ്ടെ, ഞങ്ങളാണത്. ജനങ്ങാം." ജനാധിപത്യത്തെപ്പ ററി ആ കൃഷിക്കാർ കേട്ടതൊട്ടും വ്യർത്ഥമായിട്ടില്ല. യുവാവിനു മനസ്സിൽ തട്ടി. അവിടെ കൂടാനും സ്ഥിരമായി സ്ക്കൂാം നടത്താ നും തീരുമിച്ചു.

യെൻസാ അഥവാ യെനാൻ സർവ്വകലാശാലയുടെ ഗുഹക ാം ഒന്നിനുമീതെ ഒന്നായി കുന്നിന്റെ കൊടുമുടിവരെ ഉയരുന്നു.

ജാപ്പ് കീഴടങ്ങലിന്നുമുമ്പ് അതിൽ 1200 വിദ്യാൎത്ഥികളുണ്ടായിരുന്നു. ജാപ്പ് വിരോധയുദ്ധത്തിലും വിമുക്തപ്രദേശങ്ങൾ സംവിധാനം ചെയ്യുന്നതിലും വലിയൊരു പങ്കാണ് അതു വഹിച്ചിട്ടുള്ളത്. ജനങ്ങളുടെ ഉണൎച്ചയും പുതിയ ജനാധിപത്യവും സംഘടിപ്പിക്കാനായി മൂവ്വായിരത്തിലധികം ബിരുദധാരികളെയാണ് അതിൽനിന്നയച്ചിട്ടുള്ളത്. യെനാൻ സമുദ്രതീരത്തിലേക്കു പരന്നുതുടങ്ങിയപ്പോൾ അവരിൽ പലരും പുതിയ സ്ഥലങ്ങളിൽ സൎവ്വകലാശാലകൾ തുടങ്ങാനോ, ഗവൺമെണ്ടുകൾ, വ്യവസായങ്ങൾ, സ്കൂളുകൾ എന്നിവ സംഘടിപ്പിക്കാനോ ഉദ്യുക്തരായി. വൈദ്യസ്കൂളും കലാസ്കൂളും കുറെക്കൂടി മദ്ധ്യഭാഗം നോക്കി മാററി.

അങ്ങിനെ ഞാൻ സന്ദൎശിച്ചഘട്ടത്തിൽ യെൻസാ ഒരു പ്രാദേശികസൎവ്വകലാശാലയായി തീൎന്നിരുന്നു. അതൃത്തിമേഖലക്കു മാത്രമുള്ളതായിതീൎന്നു. 350 വിദ്യാൎത്ഥികളെയുള്ള അഞ്ച് ശാസ്ത്രവകുപ്പുകളുണ്ട്: വിദ്യാസംഘം, നിയമം, കണക്കെഴുത്ത്, ഭരണം മേലെ സെക്കണ്ടറിസ്കൂളും പ്രസിദ്ധമായിരുന്ന പല പ്രൊഫസർമാരും വേറെ സൎവ്വകലാശാലകൾ തുറക്കാൻ പോയിക്കഴിഞ്ഞു. ഇപ്പോൾ മുമ്പത്തെപ്പോലെ ചൈനയുടെ എല്ലാ ഭാഗത്തുനിന്നും വിദ്യാൎത്ഥികൾ വരുന്നില്ല, യെനാൻ അതൃത്തിമേഖലയിൽ നടന്നേ വരുന്നുള്ളു അവരിൽ മിക്കവരും പാവപ്പെട്ടവരൊ എടത്തരക്കാരോ ആയ കൎഷകരുടെ കുടുംബങ്ങളിൽനിന്നുവരുന്നവരും മുമ്പ് ഗവൺമെണ്ടിലോ വിദ്യാഭ്യാസവകുപ്പിലൊ പ്രവൃത്തിയെടുത്തിട്ടുള്ളവരുമാണ, പ്രായോഗികപ്രശ്നങ്ങളിൽ അവൎക്കു തഴക്കമുണ്ട; താത്വികജ്ഞാനം കൂടി വേണമെന്നാണവരുടെ ആശ. മജിസ്ട്രേട്ടമാർ, പട്ടാളകമാണ്ടർമാർ, നിയമജ്ഞന്മാർ, ജഡ്ജിമാർ, സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാർ, വൎത്തമാനപത്രപ്രതിനിധികൾ എന്നിവരെല്ലാമാവാനാണ് അവർ പരിശീലിക്കുന്നത്.

ഈ ഉദ്ദേശത്തോടുകൂടി സവ്വകലാശാലയുടെ ഓരോ വകുപ്പും ഗവമ്മേണ്ടിൻെറ താദൃശവകുപ്പുമായി അടുത്ത ബന്ധം പുലർത്തുന്നു. ഗവമ്മേണ്ടിന്നു് ഭാവിയിൽ ആവശ്യമായ ആളുകളാണല്ലൊ ഇവർ. നിയമവിദ്യാത്ഥികഠം കോടതികളിൽ ഹാജരാവുക മാത്രമല്ല ഗവമ്മേണ്ടിൻെറ നിയമനിമ്മാണവകുപ്പിൽ പെട്ട കമ്മിററികളിൽ അവക്കു പ്രവേശനം നൽകുന്നതുമാണ്. പുതിയ നിയമങ്ങളെപ്പററി നടക്കുന്ന ചച്ചകളിൽ അവരും പങ്കെടുക്കും. യെൻസയിലുള്ള സ്ഥിരം പ്രഫസർമാക്കു പുറമെ ഗവമ്മേണ്ടുവകുപ്പുകളിൽ നിന്നു പ്രത്യേക പ്രാസംഗികന്മാരുടെ പ്രസംഗങ്ങളുണ്ടാവും. അതുത്തിമേഖലയിലെ അനുവഭങ്ങഠം വെച്ചുകൊണ്ടു് പ്രൊഫസർമാർ തന്നെയാണ് പാഠപുസ്തകങ്ങഠം ഉണ്ടാക്കുന്നതു. പിന്നീടവ സവ്വകലാശാലയിലെ അച്ചുകൂടത്തിൽ അച്ചടിക്കും.

സവ്വകലാശാലയുടെ മുകഠംത്തട്ടിലേക്കു മൺപടികഠം ചവിട്ടിക്കയറി എത്തുകയെന്നതു ശ്രമകരമാണ്. അവിടെ വെച്ചാണ് പല പ്രൊഫസർമാരെയും വിദ്യാത്ഥികളേയും ഞാൻ കണ്ടതു്. "സജീവചിന്ത" എന്നതാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്നു് അവർ എന്നോടു പറയുകയുണ്ടായി. ക്ലാസ്സ് തുടങ്ങും മുമ്പു് അദ്ധ്യാപകൻ അന്നു എടുക്കാനുദ്ദേശിക്കുന്ന പ്രശ്നം ബോർഡിൽ എഴുതിട്ടുണ്ടാവും ഒത്തുവായിക്കേണ്ട പുസ്തകങ്ങളുടെ പട്ടികയും കൊടുത്തിട്ടുണ്ടാവും. ഓരോ ക്ലാസ്സും വായനഗ്രൂപ്പുകളായി തിരിക്കുന്നു, ഓരോന്നിന്നും ഒരു നേതാവും ഉണ്ടാകും. ക്ലാസ്സ് കൂടുമ്പോഠം എന്തെല്ലാം ചോദ്യങ്ങളാണു പൊന്തിവന്നിട്ടുള്ളതെന്നറിയാൻ പ്രൊഫസർ നേതാക്കന്മാരുമായി സംസാരിക്കും. പിന്നീടു് ഒരു ദിവസം മുഴുവൻ ഈ വിഷയം സംസാരിക്കുന്ന യോഗമാണ് ന

ടന്നതു്. പ്രൊഫസർ ആദ്യംതന്നെ പ്രസംഗിക്കും. പിന്നീട് വിദ്യാർത്ഥികളുടെ സംശയം ചോദിക്കലും ചർച്ചയും നടക്കുന്നു. മൂന്നുനാലു മണിക്കൂറിനുശേഷം ഭക്ഷണം കഴിക്കാൻ നിർത്തിവെക്കും. അതിൽപിന്നെ അവർ അന്നത്തെ വിഷയംസംബന്ധിച്ച് വായിച്ച പുസ്തകങ്ങളെപ്പററിയുള്ള വിമർശനമായി. മിക്കപ്പോഴും രാത്രിയിലേക്കു ചർച്ച നീണ്ടുപോകും.

ഒരു ദിവസം മുഴുവൻ ഒരേ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു് "അതിൻെറ എല്ലാ വശങ്ങളും ചിന്തിക്കാൻ" സമയമുണ്ടാകാനാണ്. അങ്ങിനെ ഒരാഴ്ചയിൽ അഞ്ചു വിഷയങ്ങൾ പഠിക്കണം. പക്ഷെ പ്രൊഫസർ രണ്ടുക്ലാസ്സെ എടുക്കേണ്ടതുള്ളു. ബാക്കി ഒഴിവുസമയത്താണ് പാഠപുസ്തകങ്ങൾ എഴുതുന്നതും. പരീക്ഷകളിൽ കുട്ടികളോടാവശ്യപ്പെടുന്നതു അവർ പഠിച്ചതു ഉരുവിടാനല്ല; പുതുതായി നേടിയ അറിവുവെച്ച് പോംവഴി പറയാൻ പ്രായോഗികപ്രശ്നങ്ങൾ നൽകിവരുന്നു.

സർവ്വകലാശാലയുടെ എല്ലാ ചിലവുകളും ഭക്ഷണം വസ്ത്രം ആദിയായതു കൂടെ അത്യുത്തിമേഖലാഗവൺമെണ്ടാണ് നൽകുന്നതു. ടവലുകൾ, പല്ലു തേക്കാനുള്ള ബ്രഷുകൾ, കൂടുതൽ പച്ചക്കറികൾ മുതലായ ഉപസൌകര്യങ്ങൾ വിദ്യാർത്ഥികളുടെ സ്വന്തം കോഓപ്പറേററീവ് ഉൽപാദനത്തിൽനിന്നു ലഭിക്കുന്നു. വിദ്യാർത്ഥികളുടെ കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യുന്നതു അവരുടെ സ്വയംഭരണമാണ്. വിദ്യാർത്ഥിയോഗങ്ങളിൽ സ്വസ്വജീവിതപ്രശ്നങ്ങളും ചർച്ചചെയ്യാറുണ്ട്. ഇവയിൽ വിവാഹപ്രശ്നമാണ് ഏററവും ഗൌരവമായി വരുന്നതു്. മിക്കവർക്കും മാതാപിതാക്കന്മാർ വിവാഹം നിശ്ചയിച്ചുകാണും, അവർക്കതു ഇഷ്ടമില്ലതാനും. ദീർഘമായ ചർച്ചക്കുശേഷം പൊതുവിൽ ഉണ്ടാവുന്ന അഭിപ്രായഗതി

കല്യാണം നടന്നിട്ടില്ല, ദമ്പതികൾ പരസ്പരം ഇഷ്ടപ്പെടുന്നില്ല എന്നാണെങ്കിൽ അതു ചെയ്യാതൊഴിയണം, കല്യാണം നടന്നുകഴിഞ്ഞെങ്കിൽ "കൊണ്ടുനടക്കാൻ ശ്രമിക്കണം." എല്ലാവരും ഒരു സംഗതിയിൽ പൂർണ്ണയോജിപ്പുണ്ട്, സർവ്വകലാശാലയിൽ പഠിക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കേണ്ടതു പഠിപ്പിലാണ്, പ്രണയപ്പണിയിലല്ല.

യെനാനിൽനിന്നു വിമുക്തപ്രദേശങ്ങളുടെ അതുത്തിസമുദ്രതീരത്തിലേക്കു നീങ്ങിത്തുടങ്ങിയപ്പോൾ വിദ്യാഭ്യാസകാര്യം ഇത്ര തന്നെ വിഷമകരമല്ലാതായി. പുതിയ പ്രദേശങ്ങൾ സാമ്പത്തികമായി മുമ്പുതന്നെ കുറേക്കൂടി പുരോഗമിച്ചിട്ടുള്ളതാണ് കാരണം. നാല് സംസ്ഥാനപ്രദേശത്ത് സ്കൂൾവയസ്സുള്ള കുട്ടികളിൽ പകുതിയോളം വളരെ വേഗം സ്കൂളുകളിൽ വന്നു. ഉദ്ദേശം 15ലക്ഷം കുട്ടികളാണ് വന്നതു്. ഷാൻതുങ്ങിലും ഇതേ സ്ഥിതിതന്നെ. പതിനഞ്ചുലക്ഷം അവിടെയും സ്കൂളിലുണ്ട്. ഈ പ്രദേശങ്ങളിൽ സെക്കണ്ടറിസ്കൂളുകളിൽ പോലും ആയിരക്കണക്കിനു വിദ്യാർത്ഥികളുണ്ടു. പുതുതായി ആരംഭിച്ച സർവ്വകലാശാലകളിൽ ഓരോന്നിലും രണ്ടായിരം വീതം വിദ്യാർത്ഥികളുണ്ടായിരുന്നു. വനകാര്യം, എഞ്ചിനിയറിങ്ങ്, പരുത്തിവ്യവസായം, റെയിൽവെ മാനേജ്മെണ്ട് എന്നീ വിഷയങ്ങളെല്ലാം അവയിൽ പഠിപ്പിക്കുന്നു പ്രായേണ എല്ലാ വില്ലേജിലും വായനകേന്ദ്രങ്ങളും സായന്തനക്ലാസ്സുകളും അതിവേഗം സ്ഥാപിതമായി.

റിററൻബഗ്ഗ് കാൽനടയായി വടക്കൻ ഷാൻസിയിലൂടെ വരുമ്പോൾ എല്ലാ വില്ലേജിലും "എന്തെങ്കിലു ഒരുതരം സ്കൂൾ"

കാണുകയുണ്ടായി. രാഷ്ട്രീയവിഷയങ്ങളിൽ കുട്ടികൾ പ്രദർശിപ്പിച്ച ഉണർച്ച്യയാണ് അദ്ദേഹത്തെ ഹഠാദാകർഷിച്ചതു. ചെല്ലുന്നിടത്തെല്ലാം അവർ പുറകും കൂടിനിന്നു് കൽക്കണ്ടവും പലവക്കാനുള്ള പലശയുമാവശ്യപ്പെടുകയല്ല– ഷാങ്ങ്ഹായിലിതാണ് അനുഭവം– അമേരിക്കയെപ്പററി ചോദിക്കുകയാണുണ്ടായതു്.

ക്രോസ്സ്റോഡ് എന്ന ഒരു ചെറിയ ഗ്രാമത്തിൽവെച്ചാണ്. അവിടുന്നു് ഒരു ദിവസംത്തെ വഴിയുണ്ട് മഞ്ഞനദിയിലേക്ക്. പതിനാഞ്ചോ ഇരുപതോ കൊച്ചന്മാർ അദ്ദേഹത്തിന്റെ മുറിയിൽ കയറിവന്നു. ഒരുവൻ ചോദിച്ചു: "എന്തെല്ലാമാണ് അമേരിക്കയിൽ വിശേഷം?" പതിന്നാലു വയസ്സുള്ള മറെറാരു കൊച്ചന് ഉൽക്കണ്ഠ· അവനതറിയുമെന്നു് പ്രകടിപ്പിച്ചേ തീരു. ചൈനയിൽ അമേരിക്കൻ സൈന്യം നിൎത്തുന്നതു പ്രതിഷേധിച്ച് മുപ്പതു നഗരങ്ങളിൽ "സമാധാനം നേടുക" കമ്മററിപൊതുയോഗങ്ങൾ കൂടീട്ടുണ്ട് എന്നു് പറഞ്ഞു. ആ ജില്ലയിലെ പത്രത്തിലുള്ളതെല്ലാം അവൻ വായിക്കാറുണ്ട്. കുറെ ആഴ്ചകളിലെ അമേരിക്കൻ വാൎത്തകൾ അറിയാം.

മുതിൎന്ന പിള്ളരോട് മിണ്ടാതിരിക്കാൻ ഉപദേശിച്ചുകൊണ്ട് റിററൻബർഗ്ഗ് കൊച്ചു പിള്ളരുടെ നേരെ തിരിഞ്ഞു: "ചൈനയിൽ ഏററവും മഹാനായ ആൾ ആരാണ്?"

പതിനൊന്നു വയസ്സു മാത്രമുള്ള ഒരുവൻ സംശയിച്ചു: "ചൈനയിൽ മുഴവനുമോ, ഈ ദിക്കിലോ?"

"ചൈനയിൽ മുഴവൻ."

"ഞങ്ങളുടെ ചേയർമാൻ മൌത്സെ തുങ്ങ്." അവന് പറയാൻ ആലോചനയേ വേണ്ട.

എന്താണ് മൌനന് പ്രത്യേകവിശേഷം എന്നു ചോദിച്ച പ്പോഠം അവൻ പറയുകയാണ്: "മൂപ്പരാണ് കൂടുതൽ ധാന്യം കിട്ടാൻ ഞങ്ങളെ സഹായിക്കുന്നതു്. കൂടുതൽ ധാന്യം കിട്ടുമ്പോഠം കൂടുതൽ തിന്നാം. എന്നല്ല ഞങ്ങഠം ഞങ്ങളുടെ ഗവണ്മേണ്ടിനെ തിരഞ്ഞെടുക്കുകയാണ്."

ഹൊനാൻ മുതൽ മഞ്ചൂറിയവരെ ഇങ്ങിനെ സംസാരിക്കാവുന്ന കുട്ടികളെ ഇന്നു സുലഭമായി കാണാം. ത്സിത്സിഹഴ്‌വരെയുള്ള പ്രദേശങ്ങളിൽ ഞാൻ അവരെ കണ്ടിട്ടുണ്ടു്. ഞാൻ അവരുടെ സ്കൂളിൽ ചെല്ലണം അമേരിക്കയെപ്പററി സംസാരിക്കണം എന്നാണവരുടെ ആവശ്യം. ലോകകാര്യങ്ങഠം സംസാരിക്കാൻ അവക്കെന്തു ധൃതി. അവരുടെ ചിന്താഗതി ആശാവഹമായെടുത്താലും കൊള്ളാം അത്യാപൽക്കരമായെണ്ണിയാലും കൊള്ളാം, വിമുക്തപ്രദേശങ്ങളിലെ സ്കൂളുകഠം കുട്ടികളുടെ അടുത്തേക്കങ്ങോട്ടു ചെല്ലുന്നുണ്ട്, അവരിൽ പുതിയ ആശയങ്ങഠം കുത്തിവെക്കുന്നുണ്ടു്. ഏററവും പിന്നണിയിൽ കിടക്കുന്ന ആ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തിപ്പറയാൻ അവരെ പഠിപ്പിച്ചു എന്നതാണ് വിജയത്തിൻെറ രഹസ്യം.

ജനങ്ങളെ വിദ്യാസമ്പന്നരാക്കാനുള്ള പ്രസ്ഥാനത്തിൽ ഒരിനം മാത്രമാണ് മുറക്കുള്ള സ്കൂഠം. എല്ലാത്തരം സംഘടനകളിലും സ്ഥാപനങ്ങളിലുമുണ്ടു് പാഠഗ്രൂപ്പുകഠം. യെനാനിലെ കരിമ്പടഫാക്ടറി, കാൽഗാനിലെ സോപ്പ്ഫാക്ടറി, ഹാഴ്ബിനിലെ മാവുഫാക്ടറി എന്നിവ സന്ദർശിച്ച അവസരത്തിൽ അവിടെയെല്ലാം കണ്ടു വേലക്കാർ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതു്. ജോലിക്കു പോകുംമുമ്പാണ് സാധാരണയായി ക്ലാസ്സുകഠം. ആ സമ

യത്ത് ക്ഷീണമുണ്ടായിരിക്കില്ലല്ലൊ. സൈന്യത്തിൽ ഓരോ വിഭാഗത്തിന്നും ക്ലാസ്സുകളുണ്ട്. യെനാനിലേയും കാൽഗാനിലേയും ജയിലുകളിലും ക്ലാസ്സുകഠം നടത്തുന്നു. പുള്ളികഠംക്ക കൂടുതൽ ഒഴിവുസമയമുള്ളതുകൊണ്ട് "രൂപം പഠിക്കാൻ" രണ്ടു മണിക്കൂറാണ ചിലവാക്കുന്നത്.

ചൈനീസ് ഭാഷയിൽ വായിക്കാൻ പഠിക്കുന്നതു ശ്രമകരമാണ്. മൂന്നുകൊല്ലം മുഷിച്ചൽകൂടാതെ സ്കൂളിൽ ഹാജരായാൽ ആയിരമോ ആയിരത്തഞ്ഞൂറൊ രൂപങ്ങഠം പഠിക്കാം. എന്നാൽ കഠിനമല്ലാത്ത വിധം നടത്തുന്ന പത്രം കഷ്ടിച്ച് വായിക്കാറാവും. മുറക്കുള്ള പത്രമോ പുസ്തകമോ വായിക്കാറാവില്ല. ചൈനിസ് രൂപങ്ങഠം അത്ര വളരെ എണ്ണമുണ്ട്, ഏറെ വിഷമമാണ് ഓർമ്മിക്കാൻ. അതു കാരണം, മുൻനൂററാണ്ടുകളിലെല്ലാം ധാരാളം ഒഴിവുസമയമുള്ള ധനികന്മാർ മാത്രമെ വായിക്കാൻ പഠിക്കാറുള്ളു. ഇതാണ് സാധാരണ ജനങ്ങളും അഭ്യസ്തവിദ്യരും തമ്മിലുള്ള അകൽച്ചക്ക വലിയ കാരണം. പക്ഷെ ഇപ്പോഠം വിമുക്തപ്രദേശങ്ങളിൽ "രൂപപഠനം" ദേശീയ ഉൽസവം പോലെയാണ് എടുത്തിട്ടുള്ളത്.

മഞ്ഞനദീതീരത്തുള്ള ഒരു വില്ലേജിലെ യെൻഹചാങ്ങ് ഹചാ എന്ന കൃഷീവലൻ രൂപപഠനത്തിന്നായി പ്രഖ്യാതമായ ഒരു സംരംഭം സമാരംഭിക്കുകയുണ്ടായി. തൻെറ ചുററുപാടുമുള്ളവരെ അഭ്യസ്തവിദ്യരാക്കാൻ യെനിന്ന് എന്തൊന്നല്ലാത്ത ആവേശം തോന്നിയതു പത്തുകൊല്ലം മുമ്പാണ്. അദ്ദേഹം പരിസരത്തിലുള്ള ഗ്രാമങ്ങളിൽചെന്ന് ഓരോ ആളെ വീതം തൻെറ വീട്ടിലേക്ക പഠിക്കാനയക്കണമെന്നഭ്യർത്ഥിച്ചു. പതിപ്പത്തുദിവസം കൂടുമ്പോഠം ഇവർ വൈകുന്നേരം യെന്നിൻെറ വീട്ടിലെത്തും. അച്ഛ

ഞ്ച് പുതിയ രൂപങ്ങൾ അവരെ പഠിപ്പിക്കും. അവർ മടങ്ങി ചെന്ന് അവരവരുടെ ഗ്രാമത്തിൽ കുറെപേരെ ഗ്രൂപ്പാക്കി അവരെ ഇവ പഠിപ്പിക്കും. ഇങ്ങിനെ പത്തുകൊല്ലം ഈ പങ്ങലസം പ്രദായം തുടൻവന്നു. ഇപ്പോൾ യെന്നിൻെറ ശിഷ്യ ഗണം പതിനായിരത്തോളമുണ്ട്. അവരിൽ ഏററവും മുന്തിയവക്ക് അഞ്ഞൂറ് അറനൂറ് രൂപങ്ങൾ വായിക്കാറായിരിക്കുന്നു. ഒരു പ്രവിശ്യ മുഴവൻ അദ്ദേഹത്തിൻെറ ക്ലാസ്സുകളുടെ ശാഖകൾ എത്തിക്കഴിഞ്ഞു, മററു പ്രവിശ്യകളിലേക്കും വ്യാപിച്ചുതുടങ്ങിട്ടുണ്ട്.

ചീനരൂപങ്ങൾ പഠിക്കാനുള്ള ബുദ്ധിമുട്ട വലിയ തടസ്സം ചെയ്തിട്ടുകൂടി പുതിയ അറിവും ആശയങ്ങളും ചൈനയിലെ നാട്ടിൻപുറങ്ങളിൽ അതിവേഗം പരന്നുവരുന്നുണ്ട്. (ചീനഭാഷയിൽ അക്ഷരമാല എന്നൊന്നില്ല. ഓരോ വാക്കും എഴുതുന്നതു ഓരോ രൂപം അഥവാ ചിത്രംകൊണ്ടാണ്. ഉദാഹരണത്തിന്നു മനുഷ്യൻ എന്നർത്ഥമുള്ള 'ഴെൻ' എന്നെഴുതുന്നതു മനുഷ്യൻെറ രൂപം വരിച്ചിട്ടാണ്. മല എന്നെഴുതുന്നതു മലയുടെ ചിത്രംകൊണ്ടാണ്. ഇതിന്നുംപുറമെ ഓരോ വാക്കിലും ഒരക്ഷരമേ ഉണ്ടാവൂ. കൌ, മൌ, ചൌ, ലി, ലിൻ, ല്യാങ്ങ് എന്നിങ്ങിനെ. ലേഖകൻ) പത്രവായനഗ്രൂപ്പുകൾ, വില്ലേജ് "പത്രങ്ങൾ", കുരുടകാലക്ഷേപം, "വായ പ്രക്ഷേപണി", "യാങ്ങ്കെ" എന്നറിയപ്പെടുന്ന നാടകം ഇവയെല്ലാം വഴിയായിട്ടാണ് ആശയങ്ങളും അറിവും പരത്തുന്നതു. ഇതെല്ലാം വളരെ വിജയപ്രദമായ മാർഗ്ഗങ്ങളാണ്. വായിക്കാനറിയാത്ത നാട്ടിൻപുറക്കാക്ക് ഐക്യരാഷ്ട്രസമിതിയുടെ വർത്തമാനം അറിയാം, ആററ്ലിയും ട്രൂമാനും അവക്ക് സുപരിചിതരാണ്.

അഭ്യസ്തവിദ്യക്കായി മുറക്കുള്ള വൃത്താന്തപത്രങ്ങളുണ്ട്. എന്നാൽ കഷ്ടിച്ച് വായിക്കാവുന്നവക്ക് ലളിതമായ ഭാഷയിൽ എ

ഴതുന്ന പത്രങ്ങൾ വേറെതന്നെയുണ്ട്. ഇവക്കും പുറമെയാണ് ഗ്രാമമദ്ധ്യത്തിൽ സ്ഥാപിക്കുന്ന കറപ്പുപലകപ്പത്രങ്ങൾ. ഈ കറപ്പുപലകമേൽ അന്നന്നത്തെ സർവ്വ രാജ്യവാർത്തകളും ദേശീയ വാർത്തകളും ചുരുക്കി എഴുതും. എന്നാൽ അധികസ്ഥലവും പ്രാദേശികവാർത്തക്കാണുപയോഗിക്കുന്നതു; തൊഴിൽസമർത്ഥന്മാരുടെ വിവരം, ഗ്രാമത്തിൽ "സമരം" നടത്തേണ്ട തിരുമാലിയുടെ പേരും വിവരവും മററും. വായിക്കാനാവുന്നവർ ഇതെല്ലാം ഉറക്കെ വായിക്കും.

"വായ പ്രക്ഷേപണി" പഴയ ഗ്രാമവിളിക്കാരൻെറ പുതിയ പതിപ്പാണ്. വടക്കൻഹോനാനിൽ ഒരിടത്തുവെച്ചാണ് ഈ വിദ്വാനെ ഞാൻ യാദൃഛികമായി ആദ്യം കണ്ടതു. ഏതാനും കെട്ടിടങ്ങൾക്കപ്പുറത്തു പുരമുകളിൽനിന്നു വലുതായൊരു കൂക്കുവിളി കേട്ടു. കാൽമണിക്കൂറോളം അതു നീണ്ടുനിന്നു. ജനങ്ങൾ ചെവി കൂർപ്പിച്ച് തെരുവിൽ സ്തബ്ധരായി നിൽക്കുന്നുണ്ട്. എന്താണീ കൂക്കുവിളി എന്നന്വേഷിച്ചതിൽ കിട്ടിയ മറുപടിയിതാണ്. ആ കൂക്കുകാരൻ പറഞ്ഞു: "നമ്മുടെ പട്ടാളത്തേയും ഗവർമ്മേണ്ടിനേയും സന്ദർശിക്കാൻ ഒരു വിദേശി സ്ത്രീ ഇന്നു നമ്മുടെ നഗരത്തിൽ എത്തിയിരിക്കുന്നു". എനിക്കാദ്യം തമാശപറയുകയാണെന്നാണ് തോന്നിയതു. പക്ഷെ അവൻ ഉറപ്പിച്ചുപറഞ്ഞു, അയാളതാണ് പറഞ്ഞതതെന്നു. വായപ്രക്ഷേപണിക്കു എൻെറ ആഗമനം "വാർത്ത"യായിരുന്നു

പ്രാദേശികസംരംഭമായിട്ടാണ് ഇതാദ്യം ആരംഭിച്ചതു. ഗ്രാമക്കാർ ഒരുവനെ തിരഞ്ഞെടുക്കും. പത്രങ്ങളും ഗവർമ്മേണ്ട് വകുപ്പുകളും അയാൾക്കു വേണ്ട വാർത്തകൾ നൽകും. വാർത്താകളുടെ രത്നച്ചുരുക്കമെ അയാൾക്കു പറയാനാവുള്ളു. പക്ഷെ പ്രക്ഷേപണം കഴിഞ്ഞാൽ വാർത്തകൾ മുഴുവൻ വായിക്കാൻ അയാൾ ജനങ്ങളെ "ക്ഷണിക്കും". ഇഷ്ടമുള്ളവക്കു അയാളുടെ അടുത്തുചെന്നു് മുഴുവനും കേൾക്കാം.

നാട്ടിൻപുറത്തുള്ള 'കുരുടൻപാട്ടുകാരെ' പുതിയ വഴിക്കു തിരിച്ചുവിട്ടതും വിദ്യാതൽപരന്മാർതന്നെയാണ്. നാട്ടിൻപുറത്ത് പാട്ടുകാരായ കുരുടന്മാരുണ്ട്. അവരുടെ ചില ഗാനസാമഗ്രികളുമുണ്ട്. എന്തെങ്കിലും പഴംകഥകൾ പാടി കാലയാപനം ചെയ്യുന്നവരാണവർ. ചിലർ രണ്ടുമൂന്നുപകരണങ്ങൾ ഒരേസമയം ഉപയോഗിക്കാൻ വശമുള്ളവരാണ്: ഒററക്കമ്പിവീണ, താളംപിടിക്കാനുള്ള രണ്ടു മുളപ്പൊളി, അവ കാൽമുട്ടിൽ കെട്ടിട്ടാണ് മുട്ടുക, ഇവക്കുംപുറമെ വടികൊണ്ടടിക്കുന്ന ഒരു മണിയും കൈപിടിക്കാനുണ്ടാവും. ഗ്രാമംതോറും അങ്ങിനെ നടക്കും. വിരുന്നുള്ള വീട്ടിൽ അതിഥികൾക്കു നേരംപോക്കിന് ഇവരെ വിളിക്കാറുണ്ട്. യെനാൻ അതൃത്തിമേഖലയിൽ ഇരുനൂറോളംപേരുണ്ടായിരുന്നു ഈ കാലക്ഷേപക്കാർ. പഴയ മാടമ്പികളുടേയും പിശാചുക്കളുടേയും കഥകളാണവർ പാടാറ്. അവരെയെല്ലാം യെനാനിലേക്കു ക്ഷണിച്ചു കുറച്ചു കാര്യങ്ങൾ പഠിപ്പിച്ചു. അതിൽപ്പിന്നെ പുതിയ കഥകൾ പറയാൻതുടങ്ങി. നല്ല ഗായകന്മാർക്ക് എല്ലായിടത്തും സ്വാഗതമുണ്ട്. ഇവരിൽ ഏററവും പേരുകേട്ടവരിൽ ഒരാളാണ് ഹാൻ ചിഷ്യാങ്ങ്. അദ്ദേഹം കഥകൾ സ്വന്തമായുണ്ടാക്കും, പക്ഷെ സംഗതികൾ വാസ്തവമായിരിക്കയും ചെയ്യും.

"ല്യൂ ഷൌ എഴ്ൻെറ ഹർജി" എന്ന കഥയാണ് അദ്ദേഹത്തിൻെറ പലതിൽവെച്ച് മുന്തിയതു. വിവാഹത്തിന്ന് നടത്തിയ ക്രയവിക്രയമാണ് വിഷയം. ല്യൂ ഒരു കൃഷിക്കാരൻെറ ഏക മകളാണ്. അവളെ പെററുവീണപ്പോൾതന്നെ മറെറാരു സാധു കൃഷിക്കാരൻെറ മകന് വാക്കുപറഞ്ഞു. അവൾ യൌവ്വനത്തോടടുത്തപ്പോൾ ലാവണ്യത്തിൻെറ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു. അപ്പോൾ അവളുടെ അഛൻ കാണുന്നു കുറച്ചു കാശ് കിട്ടാൻ പശിമയുണ്ടെന്നു. അങ്ങിനെ അയാൾ അവളെ വാക്കുപറഞ്ഞവൻ കൂനാച്ചിയാണെന്നു ല്യൂവിനെ ധരിപ്പിച്ച് വിവാഹ

മോചനത്തിന്നു സമ്മതിപ്പിച്ചു. എന്നിട്ട് വരൻെറ അഛനോടു പറഞ്ഞു: "പെണ്ണ് ഒരു തിൻപണ്ടിയാണ്, ഉടുപുടവ ബോധി ക്കലില്ല, കുഴമടിച്ചിയുമാണ്". പഴയ കരാറ് റദ്ദാക്കാൻ അയാ ളേയും സമ്മതിപ്പിച്ചു. അങ്ങിനെ അവളെ വിൽക്കാനുള്ള ആദ്യ പണി ഒപ്പിച്ചു.

രണ്ടാമതു വാങ്ങാൻ നിശ്ചയിച്ചവൻ അവീൻ വലിക്കുന്ന ഒരു ജന്മിയാണ്, "നാല്പതുംകഴിഞ്ഞ തന്ത". ല്യൂവിനെ അവ ളുടെ അഛൻ ധരിപ്പിച്ചു "നല്ല ബലവാൻ, ഇരുപത്തഞ്ചേ ആ യിട്ടുള്ളു". വിവാഹനിശ്ചയം ചെയ്തു, പൈസയും വാങ്ങി. ല്യൂ ഒരിക്കൽ പാടത്തുകൂടെ വരികയാണ്. "മെലിഞ്ഞ് വൃത്തികെട്ട തന്തക്കഴു"വായ ഒരുവൻ അവളുടെ അടുത്ത് ദുസ്സാമർത്ഥ്യംകാ ട്ടാൻ ഒരുമ്പെട്ടുകൊണ്ട് പറയുന്നു: "നീ എടത്തടിക്കണ്ട. നി ൻെറ ഭർത്താവാണ് ഞാൻ". ല്യൂ വീട്ടിൽചെന്ന് വാവിട്ട് നില വിളി. ഏതാനും നാഠംക്കശേഷം പാടത്ത് 'വേലസംഘ'ത്തിന്നു വെള്ളം കോരിക്കൊണ്ടുകൊടുക്കയാണവഠം. സംഘത്തലവനിൽ അവളുടെ നോട്ടം വീണു. അപ്പോഠം അവളോട് കൂട്ടുകാരി പറ യുകയാണ്: "നീ ഉപേക്ഷിച്ചതു അയാളെയാ".

ഇരുവരുംകൂടി ഒളിച്ചുകടന്നു. ക്രുദ്ധനായ പിതാവും ജന്മി യും പ്രവിശ്യാകോടതിയിൽ വ്യവഹാരംബോധിപ്പിച്ചു. മജിസ്ട്രേ ട്ട് വിധിച്ചു: "എടവാട് എടപാടുതന്നെയാണ്. ജന്മിക്കു ചേര ണം പെൺകിടാവ്." ല്യൂ വളരെ ചൊടിയുള്ള പുത്തൻകൂറവ കാരിയാണ്. അവഠം സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തു. അവിടെ മാന്യംവു ജഡ്ജി—ഈ കേസ്സ് യഥാർത്ഥത്തിൽ അദ്ദേ ഹം വിധിച്ചതുതന്നെയാണ്—കീഴ്ക്കോട്ട് വിധി തള്ളി ആ യുവ ദമ്പതികളെ വിവാഹംചെയ്യാൻ അനുവദിച്ചു.

ഇത്തരം കാലക്ഷേപകഥകളിൽ യഥാർത്ഥസംഭവും കപോ ലകല്പിതവും തമ്മിലുള്ള വിഭജനരേഖ കണ്ടുപിടിക്കാൻ വിഷ

മമാണ്. കഥയുടെ പാരമ്യത്തിലെത്തുമ്പോഴം "വിവാഹക്രയവിക്രയ'ത്തിനെതിരായി ഹാൻ ഏദാവജ്ജകമായി വാദിക്കുകയായി. ഗ്രാമീണസ്ത്രീകൾ കണ്ണിൽ വെള്ളം നിറക്കും. അവക്കു ഇത്ര രസംപിടിച്ച കഥയില്ല. കഥകേട്ടു പിരിഞ്ഞാൽ ജനങ്ങൾ വിവാഹ കാര്യത്തെപ്പററികൊണ്ടു പിടിച്ച വാദപ്രതിവാദത്തിൽ മുഴുകാറുണ്ട്—വിവാഹക്രയമോ വിവാഹസ്വാതന്ത്ര്യമോ നല്ലതു? ഇതുതന്നെയാണുതാനും കാലക്ഷേപകന്റെ ഉന്നവും.

നൃത്തവും പാട്ടും ആട്ടവും കൂടിച്ചേൎന്നതിന്നാണ് യാങ്ങ്കെ എന്നുപറയുന്നതു്. കൃഷിക്കാർ വയലിൽ വേലയെടുക്കുമ്പോഴാണ് ഇതു നടത്തുക. വളരെ പഴക്കമുള്ള നാടൻപാട്ടുകളും ആട്ടവുമാണ് യുദ്ധകാലത്ത് ജാപ്പ്വിരോധപ്രചാരവേലക്കു യാങ്ങ്കെ പരിഷ്കരിക്കപ്പെട്ടു. പഴയ വിദൂഷകന്റെ സ്ഥാനം ഒരു ജപ്പാൻകാരനോ ബൊമ്മയോ എടുക്കും. 1942ൽ എഴുത്തുകാരുടെ സമ്മേളനത്തിൽവെച്ച് നാട്ടുകാരുടെ പ്രകടനമാൎഗ്ഗങ്ങൾ പഠിക്കൻ മൌ ത്സെ തുങ്ങ് ഉപദേശിച്ചതിനെതുടൎന്നു നാടകമെന്നനിലക്കു സാഹിത്യപരമായ സാദ്ധ്യതകളുള്ളതാണ് യാങ്ങ്കെ എന്നുകാണാൻതുടങ്ങി. 1946 ലേക്കു യെനാൻ അതൃത്തിമേഖലയിൽമാത്രം അരന്നൂറോളം യാങ്ങ്കെ സംഘങ്ങൾ—സ്ഥിരക്കാരുടെയും അസ്ഥിരക്കാരുടേയുമായി—ഉണ്ടായിതീൎന്നു. എവിടേയും പന്ത്രണ്ടാളിൽ ഒരാൾക്ക് യാങ്ങ്കെയിൽ എന്തെങ്കിലും ഒരു വേഷമെടുക്കാമെന്നായി.

വിമുക്തപ്രദേശങ്ങളിൽ മുഴുവൻ യാങ്ങ്കെ പ്രചുരപ്രചാരത്തിലെത്തി. എങ്ങിനെയും പാകപ്പെടുത്താവുന്നതാണതിന്റെ രൂപം. സംഗീതം അതിന്റെ ഒരു ഭാഗമാണ്. തിരുവാതിരക്കളിയുടെ താളംപോലെയിരിക്കും. പാടലും ആടലും ഇടക്കു

അഭിനയവും ഉണ്ടാകും. വെളിയിലും ഹാളിന്നകത്തും നടത്താം ഏതു പരിപാടിയോടും യോജിച്ചുനടത്താവുന്നതുമാണ്.

ആദ്യകാലത്ത് യാങ്ക്‌കെ കഥകൾ ചെറുതായിരുന്നു. ഇപ്പോൾ വളരെ നീണ്ടകഥകളുണ്ട്. ഉദാഹരണത്തിന്നു "നരച്ച പെണ്ണ്" എന്നകഥ നാലുമണിക്കൂറു കളിക്കാനുണ്ട്. വളരെ കൊല്ലങ്ങളിലെ സംഭവമാണ് കഥാവിഷയം. ഇത്തരം കഥകൾ നാടകശാലകളിലെ കളിക്കാറുള്ളു. ജനങ്ങൾക്കേററവും പ്രിയതരമാണവ. സാധാരണയായുള്ളതു ഏകാങ്കങ്ങളാണ്. അവ വൈകുന്നേരങ്ങളിൽ നടക്കും.

യെനാനിലെ ഒരു നാടകശാലയിൽ ഞാൻ ചെറുതരത്തിൽപ്പെട്ട മൂന്നു നാടകങ്ങൾ കണ്ടു. ഒന്നു നൂലെടുപ്പിനെപ്പററിയുള്ള പ്രചരണകഥയാണ്. പിന്നൊന്നു ഒരു ചാരൻെറ കഥ. ജാപ്പ് യുദ്ധത്തെ സംബന്ധിച്ച് ഒരു കഥകണ്ടു. അതു ശ്വാസം നിലപ്പിച്ചുകളയും. സാമഗ്രികൾ അപരിഷ്കൃതമാണ്. പക്ഷെ അഭിനയം അഭിനന്ദനീയമായിരുന്നു. വികാരോദ്വേഗം ഉദ്ദേശിച്ചുള്ള പിൻപാട്ട് വളരെ ശക്തിമത്തും.

നിരവധി യാങ്ക്‌കെ കഥകൾക്ക ഭൂപരിഷ്ക്കരണം വിഷയമാക്കിട്ടുണ്ട്. അവ സംപൂർണ്ണകഥകളാണ്. യെനാൻ നാടകശാലയിൽ കണ്ട നാടകം മൂന്നുമണിക്കൂറാണ് നീണ്ടുനിന്നതു. ജന്മികൾ നടത്തുന്ന എല്ലാ ദുഷ്ടതകളും ഒരേ ഒരുത്തനിൽ സ്ഥാപിക്കുകയാണ് കഥാകാരൻ ചെയ്തിരുന്നതു. 'ജന്മി ഒരു കൃഷിക്കാരൻെറ ഭൂമി തട്ടിയെടുക്കുന്നു, അയാളെ ജയിലിലിടുന്നു, അവിടെയിട്ട് കൊല്ലാൻ കല്പനനൽകുന്നു, എന്നിട്ട് അയാളുടെ വിധവയെ വെപ്പാട്ടിയാക്കുന്നു. ജന്മിയുടെ പട്ടമഹിഷി അവളെ കണക്കില്ലാതെ ദ്രോഹിക്കുന്നു. തൽഫലമായി "മരിച്ച" ഭർത്താവിൻെറ ഏകസ്മരണയായി അവൾ സ്വപ്നംകണ്ടുകൊണ്ടിരുന്ന് ഗർഭം കലങ്ങിപ്പോകുന്നു. പക്ഷെ കഥ ശുഭമായി അവസാനിക്കുന്ന ഒന്നാണ്.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

എട്ടാംപടഗ്രാമം പിടിക്കുകയും ജന്മിയുമായി ജനങ്ങൾ കണക്കു തീർക്കുകയും ചെയ്യുമ്പോൾ ജയിലിൽനിന്നു രക്ഷപ്പെട്ട കൃഷിക്കാരൻ എട്ടാംപടയിലെ അംഗമായി തിരിച്ചെത്തുന്നുണ്ട്. . . .നാടകം മൊരടനാണെങ്കിലും സംഭവങ്ങൾ ഇണക്കീട്ടുള്ളതിന്റെ ചാതുര്യംകൊണ്ടും അഭിനയത്തിന്റെ മെച്ചംകൊണ്ടും സദസ്സിന്റെ മനോഭാവത്തോട് അത്ര ഇണങ്ങിയിരുന്നതുകൊണ്ടും ജന്മിയെ വിസ്തരിക്കാനും മരണശിക്ഷ പക്ഷെ വിധിച്ചേക്കാനും പിടിച്ചുകൊണ്ടുപോകുന്നതു കണ്ടപ്പോൾ സദസ്സാകെ ഒരേ ഒരാളെന്നപോലെ എഴുന്നേററുനിന്നു കയ്യടിച്ചു.

യാങ്ങ്കെ നാടകങ്ങളും, കഥാകാലക്ഷേപങ്ങളും, വില്ലേജ് പത്രങ്ങളും, മഞ്ഞുകാലക്ലാസ്സുകളും, "രൂപപാഠ" പ്രസ്ഥാനങ്ങളുമെല്ലാം പുതിയ ചിന്താഗതി പ്രവർത്തിക്കുന്ന ഉപാധികൾ മാത്രമാണ്. ഉണർന്നെഴുന്നേൽക്കുന്ന ജനതയുടെ തിളക്കുന്ന ജീവിതമാണ് ഇവയിൽ പ്രതിഫലിക്കുന്നതു. സംഗീതസഭകൾ, യാങ്ങ്കെസംഘങ്ങൾ, പത്രപാരായണത്തിന്നും ജ്ഞാനവർദ്ധനത്തിന്നുമുള്ള സംഘങ്ങൾ എന്നിവയെല്ലാം വഴിയായി അറിവും സ്വയം പ്രകാശവും തേടിക്കൊണ്ടു സ്കൂൾ_കോളേജ് പ്രായത്തിലുള്ള മുപ്പതുലക്ഷം ചെറുപ്പക്കാർ സംഘടിതരായിട്ടുണ്ട്. വേറൊരു മുപ്പതുലക്ഷം പതിനഞ്ചുവയസ്സിന്നു താഴെയുള്ളവർ ജൂനിയർയുവസംഘടനകളിലും, "പയനിയർ"മാരായിട്ടുമുണ്ട്.

ഇവരും, മഞ്ഞുകാലക്ലാസ്സുകളിലും ഫാക്ടറി ഗ്രൂപ്പുകളിലും ഉള്ള മുതിർന്നവരുമായ ജനങ്ങൾ വിദ്യാഭ്യാസം അങ്ങോട്ടുകടന്നു പിടിക്കുകയാണ്—ശാന്തമായി ഇങ്ങോട്ടു സ്വീകരിക്കുകയല്ല, കടന്നുപിടിക്കുകതന്നെയാണ്. പഴയ ജീവിതത്തിൽനിന്നു വ്യത്യസ്തമാകണം പുതിയ ജീവിതം എന്നതാണവരുടെ ലക്ഷ്യം.

Printed at Vijaya Printing & Publishing House, Irinjalakuda.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M910 *Acc. No.* 4226

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 17 JUL 1967 | 15 NOV 1996 | |
| 1 NOV [illegible] | | |
| 14 FEB 1970 | | |
| 24 SEP 1974 | | |
| 7 APR 1977 | | |
| 28 APR 1980 | | |
| 2 JUN 1980 | | |
| [illegible]6 AUG [illegible] | | |
| 5 JUN 1991 | | |
| 29 NOV 1992 | | |
| 27 AUG 1994 | | |
| 2 OCT 1996 | | |

ന 910 42൨൭

ക്രൂശു ട ന്രൂാങ്ങ് ത്തിണ്ണ,

ഞൈഷണ ഷിൽ ബിൽ്.

# ചൈനയിൽനിന്ന്

## രണ്ടാംഭാഗം.

ചൈനയിൽ ആത്തലച്ചു കയറുന്ന ജനാധിപത്യപ്രസ്ഥാനത്തിൻെറയും ജനകീയമുന്നേററത്തിൻെറയും നേതൃത്വംവഹിക്കുന്ന വിമോചനസേനയേയും അതിൻെറ ജീവനായ കമ്യൂണിസ്റ്റുപാൎട്ടിയേയും പററി വ്യക്തമായി പ്രതിപാദിക്കുന്നു.

വില 1ക 4ണ.

Vijaya Printing & Publishing House,
IRINJALAKUDA.

# ചൈനയിൽ
# നി
# ന്ന്

ഒന്നാംഭാഗം

Indic Digital Archive Foundation
gpura.org